# വിസ്മൃതി

(ഒരു ഗദ്യനാടകം)

വിവിധരസദ്യോതകമായ ഒരു കഥ.



ഈ. വീ.

1077
MANNARGHAT ... LIBRARY

# വിസ്മൃതി

തിരുവിതാംകൂർ മഹാരാജാവുതിരുമനസ്സിലെ
പ്രത്യേകാഭിനന്ദനത്തിനു പാത്രമായ
ഒരു നാടകം.

1077

ഈ. വി. കൃഷ്ണപിള്ള ബി. ഏ., ബി. എൽ.

സീതാലക്ഷ്മി, രാജാകേശവദാസൻ, ശ്രീരാമരാജാഭിഷേകം, കള്ളപ്രമാണം
മുതലായ ഗദ്യനാടകങ്ങളുടേയും, ഉദ്ദണ്ഡൻ എം. എൽ. സി; പ്രണയക്ക
മ്മീഷൻ മുതലായ പ്രഹസനങ്ങളുടേയും, ബാഷ്പവർഷം, കേളീസൗധം,
കാൺഗ്രസ് ചിത്രങ്ങൾ, ബാലകൃഷ്ണൻ മുതലായ കഥാഗ്രന്ഥങ്ങളു
ടേയും, വിജയം ഗുരുസമക്ഷം, വീരമഹത്വം, ശുഭചര്യ, ബാല
ലീല, കാവ്യരത്നാവലി, സാഹിത്യനായകന്മാർ, ഭാസ്കരൻ
മുതലായ പാഠപുസ്തകങ്ങളുടേയും, കവിതക്കേസ്സ്,
എം. എൽ. സി. കഥകൾ, ഈ. വി. കഥകൾ
മുതലായ ഫലിതഗ്രന്ഥങ്ങളുടേയും കർത്താവ്.

പ്രകാശകന്മാർ,
ശ്രീരാമവിലാസം പ്രസ്സ് & ബുക്കുഡിപ്പോ,
കൊല്ലം.

1129.

SHEE NAMASIVAYA VILASOM BOOK DEPOT THURAVOOR SHERTALLAY Kerala State
1.75

മൂന്നാം പതിപ്പ്   കോപ്പി 1000.

ശ്രീരാമവിലാസം പ്രസ്സ്,
കൊല്ലം.

BRANCH LIBRARY
1077
MANNARGHAT
No

# മുഖവുര

പതിവുപോലെ ഈ ആണ്ടിൽ തിരുവനന്തപുരം ശ്രീചിത്തിരതിരുനാൾഗ്രന്ഥശാലാംഗങ്ങൾക്കു് തിരുനാളിനു് അഭിനയിക്കുവാനായി എഴുതിയിട്ടുള്ള നാടകമാണു് ഇതു്. സാധാരണ പ്രഹസനങ്ങളെക്കാൾ വ്യാപ്തികൂടിയ ഘടനയും രസസ്പൂർത്തിയും ഇതിൽ വരുത്തുവാൻ ശ്രമിച്ചിട്ടുണ്ടു്.

മുൻകാലങ്ങളിൽ എഴുതിയ ചരിത്രനാടകങ്ങളെത്തുടന്നു് "വേലുത്തമ്പി"യോ "ഇരവിക്കുട്ടിപ്പിള്ള"യോ ഈ വഷത്തിലെ ഉപയോഗത്തിനു തയ്യാറാക്കണമെന്നുണ്ടായിരുന്ന ഉദ്ദേശം തൽക്കാലം മാററിവച്ചതിനുള്ള ചുമതല എൻേറതല്ല. ആ കഥകൾ യഥാകാലം എഴുതിക്കൊള്ളാമെന്നു്, ഏതായാലും, ഉറപ്പുപറയാം.

ദാരിദ്ര്യത്തിൽനിന്നു്, പല വഴികളിലും കൂടേ, കുബേരത്വത്തിലേക്കുയന്ന പൂക്കാപ്പിൽ കേശവപ്പണിക്കർ തൻെറ ഏകബന്ധുവായി ശേഷിച്ച അനന്തരവൻ സുകുമാരനെ കൂടെ താമസിപ്പിച്ചു രക്ഷിച്ചുവരുമ്പോൾ, ആ ബാലനും അയൽവാസിയായ ഒരു ആശാൻെറ മകൾ സുമതിയും ആയി പരിചയമാകുന്നു. ബാല്യംതന്നെ പൂത്തിയായിട്ടില്ലാത്ത കാലത്തിൽ ആ കുട്ടികൾ പ്രണയബദ്ധരാകുന്നു.

ഇതുനിമിത്തം കാരണവരുടെ ഒരു വിവാഹാലോചന തിരസ്കരിക്കുന്നതിനു നിർബ്ബന്ധിതനാകുന്ന ബാലനെ അദ്ദേഹം ശിക്ഷിക്കുന്നു. സുമതിയെ വിവാഹം ചെയ്യുന്നതിനു പ്രാപ്തിയുണ്ടാകത്തക്ക വിധത്തിൽ ധനം സമ്പാദിക്കുവാനായി ബാലൻ നാടുവിട്ടുപോയി സിലോണിൽ എത്തി കഷ്ടപ്പെടുന്നു. പശ്ചാത്താപാർത്തനായ വൃദ്ധൻ കേശവപ്പണിക്കർ പല അന്വേഷണങ്ങളും നടത്തുന്നു. എട്ടുപത്തു വർഷം കഴിഞ്ഞു് അദ്ദേഹം സുമതിയെ കാണുവാൻ ഇടയാകുന്നു. അവളും സുകുമാരനും തമ്മിൽ ഉള്ള ബന്ധം അറിയാതെ, ഭാഗിനേയൻെറ തിരോധാനത്തിൽ തനിക്കുള്ള തീവ്രഖേദത്തെക്കുറിച്ചു സംസാരിക്കുന്നു. ഇങ്ങിനെ തുടങ്ങുന്ന കഥയിൽ, സുകുമാരനെപ്പോലെ സകല ആകൃതിസാമ്യങ്ങളും ഉള്ള വാസവൻ എന്ന ദുഷ്ടൻ സിലോണിൽ വച്ചു് ആ യുവാവിനെ കാണുന്നതും, അയാളോടു ചെയ്യുന്ന ഘോര പ്രവൃത്തികളും, വാസവൻ സുകുമാരൻെറ വേഷത്തിൽ തിരിച്ചുവരുന്നതും, പിന്നീടുള്ള കുഴപ്പങ്ങളും എല്ലാം പ്രധാനസംഭവങ്ങളാണു്.

ഞാൻ എഴുതിയിട്ടുള്ള മററു നാടകങ്ങളെ അപേക്ഷിച്ചു്, ഈ കഥ അഭിനയിക്കുന്നതിൽ വന്നുചേരുന്ന ഒരു പ്രയാസം തുല്യമായ ആകൃതിയും ഭാവങ്ങളും ഉള്ള രണ്ടു നടന്മാരെക്കിട്ടുവാനുള്ള വൈഷമ്യമാണു്. വിദ്യാസമ്പന്നരും രംഗപരിചിതരും ആയ സ്നേഹിതന്മാൎക്കു് തിരുവനന്തപുരത്തു് അഭിനയിക്കുവാനായി ഞാൻ എഴുതിയിട്ടുള്ള നാടകങ്ങളും പ്രഹസനങ്ങളും നാട്ടിടകളിൽക്കയറി, ഉൗഹിക്കുവാൻ

പോലും നിവൃത്തിയില്ലാത്ത വൈലക്ഷണ്യത്തിനു വിധേയ ങ്ങളായിത്തീരുന്നതിൽ വലിയ വ്യസനം ഉണ്ടു്. ഓരോ ഗ്രന്ഥത്തിലും അതതുഭാഗത്തു കാണിച്ചിരിക്കുന്ന രംഗനിർദ്ദേ ശങ്ങൾക്കപ്പുറമായി പാട്ടും ആട്ടവും ഒന്നും ഈ നാടകങ്ങൾ അഭിനയിക്കുമ്പോൾ അംഗീകരിക്കരുതെന്നും, തമിഴ്നാടക മട്ടിൽ ഭാഗവതരന്മാരെ രംഗത്തിൽ എല്ലാവരും കാൺകെ പ്രതിഷ്ഠിച്ചു് അഭിനയസ്വാരസ്യം ബലികഴിക്കരുതെന്നും പ്രത്യേകം അപേക്ഷയുണ്ടു്.

ഈ നാടകം ഈ മാസം ൧൨-ാംനു- തിരുനാൾദിവ സം തിരുവനന്തപുരം ജൂബിലിഹാളിൽവച്ചു് ഭംഗിയായി അഭിനയിച്ച ശ്രീചിത്തിരതിരുനാൾ ഗ്രന്ഥശാലാംഗങ്ങ ളോടു ഞാൻ കൃതജ്ഞനായിരിക്കുന്നു.

പരമാദരണീയമായ ഒരു നിർദ്ദേശത്തിന്മേൽ ആണു് ഈ മാതിരി ഒരു രീതിയ്ക്കു തുടങ്ങിയതു്. നടനവിഷയ ത്തിൽ അതിതീക്ഷ്ണമായ നിരീക്ഷണശക്തിയാൽ അനുഗൃ ഹീതനായ മഹാരാജാവു തിരുമനസ്സുകൊണ്ടു് വലിയ കൊട്ടാരത്തിൽവച്ചു് ഈ കഥ അഭിനയിച്ചു തൃക്കൺപാർക്ക കയും അവിസ്മരണീയമായ വിധത്തിൽ പ്രോത്സാഹനാനു ഗ്രഹങ്ങൾ നൽകുകയും ചെയ്തിട്ടുണ്ടു്. അവിടത്തെ കൃപാ ധോരണി അനുനിമിഷം അനുസ്മരിച്ചുകൊള്ളുന്നു.

കൊല്ലം 108 തുലാം } ഈ. വീ. കൃഷ്ണപിള്ള.

# വിസ്മൃതി

(ഒരു ഗദ്യനാടകം)

## ഒന്നാം രംഗം

(പൂക്കാപ്പിൽവീട്ടിലെ ഒരു തളത്തിൽ ഒരു പായിൽ ഒരു രാമായണപുസ്തകവുമായി സുമതി ഇരിക്കുന്നു.)

സുമതി—(എഴുന്നേററു്) ദേവീ! ജഗദംബികേ! എൻെറ എട്ടുവൎഷമായുള്ള പ്രാൎത്ഥന അവിടുത്തെ കൎണ്ണങ്ങളിൽ പ്രവേശിക്കുന്നില്ലേ! ഞങ്ങൾ രണ്ടുപേരും കേവലം കുഞ്ഞുങ്ങളായിരുന്ന കാലത്തു്—അദ്ദേഹത്തിനു പതിനാറും എനിക്കു് പത്തും വയസ്സായിരുന്ന പ്രായത്തിൽ—പരസ്പരം പ്രണയം പകൎന്ന മഹാപരാധത്തിനു്, പ്രകൃതിനിയമത്തെ അത്ര ധാൎഷ്ട്യത്തോടെ അവഗണിച്ചതിനു്, അവിടുന്നു ഞങ്ങളേ വേണ്ടതുപോലെ ശിക്ഷിച്ചുകഴിഞ്ഞില്ലേ? അന്നു് എന്നെ ഒരു ഊഞ്ഞാലിൽ ഇരുത്തി ഞങ്ങൾ രണ്ടുപേരുംകൂടി ആയത്തിൽ ആടിയപ്പോൾ ചില്ലിക്കമ്പിൽ ഊഞ്ഞാൽ മുട്ടിച്ചു് അദ്ദേഹത്തിൻെറ ഭാൎയ്യയാണു ഞാൻ എന്നു സമ്മതം വാങ്ങിയതാണു്. കേവലം കുട്ടികൾ. യൗവനത്തിൻെറ അവകാശം,

സൎപ്പത്തെ കളിപ്പാട്ടമാക്കി എടുക്കുന്ന ശിശുവിനെ പ്പോലെ, ഞങ്ങൾ കവൎന്നെടുത്തു അദ്ദേഹത്തിൻെറ അമ്മാവനോടു പിണങ്ങി അന്നു സന്ധ്യയ്ക്കു് എൻെറ വീട്ടിൽവന്നു് "സുമതീ! എൻെറ ഭാൎയ്യേ! എൻെറ സ്വന്തം ഭാൎയ്യേ! ഞാൻ പോകുന്നു. നിനക്കുവേണ്ടി പണം ഉണ്ടാക്കാൻ പോകുന്നു" എന്നു പറഞ്ഞിട്ടു പോയ എൻെറ പ്രാണനാഥൻ ഇപ്പോൾ എവിടേയോ? ദേവീ! ഞാൻ ഇനി എത്രനാൾ കാത്തിരിക്കണം! മടങ്ങിവരുമ്പോൾ അവിടുത്തേ സുമതി പരലോകം ചേൎന്നെന്നറിഞ്ഞാൽ അവിടുന്നു് എത്ര സങ്കടപ്പെടും!

(കേശവപ്പണിക്കർ വടിയും ഊന്നി പ്രവേശിക്കുന്നു)

കേശവപ്പണിക്കർ—സുമതിക്കുട്ടി കുറേനേരമായി വന്നിട്ടു്. ഇല്ലേ? എനിക്കിന്നു് ഒന്നിനും ഉത്സാഹമില്ല. ഇന്നലെ നാം ആരണ്യകാണ്ഡം അവസാനിപ്പിച്ചു. ഇല്ലേ? കുഞ്ഞേ! നീ ഇത്ര വിവരമുള്ള കുട്ടിയാണെന്നു് അറിഞ്ഞിരുന്നെങ്കിൽ ഈ കഷ്ടതകൾക്കു് ഇതിനു വളരെ മുമ്പുതന്നെ ഞാൻ പരിഹാരം വരുത്തുമായിരുന്നു. എൻെറ സ്നേഹിതൻ ആശാനു് ഇങ്ങനെ ഒരു മകൾ ഉള്ളതായി ഈയിടെ മാത്രമല്ലേ എനിക്കു മനസ്സിലായുള്ളു. ഈ മൂന്നുനാലു മാസമായി നല്ല നല്ല ഗ്രന്ഥങ്ങൾ വല്ലതും നീ വായിച്ചുകേൾപ്പിക്കുന്നതിനു തുടങ്ങിയതിൽപിന്നെ മാത്രമേ എൻെറ വലിയ കഷ്ടതയ്ക്കു് അല്പം ഏതാണ്ടൊരു ആശ്വാസം കാണുന്നുള്ളു. എന്തായാലും ഇന്നു വായനവേണ്ടാ. എനിക്കു തീരെ ഉത്സാഹമില്ല. ക്രമത്തിലധികം മനസ്സിനു ഭാരം ഉണ്ടു്.

സുമ—അതെന്തു്? എന്തെങ്കിലും ആകട്ടെ, എന്നാൽ ഞാൻ ഇപ്പോൾപോയി നാളെ വരാം.

കേശ—അതേ കുഞ്ഞേ! ഞാൻ അനുഭവിക്കുന്ന കഷ്ടതകളെ കുറിച്ച് കുട്ടിയായ നിനക്ക് ഒന്നും അറിയുവാൻ വഹിയാ. നാരായണ! നാരായണ! എന്നേപ്പോലുള്ള ഒരു നിർഭാഗ്യവാൻ ഈ ലോകത്തിൽ കാണുകയില്ല.

സുമ—അവിടുത്തെപ്പോലുള്ള ഒരു കുബേരനേപ്പററി ഞാൻ കേട്ടിട്ടുപോലും ഇല്ല.

കേശ—അതേ, അതേ. അതുതന്നെയാണ് എനിക്ക് ഈ മഹാദുരിതങ്ങൾ വലിച്ചുവച്ചതു്. എന്റെ അഹങ്കാരത്തിന്റെ കൂടുതൽ എന്റെ കുഞ്ഞിനെ തെരുവാധാരമാക്കി. അവന്റെ ജന്മനാൾ ആണ് ഇന്ന്. ആ ഓർമ്മകൊണ്ടാണ് എനിക്കിന്നു യാതൊരുത്സാഹവും ഇല്ലെന്നു പറഞ്ഞതു്. ക്ഷേത്രത്തിലെ വഴിപാടുകൾ യാതൊരു ദുർല്ലക്ഷണവും ഇല്ലാതെ കഴിഞ്ഞെന്നു പോററി പറയുന്നു. അതുകൊണ്ടു് അവനു് ആപത്തു സംഭവിച്ചിരിക്കുകയില്ല; നിശ്ചയം. പക്ഷേ ഹതഭാഗ്യനായ ഞാൻ ദുഃഖത്തിനവസാനം കാണാതെ വെന്തു നീറുന്നു.

സുമ—ആരെപ്പററിയാണിപ്പറയുന്നതു്?

കേശ—പുസ്തകം താഴെവയ്ക്കൂ. ഞാൻ ഈ കസ്സേരയിൽ ഒന്നിരിക്കട്ടേ. എന്റെ ഏകമിത്രമായി ശേഷിച്ച നിന്നോടു കുറേ പഴയ കഥകൾ പറയാം.

(ഇരിക്കുന്നു)

ഞാനും എന്റെ ഒരു ഇളയപെണ്ണും, ഇങ്ങിനെ രണ്ടു സഹോദരങ്ങളായിരുന്നു. ഞങ്ങളുടെ ദാരിദ്ര്യം പരമദുസ്സഹമായിരുന്നു. പെണ്ണിനെ ഞങ്ങളെപ്പോലെയുള്ള ഒരു ദരിദ്രൻ വിവാഹം ചെയ്തു. ഞാൻ കാലക്ഷേപമാർഗ്ഗം തേടി, പല ദിക്കുകളിലേക്കും ഓടി. ആ വഴി സേലത്തിൽ എത്തി. അവിടെവച്ച് കുറേ പണം സമ്പാദിച്ചു. ഒരു

നീചക്കൂട്ടിൽ അകപ്പെട്ടു. ആ വീട്ടുകാരും മലയാളികളായിരുന്നു. വിവാഹം എനിക്കുണ്ടായില്ലെങ്കിലും ഒരു സ്ത്രീ എന്നെ വളരെ കഷ്ടപ്പെടുത്തി. അവൾ എന്റെ പണത്തിനുവേണ്ടി എന്നെ കാലനുകൊടുക്കുവാൻ ഭാവിച്ചു. എന്തിനിതൊക്കെപ്പറയുന്നു! തിരികെ എട്ടുപത്തുലക്ഷവുമായാണു നാട്ടിലേക്കു വരുവാൻ ഭാഗ്യമുണ്ടായതു്. അപ്പോഴേക്കു് എന്റെ സഹോദരിയും അവളുടെ ഭർത്താവും മരിച്ചു. അവരുടെ ഒരു കുട്ടി വല്ലവരുടേയും രക്ഷയിൽ വളരുന്നു. അതിനെക്കണ്ടപ്പോൾ ഞാൻ ധന്യനായി. അതിനെ വളർത്തി ഈ സ്വത്തെല്ലാം അവനെ ഏല്പിച്ചു് അവന്റെ ശുശ്രൂഷയിൽ സുഖിച്ചു് മരിക്കാമെന്നായിരുന്നു എന്റെ ആശ. ഈശ്വരൻ അതിനിടവരുത്തിയില്ല. മഹാപാപിയായ ഞാൻ ഇതാ ആരോരുമില്ലാതെ അവസാനം നോക്കിക്കഴിയുന്നു.

സുമ—പിന്നെ ആ കുട്ടി എവിടെ?

കേശ—നീ അന്നു കുഞ്ഞാണു്. എട്ടോ പത്തോ വയസ്സു പ്രായം കാണും. എന്റെ കുഞ്ഞു്, എന്റെ അനന്തരവൻ കുട്ടപ്പനെ ഇവിടെ കണ്ടിട്ടുള്ളതായി ഓർമ്മയുണ്ടോ നിനക്കു്?

സുമ—(ആത്മഗതം) ഈശ്വരാ! ആ മോഹനവിഗ്രഹത്തെപ്പററിയല്ലാതെ പിന്നെ എനിക്കു് എന്തിനെപ്പററിയാണു് ഓർമ്മ!

കേശ—ഓർമ്മയില്ലായിരിക്കും. അവനെ ഞാൻ വെറും ഒരു ഭൃത്യനെപ്പോലെയാണു വളർത്തിവന്നതു്. എന്നാൽ എന്റെ പ്രാണശ്വാസം അവൻ ആയിരുന്നു. എന്റെ കാലശേഷം അവനു് ആളുകളുടെയിടയിൽ സ്വാധീനം ഉണ്ടായിരിക്കണമെന്നു വിചാരിച്ചു് അത്ര ചെറുപ്പത്തിൽത്തന്നെ ഒരു വിവാഹം തീർച്ചപ്പെടുത്തുവാൻ ഞാൻ നിശ്ചയിച്ചു.

സുമ—(ആത്മഗതം) ഇദ്ദേഹത്തിനെക്കൊണ്ട് ഇതൊക്കെ പ്പറയിക്കുന്നതു പാപമായിരിക്കും. എനിക്ക് അന്ന ത്തെ സംഭവങ്ങൾ എല്ലാം വളരെ വിസ്തരിച്ചറിയാം. എന്നാലും എൻെറ ഹൃദയവല്ലഭനെപ്പററി ആരു പറ യുന്നതും കേൾക്കുവാനുള്ള ആഗ്രഹം അത്രയ്ക്കുണ്ട്. (പ്രകാശം) അതേ; എന്നിട്ടോ?

കേശ—നീ വേറേ എന്തോ വിചാരിച്ചുകൊണ്ടിരിക്കുകയാ ണെന്നു തോന്നി. ഞാൻ എൻെറ സങ്കടംപറച്ചിൽ കൊണ്ടു നിന്നെ ഉപദ്രവിക്കുന്നില്ല കുഞ്ഞേ!

സുമ—അതല്ല. അന്ന് അദ്ദേഹത്തിന് അത്ര പ്രായം ഇല്ലാത്ത കാലത്തിൽ അങ്ങനെ ഒരു വിവാഹാലോ ചന ഉണ്ടായതെന്തെന്ന് ഞാൻ ആലോചിക്കുകയാ യിരുന്നു.

കേശ—കഷ്ടകാലം എന്നല്ലാതെ എന്താണു പറയുക! നമ്മുടെ പുത്തൻകടവിലെ കൊച്ചപ്പൻപിള്ളയില്ലേ? അയാൾ ഞങ്ങളുടെ ഒരു പഴയ ബന്ധുവാണ്. അയാളുടെ മകൾ ഭാർഗ്ഗവിയെ അറിയുമോ?

സുമ—അറിയും. ഭാർഗ്ഗവിക്കുട്ടിയേയായിരിക്കും വിവാഹം ചെയ്യണമെന്നു പറഞ്ഞതു്.

കേശ—അതേ. അവൾ നിൻെറ പ്രായമായിരിക്കണം. എന്നിട്ട് ഒരുദിവസം വൈകുന്നേരം കൊച്ചപ്പൻപി ള്ളയും ആ പെണ്ണുംകൂടി ഇവിടെ വന്നു. കുട്ടപ്പൻ പറമ്പിലെങ്ങാണ്ടു നില്ക്കുകയായിരുന്നു. ഞാൻ വിളി ച്ചുവരുത്തി അവരുടെ മുമ്പിൽവച്ച് "കുട്ടപ്പാ! നീ ഇവളെയാണു വിവാഹം കഴിക്കേണ്ടതു്. ഞങ്ങൾ അതു നിശ്ചയിച്ചിരിക്കുന്നു" എന്നു പറഞ്ഞു. എൻെറ കുഞ്ഞേ! അവൻ സിംഹത്തെപ്പോലെ എന്നെ ഒരു നോക്ക്. "ഞാൻ ഒരു പെണ്ണിനെ

സംബന്ധം ചെയ്യാമെന്നു പറഞ്ഞുപോയി. ഇതു സാധിക്കുകയില്ല" എന്നൊരു പറച്ചിലും! എനിക്കു സഹിക്കാത്ത കോപം വന്നു. ദുഷ്ടനായ ഞാൻ എൻെറ കുഞ്ഞിനെ മുഖമടക്കം ഒന്നടിച്ചു. അവൻ തിരിഞ്ഞങ്ങു പോവുകയും ചെയ്തു.

സുമ—(ആത്മഗതം) ശേഷമുള്ള സംഭവങ്ങൾ ഞാനാണു പറയേണ്ടതു്. ആ പോയപോക്കിലാണു് എന്നോടു യാത്രപറഞ്ഞതു്. ദേവീ! ആ വിളി—ധ്വനിയിലുള്ള ആ വിളി—അതുമാത്രം കർണ്ണങ്ങളിൽ നിമിഷംപ്രതി ആവർത്തിച്ചു കേട്ടുകൊണ്ടു ഞാൻ കഴിയുന്നു.

കേശ—(ഇടറിയ സ്വരത്തിൽ) ഞാൻ എത്ര രാക്ഷസൻ! എൻെറ കുഞ്ഞിനെ ഞാൻ ഇതിൽക്കൂടുതൽ എങ്ങിനെ ദ്രോഹിക്കണം! അവൻെറ അമ്മയുണ്ടായിരുന്നുവെങ്കിൽ ഞാൻ ഈ കടുംകൈ ചെയ്യുമോ! രാജ്യമായരാജ്യം ഒക്കെ അന്വേഷിച്ചു. ഒരിടത്തും കണ്ടില്ല. ഞാൻ ഇതാ ശ്മശാനത്തോടു് അടുത്തും കഴിഞ്ഞു.

സുമ—ആകട്ടേ. വല്ല പത്രങ്ങളിലും പരസ്യംചേയ്തോ?

കേശ—ഇല്ല. ആളുകളെ എല്ലാ സ്ഥലത്തും അയച്ചു. പക്ഷേ ഫലമുണ്ടായില്ല.

സുമ—എന്നാൽ ഒരു കാര്യം ചെയ്യണം. പ്രധാനപ്പെട്ട ഏഴെട്ടു പ്രതിദിനപ്പത്രങ്ങളിൽ പരസ്യം ചെയ്യണം. കുറേ ചിലവു കൂടുമെന്നേയുള്ളു.

കേശ—ചിലവോ? പിന്നെ ഇതൊക്കെ ആർക്കാണു്? പതിനായിരമോ ഇരുപതിനായിരമോ ചിലവാക്കാം. കുഞ്ഞേ! നീ പറഞ്ഞതു ശരിയാണു്. പരസ്യത്തിൽ എന്തു പറയണം?

സുമ—അവിടുന്നു് അദ്ദേഹത്തിൻെറ സകല അപരാധങ്ങളും ക്ഷമിച്ചിരിക്കുന്നെന്നും—

കേശ—അവനു ഇഷ്ടമുള്ള പെണ്ണിനെ വിവാഹം ചെയ്യാമെന്നുംകൂടി പറഞ്ഞേക്കാം.

സുമ—(സങ്കോചത്തോടെ) അതേ അതുകൂടി പറയേണമെന്നാണു തോന്നുന്നതു്.

കേശ—എന്നാൽ നമുക്കകത്തേയ്ക്കു പോകാം. സുമതിക്കുട്ടി തന്നെ കുറെ പരസ്യങ്ങൾ എഴുതണം. ഇന്നത്തെ തപാലിൽ പോകണം

സുമ—പോകാം. (പണിക്കരും സുമതിയും പോകവേ) ദേവീ! ഈ സുദിനം എന്റെ അഭിലാഷപൂർത്തിക്കതകേണമേ! (ധ്യാനിക്കുന്നു)

(കർട്ടൻ)

---

## രണ്ടാം രംഗം

---

(സിലോൺവനാന്തരങ്ങളിൽ ഒരു കുടിൽ. രാത്രി. ഒരു വിളക്കെരിയുന്നു. കുടിലിനകത്തുള്ള ഒരു കുഴിയുടെ വക്കിൽ ഒരു പെട്ടിയിരിക്കുന്നു. പെട്ടിക്കകത്തുനിന്നു ഒരു കടലാസുതുണ്ടെടുത്തിട്ടു സുകുമാരൻ മുന്നോട്ടുവരുന്നു)

സുകുമാരൻ—(കടലാസ്സിൽ നോക്കി) സുമതീ! എന്റെ ഓമനേ! നീ എന്റെ പേർ എഴുതി, അതിനുതാഴെ "എന്റെരത്നം" എന്നുകൂടിച്ചേർത്തു് എനിക്കുതന്ന ആ കടലാസ്സ് ഇതാ എന്നെ നോക്കി വിലപിക്കുന്നു. അതിന്റെ നിറം പകർന്നുകഴിഞ്ഞിരിക്കുന്നു. നിന്നെ സുഖമായിട്ടിരുത്തുവാൻവേണ്ടി പണം സമ്പാദിക്കു

വാൻവന്ന ഞാൻ ഇതാ എട്ടുവഷംകൊണ്ടു് നാന്തറു രൂപാ തികച്ചിട്ടില്ല. ഇനി എന്നാണു് ഇതു നാല്പതിനായിരമാകുന്നതു്. അങ്ങിനെയായാൽതന്നെ അതുകൊണ്ടു ഞാൻ നിന്നെ എങ്ങിനെ ശുശ്രൂഷിക്കും! എനിക്കെന്താണു് ആദായമാൎഗ്ഗം? ഒരു കേവലം കൃഷിക്കാരൻെറ കന്നുകാലിമേററു് ഇതിൽ നിന്നു ഞാൻ എന്തു സമ്പാദിക്കുവാൻ പോകുന്നു. ഞാൻ നിന്നെ വലച്ചു. നിൻെറ സുഖസമ്പൂൎണ്ണമായ ജീവിതത്തെ ഞാൻ പാഴാക്കി. ഓമനേ! നീ എന്നെ മറന്നുകളയൂ (ഏതോ ശബ്ദംകേട്ടു് ഒരുവശത്തേയ്ക്കു നോക്കി) ആരോ വരുന്നെന്നു തോന്നുന്നല്ലോ. ചെടികൾ ഒടിയുന്ന ശബ്ദം കേൾക്കുന്നു. അതേ ആരോ ഓടുന്നു.

(വാസവൻ ഓടിവരുന്നു)

വാസവൻ—അയ്യോ എന്നെ രക്ഷിക്കണേ. എൻെറ ഒരു മലയാളിസഹോദരൻ ഈ കാട്ടിൽ താമസിക്കുന്നെന്നറിഞ്ഞാണു് ഇങ്ങോട്ടു തിരിച്ചതു്. പുറകേ ശത്രുക്കളുമെത്തി. അവർ ഇപ്പോൾ വരും. എന്നെ അറസ്ററുചെയ്യും, എന്നേ ഒന്നു് ഒളിപ്പിക്കണം.

സുകു—ആരാണു് നിങ്ങൾ? ആരാണു് ശത്രുക്കൾ?

വാസ—അയ്യോ അവർ എത്തിക്കഴിഞ്ഞു.

(വാസവൻ കുടിലിനു പുറകുവശത്തേക്കും
സുകുമാരൻ വെളിയിലേക്കും പോകുന്നു.
വാസവൻ ഉളിഞ്ഞു്, ഇടയ്ക്കിടെ, നോക്കുന്നു)

(സുകുമാരൻ തിരിച്ചുവരുന്നു)

സുകു—പോലീസുകാർ പോയി, നിങ്ങൾ വെളിയിൽ വരണം.

വാസവൻ—(ഉളിഞ്ഞുനോക്കുന്നു)

സുകു—വെളിയിൽ വരണം ഹേ. അവർ പോയെന്നു ഞാൻ പറഞ്ഞില്ലേ?

(വാസവൻ വെളിയിലേക്കു വരുന്നു. ഏതോ ശബ്ദം കേട്ടു വീണ്ടും മറയുന്നു)

സുകു—ഞാൻ പറഞ്ഞില്ലേ അവർ പോയെന്നു്?

(വാസവൻ വെളിയിൽ വരുന്നു)

സുകു—നിങ്ങൾ ആരു്? എന്താണു് പോലീസുകാർ നിങ്ങളുടെ പുറകേ വന്നതു്?

വാസ—എനിക്കു് ധാരാളം ശത്രുക്കൾ ഉണ്ടു്. അവരുടെ കൃത്രിമം ആണു്. ഞാനും നിങ്ങളെപ്പോലെ ഇവിടെ കാലക്ഷേപം കഴിക്കുവാൻവന്ന ഒരു മലയാളിയാണു്.

സുകു—എന്നാൽ ശത്രുക്കളോ അവരുടെ പ്രേരണയിൽ പോലീസോ എന്നെ ഉപദ്രവിക്കുന്നില്ലല്ലോ. എന്താണു പരമാത്ഥം പറയണം.

വാസ—(ഭീതനായി ഒരുവശത്തേക്കു നോക്കി) ആരോ വരുന്ന ശബ്ദം കേൾക്കുന്നു.

സുകു—ഭയപ്പെടേണ്ട. ഞാൻ വേലിയുടെവാതൽ അടച്ചിട്ടുണ്ടു്. വരണം ഇപ്പോൾ നിങ്ങൾ ഒന്നും പറയേണ്ടാ. ഉറവയ്ക്കുട്ടത്തുപോയി കാൽ തേച്ചുകഴുകിയിട്ടു് ഉണ്ണാം. കുറേ ചോർ ഇരുപ്പുണ്ടു്. നിങ്ങൾ കഴിച്ചുകൊള്ളണം. ഓടിത്തളന്നിരിക്കുമല്ലോ.

വാസ—സഹോദരാ! മലയാളിയായ നിങ്ങൾ സിലോണിലെ ഈ വൻകാട്ടിൽ താമസിക്കുവാൻ കാരണമെന്തു്?

സുക—സിംഹളനായ ഒരു കൃഷിക്കാരൻെറ വേലക്കാരനാണു ഞാൻ. കൃഷിയില്ലാത്ത അവസരങ്ങളിൽ അദ്ദേഹത്തിൻെറ കന്നുകാലികളേയുംകൊണ്ടു് എല്ലാവഷവും ഇവിടെവന്നു താമസിക്കുക പതിവാണു്. പോകാം, നമുക്കു് ഉപവയ്യൂട്ടത്തുപോകാം. നിങ്ങൾ വളരെ ക്ഷീണിച്ചിരിക്കുന്നു.

വാസ—വളരെ വന്ദനം. എനിക്കു വിശപ്പു സഹിക്കുവാൻ വഹിയാ.

(ക ട്ടൻ)

---

## മൂന്നാം രംഗം

(സുമതിയുടെ വസതി. പത്രാധിപർ ശശാങ്കൻനായർ പ്ര വേ ശി ക്കു ന്നു)

പത്രാധിപർ—(ആത്മഗതം) വെളിയിലെങ്ങും ആരെയും കാണുന്നില്ലല്ലോ. ആശാനും മകളും മാത്രമേ ഇവിടെ താമസം ഉള്ളവെന്നും മകൾ ഭുവനൈകസുന്ദരിയാണെന്നും കേട്ടിട്ടുണ്ടു്. നമ്മുടെ പുസ്തകപ്രസിദ്ധീകരണശാല തുടങ്ങിയതിനെക്കുറിച്ചു് ആശാനു രണ്ടു കത്തയച്ചിട്ടും ഉണ്ടു്. ഒരു സുന്ദരിയുമായുള്ള സമാഗമം പത്രപ്രവത്തനത്തിനു വിപരീതവുമല്ല. (ഉച്ചത്തിൽ പ്രകാശം) ഇവിടെയാരുമില്ലേ? (ആത്മഗതം) ഈശ്വരാ! ആ പെണ്ണുതന്നെ ഇങ്ങു വരണേ. വയസ്സൻകൂടി ഉണ്ടെങ്കിൽ രസത്തിനു വകയില്ല.

(സുമതി പ്രവേശിക്കുന്നു)

സുമതി—അങ്ങ് ആരാണു്? അച്ഛനേ കാണുവാൻ സ്വല്പം താമസം ഉണ്ടു്.

പത്രാ—താമസിച്ചുകൊള്ളട്ടെ. തരക്കേടില്ല. ഞാൻ ഒരു പത്രാധിപരും ഒരു പ്രസിദ്ധീകരണക്കാരനും കൂടിയാണു്. നിങ്ങൾ ആശാന്റെ മകൾ ആയിരിക്കണമല്ലോ.

സുമ—അതേ. അവിടത്തെ പേർ എന്തെന്നാണു് അച്ഛനോടു പറയേണ്ടതു്?

പത്രാ—ശശാങ്കൻനായർ എന്നു്. കുട്ടി ഏതു ക്ലാസ്സുവരെ പഠിച്ചിട്ടുണ്ടു്?

സുമ—ഒന്നും പഠിച്ചിട്ടില്ലെങ്കിലും നിങ്ങളുടെ പേർ ഓർമ്മിച്ചു് അകത്തുചെന്നു് അച്ഛനോടു പറയുവാൻകഴിയും.

പത്രാ—(ശൃംഗാരച്ചിരിയോടെ) ഏയ്! അതല്ല കണ്ടിട്ടു് സംസ്കാരം തികഞ്ഞ ഒരു കുമാരിയാണെന്നു തോന്നുന്നു.

സുമ—(വിരസഭാവത്തിൽ) അപ്പോൾ മുൻപറഞ്ഞ ജോലികൾക്കു പുറമേ സാമുദ്രികാലക്ഷണങ്ങൾ പറയുകകൂടെ ഒരു ഉപജീവനമാർഗ്ഗമായി കരസ്ഥമാക്കിയിട്ടുണ്ടെന്നു തോന്നുന്നു. ഇരിക്കണം അച്ഛനേ വിളിച്ചുകൊണ്ടുവരാം.

പത്രാ—ഭേഷ്! ഭേഷ് ഞാൻ ഊഹിച്ചതു വെറുതേയല്ല. എന്നാൽ സാമുദ്രികംതന്നെ സംഭാഷണവിഷയം. ഞാൻ കുട്ടിയുടെ അംഗലക്ഷണങ്ങൾ പറയട്ടേ?

സുമ—നിങ്ങൾ ഇവിടെ ഇരിക്കണം. ഞാൻ അച്ഛനേ വിളിച്ചുകൊണ്ടുവരാം.

പത്രാ—വേണ്ടാ. ധൃതിപ്പെടണ്ടാ. എനിക്കു കാത്തിരിക്കുവാൻ ഈശ്വരൻപ്രസാദിച്ചു് ധാരാളം സമയമുണ്ടു്.

അതുതന്നെയുമല്ല, കുട്ടിയുമായുള്ള സംഭാഷണം വളരെ സുഖിക്കുന്നതാനും.

സുമ—ആ സുഖത്തിനു ഭംഗം വരുത്തുന്നതിൽ അല്പം ക്ഷമിക്കണേ.

(പോകുന്നു)

പത്രാ—(ആത്മഗതം) തീരെ ക്ഷമയില്ലായ്മ കാണിച്ചുകളഞ്ഞു ഞാൻ. ആശാൻ പണ്ഡിതനും കവീശ്വരനും മറ്റും ഒക്കെയാണെങ്കിലും ആൾ കുചേലനാണു്. ഈ താമസിക്കുന്ന പറമ്പും പുരയുംതന്നെ പൂക്കാപ്പിൽ പണിക്കരുടേതാണു്. കുട്ടി വളരെ ജോറു. അപ്പോൾ ആശയ്ക്കു വകയില്ലാതില്ല. വേണമെങ്കിൽ അവളുടെ പേർവച്ചു് രണ്ടുമൂന്നു സാഹിത്യങ്ങൾ പത്രത്തിൽ തട്ടിവിടാം. പെണ്ണുങ്ങളല്ലെ? പ്രസിദ്ധിക്കു് അത്യാർത്തി കൂടും.

(വടിയിടിച്ചു് ആശാനും സുമതിയും പ്രവേശിക്കുന്നു. പത്രാധിപർ താണു തൊഴുന്നു)

ആശാൻ—പത്രാധിപർസാർ. ഞാൻ നിങ്ങളുടെ മുമ്പിൽ ഒരു കുററക്കാരനാണു്. അയച്ച രണ്ടെഴുത്തിനും മറുപടി അയച്ചില്ല. നാം തമ്മിൽ പരിചയം ഇല്ലല്ലോ. പരിചയമാകുവാൻ ഇടയുണ്ടായിരുന്നെങ്കിൽ പരമാർത്ഥം മനസ്സിലാകുമായിരുന്നു. ഞാൻ ഒരു വലിയ മടിയനാണു്. ഇരിക്കാമല്ലോ. കുഞ്ഞേ! ആ കസേര ഇങ്ങെടുത്തുകൊണ്ടുവരൂ.

സുമ—(പോകുവാൻ തുടങ്ങവേ) ശശാങ്കൻനായർ! അച്ഛനു് നല്ലതുപോലെ ചെവികേൾക്കില്ല.

(പോകുന്നു)

ആശാ—അതേ, നിർഭാഗ്യങ്ങളുടെ കൂട്ടത്തിൽ അതുകൂടിയുണ്ടു്.

പത്രാ—നിർഭാഗ്യങ്ങളേ! ഈ മലയാളക്കരയിൽ ഇങ്ങിനെ ഒരു മഹാപണ്ഡിതൻ ഉണ്ടായിട്ടില്ലെന്നുള്ളതു ജഗൽ പ്രസിദ്ധമല്ലേ? ഇപ്പോൾ എഴുതിക്കൊണ്ടിരിക്കുന്നെന്നു കേൾക്കുന്ന കാവ്യം എന്തായി?

ആശാ—തീരാറായി. അതു മാത്രമാണു് എൻേറയും എൻെറ കുഞ്ഞിൻേറയും സമ്പാദ്യം. ഇപ്പോൾ പൂക്കാപ്പിൽ പണിക്കരദ്ദേഹത്തിൻെറ കാരുണ്യം കൊണ്ടു കഴിയുകയാണു്. സഹപാഠികളായിരുന്ന സ്ഥിതി ഓർത്തു് അദ്ദേഹം എന്നെ രക്ഷിക്കുന്നു.

(സുമതി കസേരയുമായി വരുന്നു)

പത്രാ—(പതുക്കെ) എനിക്കുവേണ്ടി നന്നാ കഷ്ടപ്പെടുന്നു. അതിനു ഞാൻ എങ്ങനെ കൃതജ്ഞത കാണിക്കേണ്ടു?

ആശാ—എന്തു്?

പത്രാ—(ഉച്ചത്തിൽ) അല്ല. മകൾ കസേര എടുത്തു കഴയണ്ടാ, ഞാൻ ഇവിടെനിന്നോളാം എന്നു പറയുകയായിരുന്നു.

ആശാ—അവളാണു് ഈ വീട്ടിലെ ജോലികൾ എല്ലാം ചെയ്യുന്നതു്. അവൾ എൻെറ അമ്മക്കുട്ടിയാണു്. അല്ലേ കുഞ്ഞേ! എൻെറ കുഞ്ഞില്ലായിരുന്നുവെങ്കിൽ ഞാൻ എൻെറ കഷ്ടതകൾ എങ്ങനെ താങ്ങുമായിരുന്നു എന്നു നിശ്ചയമില്ല.

പത്രാ—(പതുക്കെ) ദുഷ്ഷന്തൻ ശകുന്തളയെക്കണ്ടു പറഞ്ഞതുപോലെ ഈ ലോലഗാത്രിയെ ഈ കൃത്യങ്ങൾക്കു നിയമിച്ച താതകണ്വൻ ഔചിത്യമുള്ളയാളല്ല.

ആശാൻ—എന്തു്?

പത്രാ—(ഉച്ചത്തിൽ) അല്ലാ അവിടുത്തേക്കു വല്ല പുസ്തകവും എഴുതിത്തന്നു് എന്നെ സഹായിക്കുവാൻ കഴിയുമോ എന്നു ചോദിക്കുകയാണു്.

സുമ—അച്ഛാ! വെള്ളത്തിനു ചൂട്ട് ആറിയോ എന്നു നോക്കട്ടെ.

പത്രാ—(പതുക്കെ) എന്നോടിത്ര വെറുപ്പോ?

(സുമതി പോകുന്നു)

പത്രാ—ഞങ്ങൾ-പുസ്തകക്കച്ചവടക്കാരുടെ കാര്യം വലിയ കുഴപ്പത്തിലാണു്. അങ്ങയെപ്പോലുള്ളവരുടെ പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തണമെന്നു് ആഗ്രഹം ഉണ്ടു്. പക്ഷേ ഒരു ഒററ എണ്ണം ചിലവാകുകയില്ല. പള്ളിക്കൂടത്തിൽ എടുത്താൽമാത്രമേ ഗുണംഉള്ളു. അങ്ങനെ വല്ലതും ഒന്നെഴുതിത്തരാമോ?

ആശാ—അയ്യോ സാറേ! മലയാളം മാതൃഭാഷയായതുകൊണ്ടു് തെററാതെയെഴുതാൻ അറിയാൻപാടില്ല.

പത്രാ—അതുതന്നെ പോരാ, ചില സ്ഥലത്തൊക്കെ ചില പിടികൾ ഉണ്ടായിരിക്കണം. ഡയറക്ടരെയോ ഇൻസ്പെക്ടർമാരെയോ വല്ലതും വല്ല പരിചയവും ഉണ്ടോ? അതിനും നിവൃത്തിയില്ലെങ്കിൽ ഒരു അരിപലവ്യഞ്ജനക്കച്ചവടക്കാരനും ജവുളിക്കാരനും കയ്യിലുണ്ടായാൽ ഏതാണ്ടൊന്നായി.

ആശാ—അതെന്തിനു്?

പത്രാ—പുസ്തകം പള്ളിക്കൂടത്തിൽ എടുക്കുന്ന യജമാനന്മാരുടെ വീട്ടുചെലവു നടത്തേണ്ടതു് പുസ്തകക്കച്ചവടക്കാരനാണെന്നു് എഡ്യൂക്കേഷൻകോഡിൽ പറഞ്ഞിട്ടുണ്ടെന്നാണു് തോന്നുന്നതു്.

ആശാ—എന്നാൽ പിള്ള നടക്കണം. ഉപ്പും മുളകും വാങ്ങി സാഹിത്യക്കച്ചവടംചെയ്യണമെന്നില്ല.

പത്രാ—ആകട്ടെ. ഞാൻ രണ്ടാമതൊരപേക്ഷയും സമർപ്പിക്കുന്നുണ്ടു്. എന്റെ പത്രത്തിനു വല്ലപ്പോഴും ഒന്നെഴുതിത്തരണമല്ലോ.

ആശാ—എനിക്കതു വശമില്ല. പ്രായവും അതിനൊത്ത തല്ല. പരമാൎത്ഥം പറയുകയാണെങ്കിൽ ചിത്ത എഴുതി ശീലിച്ചിട്ടുമില്ല.

പത്രാ—എന്നാൽ അവിടുത്തെ ലേഖനങ്ങൾ ആവശ്യമില്ല. മകൾക്കു കവിതയുണ്ടായിരിക്കണമല്ലോ.

ആശാ—ഞാൻ അവളെ അങ്ങിനെയല്ല വളൎത്തുന്നതു്.

പത്രാ—മകൾ പോയിട്ടു കണ്ടില്ലല്ലോ.

ആശാ—അവൾ വീട്ടിൽ ജോലിഎന്തോ നോക്കുകയാണു്.

പത്രാ—അവിടുത്തെ പുസ്തകം പ്രസിദ്ധപ്പെടുത്തുവാനുള്ള അവകാശം വേറെ ആൎക്കും കൊടുക്കല്ലെ.

ആശാ—അതു് എഴുതിക്കഴിഞ്ഞിട്ടു നിശ്ചയിക്കാം.

പത്രാ—എന്നാൽ മകളോടും യാത്ര പറഞ്ഞതായിപ്പറയണം.

ആശാ—വേണ്ടാ എന്നോടു യാത്ര പറഞ്ഞാൽമതി. എന്നാൽ പിന്നെക്കാണാം.

പത്രാ—എനിക്കു അവിടുത്തോടു വലിയ ബഹുമാനമാണു്.

ആശാ—എനിക്കും അങ്ങിനെതന്നെ.

പത്രാ—ഞാൻ എന്റെ പത്രംകൊണ്ടു രാജ്യത്തിൽ ഒരിളക്കമുണ്ടാക്കാമോ എന്നു നോക്കുകയാണു്.

ആശാ—ഈ കാലത്തിനു അതൊക്കെപ്പറവും. നാം തമ്മിൽ അത്ര പൊരുത്തം ഉണ്ടാകുമെന്നു തോന്നുന്നില്ല.

പത്രാ—ദിവാൻമുതൽ താഴോട്ടു് എല്ലാവൎക്കും എന്നെ ഭയമാണു്.

ആശാ—വളരെ നല്ലതു്.

പത്രാ—അവന്റെറയൊക്കെ രഹസ്യങ്ങൾ എന്റെ കീശയിൽ ഉണ്ടു്.

ആശാ—വച്ചു സൂക്ഷിച്ചുകൊള്ളാമല്ലോ.

പത്രാ—എന്നെ മറക്കരുതു്.

ആശാ—മറക്കുമെന്നു തോന്നുന്നില്ല.

(കട്ടൻ)

---

## നാലാം രംഗം

---

(പുത്തൻകടവിൽവീടു്. ഭാൎഗ്ഗവിക്കുട്ടി ഒരു കത്തും കയ്യിൽവച്ചുകൊണ്ടു പ്രവേശിക്കുന്നു)

ഭാൎഗ്ഗവി—(കത്തു നോക്കിയിട്ടു്) ഈ സാർ എഴുതുന്നതൊക്കെ പച്ച സംസ്കൃതമാണു്. പറയുന്നതും അതുതന്നെ. ഇതിന്റെ കൂടെ കുറെ ശ്ലോകങ്ങളും, പാട്ടുകളും. ഈ സാർ ഇതൊക്കെ എവിടുന്നു പഠിച്ചു. മനുഷ്യൎക്കു മനസ്സിലാകുന്നതുപോലെ പറയുവാനും എഴുതുവാനും ഈ വാദ്ധ്യാരുസാറന്മാൎക്കറിയാൻ പാടില്ല. നോക്കണേ, രണ്ടുനാഴികയായി ഇതിന്റെ അൎത്ഥം ഒന്നു മനസ്സിലാക്കാൻ നോക്കിയിട്ടു്.

(ഗോപാലൻനായർ പഞ്ചരസികനായി പ്രവേശിക്കുന്നു)

ഗോപാലൻനായർ—ഹാ! ഞാൻ പരമഭാഗ്യവാൻ. എന്റെ ഓമനഭാൎഗ്ഗവിക്കുട്ടി എന്റെ പ്രണയോപഹാരത്തിൽതന്നെ ദത്തശ്രദ്ധയായി നിലകൊള്ളുന്നു. ഇതാ ഇന്നു വേറൊരുകത്തുകൂടിയുണ്ടു്. (ഒരു പോക്കററിൽനിന്നും എടുത്തുനോക്കി) ഇതു് അല്ല; ഇതു പരസ്പരസഹായസംഘത്തിന്റെ രസീതാണു്. (മറേറ പോക്കററിൽ തപ്പി എടുത്തുനോക്കി) ഇതും തെററു്.

ഇതു് അദ്ധ്യാപകസംഘത്തിന്റെ നോട്ടീസ്സാണു്. (വേറൊരുപോക്കററിൽനിന്നുമെടുത്തു്) ഇതുതന്നെ. കേട്ടുകൊള്ളൂ. സാക്ഷാൽ ശ്രീമന്മഥൻ ശ്രീ രതീദേവിയ്ക്കു് ഇങ്ങനെയൊരു പ്രണയലേഖനം എഴുതിക്കാണുകയില്ല. (നോക്കി) ഇതു് "കുബേരവിലാസം" ഇൻഷുവറൻസിന്റെ അപേക്ഷാഫാറമാണു്. പിന്നെ ആ കാര്യം എവിടെ കിടക്കുന്നു! നോക്കട്ടേ— (ഷർട്ടുപോക്കററിൽനിന്നും എടുത്തു വായിക്കുന്നു)

കേട്ടോളൂ—

സുചേഷ്ടിതംകൊണ്ടു ജഗൽപ്രസിദ്ധൻ—

ഓ! തെററിപ്പോയി. ഇതു ക്ലാസ്സിൽ കുട്ടികളെ പദ്യം പഠിപ്പിക്കുന്ന നോട്ടാണു്.

(പിന്നെയും പോക്കററിൽ തപ്പുന്നു. ഒന്നു് എടുത്തു) ഇതു കുറിച്ചിട്ടി. (വേറൊന്നെടുത്തു്) ഇതു് അവധിഫാറം. (വേറൊന്നെടുത്തു്) ഇതു ചിട്ടികൈക്കണക്കു്—ച്ഛേ! ഇതു കേളപ്പന്റെ നിരാഹാരവ്രതനോട്ടാണു്.... അതു കൊണ്ടുവന്നിട്ടില്ലെന്നാണു തോന്നുന്നതു്.

ഭാര്‍ഗ്ഗ—ഇങ്ങെത്തിച്ചതിന്റെ സാരം പറഞ്ഞു മനസ്സിലാക്കിയിട്ടു പിന്നെ കൂടുതൽ എടുക്കണം. ഏറെപ്പഠിച്ചാൽ മനുഷ്യർ ഭ്രാന്തന്മാരായിപ്പോകുമോ ഭഗവാനേ!

ഗോപാ—ഏയു്! അരസികത്തീ! പ്രണയക്കത്തിനു വല്ലവരും മല്ലീനാഥഭാഷ്യവുമായി പുറകേ പോകാറുണ്ടോ? ആ ലേഖനത്തിൽ എന്റെ ഹൃദയത്തിന്റെ ചിത്രം ആണു വരച്ചിരിക്കുന്നതു്. യഥാർത്ഥ ചിത്രം. ഭാര്‍ഗ്ഗവിക്കുട്ടിയോടുള്ള അനുരാഗം നല്ല റോസാപ്പൂ നിറത്തിൽ അതിൽ കാണാം. കൊച്ചപ്പൻപിള്ളച്ചേട്ടൻ തട്ടത്തേക്കുമോ എന്നുള്ള ഭീതി കാർമ്മേഘമാലയായി ആ അരുണവർണ്ണത്തെ അല്പാല്പം സ്പർശിച്ചിരിക്കുന്നു. പക്ഷെ ആ മേഘം പുകപോലെ ദ്രവിച്ചു

ചിതറുന്നതു് ഗാഥാവരികളിൽ കാണാം. നമ്മുടെ ദാമ്പത്യത്തിന്റെ മങ്ങിയ ചിത്രം സാക്ഷാൽ സ്വർണ്ണനിറത്തിൽ അല്പം ദൂരെ വസന്തതിലകത്തിൽ കാണാം. ഈ നിറപ്പകച്ചകളെ ആശ്രയാകുന്ന ലഘു മേഘചക്രം വലയംചെയ്യുന്നു. അതാണു് കേകയുടെ പ്രസക്തി.

ഭാര്യ—ഇതിനകത്തു ചുവപ്പും സ്വർണ്ണവും ഒന്നുമില്ല. കുറേ കറുത്ത അക്ഷരങ്ങൾ മാത്രം ഉണ്ടു്. എഴുതുന്നതു പോലെ പറയാനും തുടങ്ങിയാലോ!

ഗോപാ—ഹാ! ശൃംഗാരസംഹാരിണി! ഞാൻ എത്രനാളായി പ്രണയമാഹാത്മ്യം ഓതിത്തരുന്നു! നാം തമ്മിൽ ആദ്യം കണ്ടതു് എന്നെന്നറിയാമോ?

ഭാര്യ—ഞാൻ അതു കുറിച്ചുവച്ചു കാണാപ്പാഠം വായിക്കുകയല്ലേ വേറേ ജോലിയൊന്നുംഇല്ലാത്തതുപോലെ?

ഗോപാ—ഞാൻ പറയാം

ഞാൻ എന്റെ ഓമനയേ എന്നാണു് ആദ്യം കണ്ടതു്?—

തിരുവാതിര ഉത്സവദിവസത്തിൽ.

ഓമനയുടെ വേഷം എന്തായിരുന്നു?—

ഹൃദയമേ! പറഞ്ഞാലും.

നമ്മുടെ കടാക്ഷങ്ങൾ എങ്ങിനെ പ്രവഹിച്ചു?—

യമുനയും കാളിന്ദിയുംപോലെ

അന്നുമുതൽ ഈ പ്രാണനാഥന്റെ സ്ഥിതിയെന്തു്?—

കല്ലോലമാരുതൻ തട്ടുന്നനേരത്തു
കല്യാണശീലന്റെ കായംതളരുന്നു.

ഭാഗ്—പാട്ടും കൂത്തും ഒക്കെ നിറുത്തണം. അച്ഛൻ ഇപ്പോഠം എങ്ങാനും കേറിവരും.

ഗോപാ—വന്നാൽ എന്തു്? എന്റെ ഹൃദയാർപ്പണം ഏററുപറഞ്ഞു് ഞാൻ അദ്ദേഹത്തിന്റെ മുമ്പിൽ നമസ്കരിക്കും. "പ്രഭോ! കൊച്ചപ്പൻപിള്ളനാമാവേ! അവിടുത്തേ ഓമനപ്പുത്രി ലോലമാനസനായ എന്റെ ഹൃദയം അപഹരിച്ചിരിക്കുന്നു. ആ അപരാധിനി യെ എന്റെ ആലിംഗനവലയത്തിൽ ബന്ധിക്കുന്ന തിനനുവദിക്കേണമേ. ആ ദേവിയോടുകൂടാതെയുള്ള ഭാവിജീവിതത്തേക്കുറിച്ചു ചിന്തിക്കുവാൻ കഴിയാതെ ഞാൻ കുഴയുന്നു. അവിടുന്നെന്നെ ജാമാതാവായി അംഗീകരിച്ചു രക്ഷിക്കണമേ രക്ഷ, രക്ഷ." പോരേ? ഇതുപോലെയുള്ള പ്രാത്ഥനകേട്ടു് എത്ര എത്ര നോവലുകളിൽ എത്ര എത്ര രാക്ഷസപിതാക്ക ന്മാരുടെ മനസ്സു് അലിഞ്ഞിരിക്കുന്നു! അദ്ദേഹം മഹാ കുബേരൻ—പൗരത്തിയുടെ അവിതക്കിതനേതാവു് —ഞാനോ? ദരിദ്രൻ, വെറും ഒരു പൗരൻ എന്നാൽ ഓമനയുടെ പ്രേമത്താൽ പരമാനുഗ്രഹീതൻ.

ഭാഗ്—(ഒരുവശത്തേക്കുനോക്കി) അച്ഛൻ വരുന്നെന്നുതോ ന്നുന്നു. പിള്ളരേ ശകാരിക്കുന്നതു കേട്ടില്ലേ? ഞാൻ പോകുന്നു. വേഗം ഇറങ്ങിപ്പൊയ്ക്കൊള്ളണേ.

(പോകുന്നു)

(കൊച്ചപ്പൻപിള്ള ഒരു കേസുകെട്ടുമായി പ്രവേശിക്കുന്നു.)

കൊച്ചപ്പൻപിള്ള—വക്കീലന്മാരു്! വക്കീലന്മാരു്! വല്ലതും രണ്ടു കക്ഷിയെ പറഞ്ഞയച്ചാൽ അവരെ ഉൗററിക്കളെ യുക. എത്രഫീസുകൊടുത്താലും മുഴുക്കുകയില്ല. ഓരോ ജഡ്ജി അവന്റെ അച്ഛനാണെന്നു മിരട്ടുംപറയും.

എന്നിട്ടു മററുള്ളവന്നു് ഒരു കാൎയ്യം കിട്ടുകയുംവേണ്ടാ. (ഗോപാലൻനായരെ നോക്കി) താൻ എന്തിനെടോ വാദ്ധ്യാരെ! ഇവിടെ വന്നതു്!

ഗോപാ—(സരസമായി തൊഴുതിട്ടു്) അവിടുന്നു നിയമലോകത്തെ അധിക്ഷേപിക്കുന്നതിൻെറ കാരണം എന്തായിരിക്കുമോ?

കൊച്ചു—അതറിയാനാണോ താൻ ഇത്ര ദൂരേന്നു് ഇവിടെ വന്നതു്?

ഗോപാ—അവിടുത്തേ ഗൃഹത്തിലേക്കുള്ള ദൂരം എനിക്കൊരു ദൂരമല്ല. പ്രത്യുത—

കൊച്ചു—ഉം? അതിനു കാരണം?

ഗോപാ—ഞാൻ സ്കൂളിലേക്കു പോകുന്ന വഴി ഇവിടെ ഒന്നു കയറിയെന്നേയുള്ളു. ഇഷ്ടജനങ്ങളെ നിരന്തരം കണ്ടുകൊണ്ടിരിക്കുന്നതു് മനസ്സിനൊരു സുഖമാണല്ലോ.

കൊച്ചു—പിന്നെ- ആഭാസത്തരം പറഞ്ഞാൽ, അതു സംസ്കൃതമാണോ ഗ്രന്ഥാക്ഷരമാണോ എന്നൊന്നും ഞാൻ നോക്കുകയില്ലേ.

ഗോപാ—അവിടുത്തേ വാക്കുകൾ സഭ്യങ്ങളായിരിക്കുന്നില്ലെന്നു പറയേണ്ടിവന്നതിൽ അത്യന്തം വ്യസനിക്കുന്നു.

കൊച്ചു—തൻെറ വ്യസനവും കരച്ചിലും ഇവിടെ ആവശ്യമില്ല. ഈ വാദ്ധ്യാന്മാരെക്കൊണ്ടു് കിടക്കപ്പൊറുതിയില്ലാതായി. ഒരു പാരസ്പരസംഘം ഉണ്ടാക്കി വല്ലതും നാലുകാശു് ആദായം എടുക്കാമെന്നുവച്ചാൽ, ചട്ടവും മുറയും പറഞ്ഞുകൊണ്ടു് ഇവന്മാർ മുമ്പിൽ. വല്ല തണ്ടാനോ വെളുത്തേടമോ പണ്ടൊക്കെ കറവപ്പശുവിനെക്കൊണ്ടുതരുമായിരുന്നു. ഈ വാദ്ധ്യാന്മാർ

അവനെയൊക്കെപിടിച്ചു മടിയിലിരുത്തി എല്ലാരും ഒന്നുപോലാണെന്നു ചില കള്ളഗ്ഗുണദോഷങ്ങളും പറഞ്ഞു് അവന്മാരേയും തെററിക്കുകയാണു്. അതിരിക്കട്ടെ. താൻ ഒരു കാര്യം ചെയ്യേക്കണം. ഇനിമേൽ ഇവിടെ വരരുതു്.

ഗോപാ—ഈ നിരോധനാജ്ഞ അഹിക്കുവാൻ ഞാൻ എന്തു കുററമാണു ചെയ്തിട്ടുള്ളതു്? ഭാഗ്യവിക്കുട്ടിയും ഞാനുമായി പരിചയമാണു്—ഞങ്ങഠം വല്ലപ്പോഴും ഒന്നു കാണുന്നതിൽ അവിട്ടത്തേക്കു എന്തു തടസ്സം?

കൊച്ചു—(കോപിച്ചു്) എന്തു പറഞ്ഞെടോ? എൻെറ മകളും താനുമായി മമതയെന്നോ? കടക്കു പുറത്തു്, ഏരപ്പാളീ!

ഗോപാ—അങ്ങു ക്ഷിപ്രകോപിയാണെന്നു തോന്നുന്നു വല്ലോ.

കൊച്ചു—(ഗോ: നായരുടെ കയ്യുപിടിച്ചു്) പിന്നെയും സംസ്കൃതം പറഞ്ഞുകൊണ്ടു നിൽക്കുന്നതു കണ്ടില്ലേ? ആരെടാ അവിടെ പുലയർ ആരുമില്ലേ ഈ ഏമ്മാളിയെ തെങ്ങിൽപിടിച്ചുകെട്ടി രണ്ടു കൊടുക്കുവാൻ.

ഗോപാ—ഏയ്! ഇതു സഹ്യമല്ല. ഈ വാക്കുകഠം കഠിനം. ഞാൻ പോകുന്നു എന്നാൽ ഒരു ഗുണദോഷം മാത്രം. പിന്നെ പശ്ചാത്തപിക്കാനിടവരരുതു്. എനിക്കു് അങ്ങേന്നോക്കു പരമാത്ഥമായ അനുഭാവമാണുള്ളതു്.

(പോകുന്നു)

കൊച്ചു—(ആത്മഗതം) വീട്ടിൽക്കേറവുവാൻ കൊള്ളാത്ത കൂട്ടം. അതിനിടയ്ക്കു അവൻ പറഞ്ഞതു കേട്ടില്ലേ? പെണ്ണിനേ എവിടെയെങ്കിലും അയയ്ക്കണം. അതിനൊരു പുങ്കച്ചാരെ കിട്ടണ്ടേ? എല്ലാവനും ഭാഗം ഉണ്ടോ, ഭാഗം ഉണ്ടോ എന്നാണു നോട്ടം. ഉന്തളക്ക

ണ്ണിയോ ചട്ടുകാലിയോ എന്തും ആയിക്കൊള്ളട്ടെ, ഭാഗത്തിൽ എത്രായിരംരൂപാ കിട്ടും എന്നറിഞ്ഞാൽ മതി. ഞാൻ ആണോ അതു കൊട്ടുകുന്നതു്? പൂക്കാപ്പിൽ പണിക്കരുടെയത്രയും ഒന്നും ഇല്ലെങ്കിലും ഒന്നു രണ്ടു ലക്ഷത്തിന്റെ വക വല്ലവരുടേയും പുറകെ നടന്നും, കോട്ടുകച്ചേരിനിരങ്ങിയും ഉണ്ടാക്കിയിട്ടുണ്ടു്. അതു് ഇനി വഴിയേപോകുന്ന ഒരുത്തന്റെ കാൽക്കൽ കൊണ്ടുവച്ചിട്ടു് ഏദ്ഭ്യനായി നടക്കാൻ ഞാൻ തയ്യാറില്ല. ആട്ടെ, പെണ്ണിനേയും ഒന്നു താക്കീതു ചെയ്യേക്കാം.

( കർട്ടൻ )

## അഞ്ചാം രംഗം

(സിലോൺവനം. സുകുമാരന്റെ കുടിൽ)

സുകുമാരൻ—വയറുകടിക്കു് അടുത്ത എസ്റ്റേററിൽപോയി ഡാക്കുരെക്കണ്ടു മരുന്നുവാങ്ങുവാൻ തിരിച്ചയാളെ ഇന്നു രണ്ടുദിവസമായി കണ്ടില്ലല്ലോ. പാവം! ഇനി വല്ലടത്തും സുഖക്കേടായി കിടക്കുകയാണോ? എത്ര ഹൃദയമുള്ളയാൾ ആണെന്നു നോക്കണം! ഞാൻ എന്റെ സകല കഥകളും പറഞ്ഞപ്പോൾ, സുമതിയും ഞാനുമായുള്ള ആ വേർപാടിനെപ്പററികേട്ടു് അയാൾ കണ്ണീരൊഴുക്കി എന്തത്ഭുതം! അയാൾ പറഞ്ഞതിൽപിന്നെയാണു ഞാൻ കണ്ണാടിനോക്കി മനസ്സിലാക്കിയതു്. ഞങ്ങളുടെ രണ്ടുപേരുടെയും മുഖങ്ങൾ ഒരുപോലെ ഇരിക്കുന്നു. ഈശ്വരന്റെ സൃഷ്ടിവൈചിത്ര്യം! എത്രയോനാഴികദൂരെ ഈ സിലോ

ണിൽ എന്നെപ്പോലെ എൻെറ മുഖവും നിറവും പൊക്കവും ഒക്കെയായി ഒരാൾ ഉണ്ടെന്നു വരുക വളരെ അത്ഭുതമല്ലേ?

(വാസവൻ പ്രവേശിക്കുന്നു)

വാസവൻ—സഹോദരാ! ഞാൻ കൂടുതൽ ദിവസങ്ങൾ താമസിച്ചു ഇല്ലേ?

സുകു—രണ്ടു രണ്ടര ദിവസമായില്ലേ? സുഖക്കേടു് എങ്ങിനെയിരിക്കുന്നു?

വാസ—ആശ്വാസം ഉണ്ടു്. ഞാൻ ഒരുകാര്യം ചോദിക്കട്ടെ.

സുകു—നിൽക്കണേ ഞാൻ കന്നുകുട്ടികളെ തുറന്നുവിട്ടിട്ടു വരാം. ക്ഷീണമാണെങ്കിൽ അവിടെ അല്പം ഇരിക്കണം.

(സുകുമാരൻ പോകുന്നു)

വാസ—(ആത്മഗതം) ആവൂ! ഈ കാട്ടിൽ താമസിച്ചുകൊണ്ടു് അടുത്ത എസ്റ്റേറ്റുകളിൽ കേറി നല്ലതുപോലെ തട്ടുവാൻ എത്ര സൗകര്യം! മിനിഞ്ഞാന്നു പോയതിൽ കാര്യം ഒന്നും സാധിച്ചില്ലെങ്കിലും ആ പരസ്യം കാണുവാൻ ഇടയായതു് അവിടെ പോയതുകൊണ്ടാണു്. ഇവൻെറ അമ്മാവൻ പൂക്കാപ്പിൽ കേശവപ്പണിക്കരുടെ പരസ്യം. എന്തായാലും ഈശ്വരൻ ഒരു വഴി കാണിച്ചുതന്നു. ഞാനും ഇവനും തമ്മിലുള്ള സാമ്യം എൻെറ നല്ല ജാതകഫലമാണു്. ഇവനെ വല്ലവിധത്തിലും വകവരുത്തിയിട്ടു് ഉടൻ സിലോൺ വിടണം.

(സുകുമാരൻ പ്രവേശിക്കുന്നു)

സുകു—നിങ്ങൾക്കുവേണ്ടി കാച്ചിവയ്ക്കുന്ന പാൽക്കൈ ഇരുന്നു തണുത്തു പിന്നെ എടുത്തുകളയുകയാണു്. സുഖക്കേടു കൂടി വല്ലസ്ഥലത്തും കിടപ്പിലായിപ്പോയോ എന്നായിരുന്നു എൻെറ ഭീതി.

വാസ—നമ്മുടെ ആകൃതികൾക്ക വ്യത്യാസം ഇല്ലാത്തതു പോലെ ഹൃദയം രണ്ടും ഒന്നുതന്നെയാണു്. ഞാൻ ഒരുകാര്യം ചോദിക്കട്ടെ. നിങ്ങൾക്ക ധാരാളം സ്വത്തും പണവും കൈയ്യിലുണ്ടല്ലോ. ഇവിടെ എന്തിനു ഇങ്ങനെ കഷ്ടപ്പെട്ടു താമസിക്കുന്നു?

സുകു—ഞാൻ പതിനായിരം തവണ നിങ്ങളോടു് അതു പറഞ്ഞില്ലേ? അമ്മാവൻെറ ധനപ്രമത്തതകൊണ്ടു് എന്നെ ഒരു അടിമയാക്കിവിചാരിച്ചു. സുമതിയെ വിവാഹം ചെയ്യുന്നതിനു ഞാൻ തന്നത്താൻ പണം ഉണ്ടാക്കി അങ്ങു ചെല്ലാമെന്നാണു് അവളോടു ഞാൻ ശപഥം ചെയ്തിരിക്കുന്നതു്. ഇന്നല്ലെങ്കിൽ കുറേ വർഷങ്ങൾകഴിഞ്ഞു ഞാൻ അതു സാധിക്കും നിഷ്കളങ്കവും വിനീതവുമായ പ്രാൎത്ഥനകൾക്ക ജഗദീശ്വരൻ ഏറെനാൾ ബധിരനായിരിക്കുന്നതല്ല.

വാസ—നിങ്ങൾ പറഞ്ഞ ആ പുത്തൻകാവിൽ കൊച്ചപ്പൻപിള്ളയില്ലേ? അയാളുടെ മകളെ വിവാഹംചെയ്യണമെന്നായിരുന്നല്ലോ അമ്മാവൻെറ നിർബന്ധം. അവൾ ഇപ്പോഴും അവിവാഹിതയാണോ?

സുകു—ആൎക്കറിയാം? ആരറിയുവാൻ ശ്രമിച്ചിട്ടുണ്ടു്! ഞാൻ എൻെറ ഓമനയെ സുഖമായി ഇരുത്തുവാനുള്ള പണം സമ്പാദിക്കും. അതു നിശ്ചയമാണു്. ആ സമ്പാദ്യത്തോടുകൂടിമാത്രമേ എൻെറ ദിക്കിലേക്ക തിരിയെച്ചെല്ലുകയുള്ളൂ.

വാസ:— ഞാൻ അങ്ങു തിരിച്ചു മടങ്ങാം എന്നാണു വിചാരിക്കുന്നതു്. എനിക്കു് ഇവിടെ നിലയില്ല. പക്ഷേ! കഷ്ടം! എന്തുചെയ്യുന്നു.

സുകു—എന്തു തടസ്സമാണുള്ളതു്?

L 8 214



വാസ—അങ്ങു ചെന്നെത്തുവാൻ പണം ഇല്ല. ഒരു നൂറു രൂപാ കിട്ടിയിരുന്നെങ്കിൽ—

സുക—നിങ്ങൾ അതുകൊണ്ടു വ്യസനിക്കണ്ടാ. ഞാൻ തരാം ആ തുക. ഈ ദിക്കിൽ നിങ്ങൾക്കു ശത്രുക്കൾ ഉണ്ടെന്നു പറയുന്ന സ്ഥിതിക്കു നാട്ടിൽപോകുന്നെങ്കിൽ അതാണു നല്ലതു്; എപ്പോഴാണു പോകേണ്ടതു്.

വാസ—ഇപ്പോൾതന്നെ ആയിക്കളയാം. എട്ടു വർഷം കൊണ്ടു് എന്റെ സഹോദരാ! അങ്ങു സമ്പാദിച്ച തുകയുടെ ഒരു വലിയഭാഗം ഞാൻ തട്ടിച്ചുകൊണ്ടു പോവുകയാണല്ലോ ചെയ്യുന്നതു്.

സുക—സാരമില്ല. നിങ്ങൾ ഇതുകൊണ്ടു രക്ഷപെടുന്നതിൽ എനിക്കു അതിയായ സന്തോഷമാണുള്ളതു്. നിങ്ങളുടെ ആവശ്യംകഴിഞ്ഞു് ബാക്കിയുണ്ടാകുന്ന കാലത്തു തിരിച്ചുതന്നാൽ മതി.

വാസ—ഈശ്വരൻ നിങ്ങളെ രക്ഷിക്കട്ടെ.

(സുകുമാരൻ മൺവെട്ടിയെടുത്തു കുഴിതുറന്നു പെട്ടിയെടുത്തു് രൂപാ കൊടുക്കുന്നു.)

സുക—ഈശ്വരൻ നിങ്ങൾക്കു നല്ലകാലം വരുത്തട്ടെ!

വാസ—നിങ്ങൾ പെട്ടി കുഴിയിൽവയ്ക്കണം. ഞാൻ മണ്ണു വെട്ടിമൂടാം.

(സുകുമാരൻ താഴെയിരുന്നു പെട്ടി കുഴിയിൽവയ്ക്കുന്നു. വാസവൻ മൺവെട്ടികൊണ്ടു സുകുമാരന്റെ തല വെട്ടിമറിയ്ക്കുന്നു. പെട്ടിയും എടുത്തുകൊണ്ടോടുന്നു)

(കർട്ടൻ)

---

## ആറാംരംഗം

(പൂക്കാപ്പിൽവീട്ട്, കേശവപ്പണിക്കർ മൂക്കിൽക്കണ്ണടയും കയ്യിൽ ഒരു കത്തുമായി പ്രവേശിക്കുന്നു)

കേശവപ്പണിക്കർ—(കത്തുനോക്കിയിട്ട) ഇതു് എത്ര വായിച്ചിട്ടും മതിയാകുന്നില്ല. "അമ്മാവാ! അവിടുന്നു് എന്റെ സകല തെററുകളും ക്ഷമിക്കണമേ" എന്നു് എന്റെ കുഞ്ഞു രണ്ടുമൂന്നുതവണ എഴുതിയിരിക്കുന്നു. ഈശ്വരാ! ഞാൻ നിർഭാഗ്യാഗ്രേസരൻ എന്നായിരുന്നു വിചാരിച്ചിരുന്നതു്. അല്ലാ. അല്ലാ. പരമഭാഗ്യവാൻ ഞാണു്. നമ്മുടെ ആശാന്റെ മകൾ കുട്ടിക്കു് ആൾ അയച്ചിട്ട—കാണുന്നില്ലല്ലോ—അവൾതന്നെയാണു് എന്റെ കുട്ടപ്പനെ തിരിച്ചു കൊണ്ടുവരുന്നതു്. അവൾ പറഞ്ഞ മാതിരി പരസ്യം ചെയ്യാതിരുന്നെങ്കിൽ ഈ ജന്മത്തു് അവൻ തിരിച്ചു വരികയില്ലായിരുന്നു.

(സുമതി പ്രവേശിക്കുന്നു)

സുമതി—സുകുമാരപ്പണിക്കരെദ്ദേഹം വരാറായില്ലേ?

കേശ—ഇനി താമസിക്കുകയില്ല. വണ്ടിവരാൻ നേരം കഴിഞ്ഞു. നല്ലവണ്ണം ഓടുന്ന ഒരു കുതിരയെയാണു് റയിൽ വേസ്റ്റേഷനിൽ അയച്ചിരിക്കുന്നതു്. സുമതീ! ഞാൻ വീണ്ടും പറഞ്ഞുപോകുന്നതാണു്, നീതന്നെയാണു് കുട്ടപ്പനെ കൊണ്ടുവന്നതു്. എന്റെ വാർദ്ധക്യത്തിൽ ആനന്ദം തളിച്ചതു നീയാണു്. അവന്റെ തള്ള, എന്റെ കൊച്ചുടപ്പിറന്നവൾ, പരലോകത്തിരുന്നു് നിന്നെ അനുഗ്രഹിക്കുകയാണു്.

സുമ—(ആത്മഗതം) ഈശ്വരാ! അദ്ദേഹം ഇപ്പോൾ എന്നെ ഓക്കുന്നുണ്ടോ? ഇല്ല. തീച്ചയായും മറന്നിരിക്കണം. അല്ലെങ്കിൽ എനിക്കൊരെഴുത്തയയ്ക്കുകയോ, വിവാഹത്തിന്റെ കാൎയ്യം പരസ്യത്തിൽ പറഞ്ഞിരിക്കുന്ന സ്ഥിതിക്കു് അതു് അമ്മാവനുള്ള എഴുത്തിൽ സൂചിപ്പിക്കുകയോ ചെയ്യുമായിരുന്നു.

കേശ—കുഞ്ഞേ! നീ എന്താണു് ആലോചിച്ചുകൊണ്ടു നില്ക്കുന്നതു്? പുത്തൻകടവിലെ കൊച്ചപ്പൻപിള്ളയെ ഞാൻ വിവരം അറിയിച്ചിട്ടുണ്ടു്. അയാളും മകളും വരാതെയിരിക്കുകയില്ല. പഴയ ബന്ധുക്കൾ അല്ലേ? ഇനി ഭാൎഗ്ഗവി വരുന്നതു് കുട്ടപ്പനു ദേഷ്യമായിത്തോന്നിയേക്കുമോ, എന്തോ! അവളെ വേണ്ടെന്നു പറഞ്ഞാണല്ലോ അവൻ നാടുവിട്ടുപോയതു്.

സുമ—പിന്നെ ആരെയോ വിവാഹം ചെയ്യാൻ ഉറച്ചിട്ടുണ്ടെന്നു സുകുമാരപ്പണിക്കരദ്ദേഹം അന്നു് ഇവിടത്തോടു പറഞ്ഞതു് ആരെപ്പററിയാണു്?

കേശ—ആരോ, എന്തോ! പള്ളിക്കൂടത്തിൽ അന്നെന്നോടുകൂടെപ്പഠിച്ചിരുന്ന വല്ല കൊച്ചുങ്ങളെയുംകണ്ടു് അന്നു അങ്ങിനെ പറഞ്ഞതായിരിക്കണം. അതൊക്കെ കുട്ടിക്കളികൾ അല്ലേ? ഒക്കെ മറന്നുകാണും. അങ്ങിനെയല്ലേ നിനക്കു തോന്നുന്നതു്?

സുമ—(ഇടറി) ഒരുപക്ഷേ—ഒരുപക്ഷേ അതു ശരിയായിരിക്കാം.

(ഭാൎഗ്ഗവിക്കുട്ടി പ്രവേശിക്കുന്നു)

ഭാൎഗ്ഗ—ഞാൻ വരാൻ കുറേ താമസിച്ചുപോയോ അമ്മാവാ! അച്ഛൻ ഇന്നലെ എവിടെയോ പോയിരിക്കുകയാണു്. അച്ഛൻ വരട്ടെ എന്നു വിചാരിച്ചു് ഞാൻ ഇരുന്നുപോയി. കൊച്ചുപണിക്കർചേട്ടൻ വന്നില്ലേ?

കേശ—ഇല്ല. ഇപ്പോഠം വരും. ഇപ്പോഠം ഭാൎഗ്ഗവിയെക്ക ണ്ടാൽ കട്ടപ്പൻ അറിയുമോ എന്തോ?

സുമ—(ആത്മഗതം) ദേവി! എൻെറ ജീവിതം പാഴിലാ ണെന്നറിയുവാൻ ഇനി അധികം താമസമില്ല.

കേശ—ഭാൎഗ്ഗവി ഈ കുട്ടിയെ അറിയുകയില്ലേ? നമ്മുടെ ആശാൻെറ മകഠം.

ഭാൎഗ്ഗ—അറിയും. അത്ര വലിയ പരിചയമില്ല. നമുക്കൊ ക്കെ വീട്ടിൽനിന്നു ബോധിച്ചതുപോലെ വെളിയിൽ ഇറങ്ങുവാൻ സാധിക്കുമോ അമ്മാവാ! പിന്നെങ്ങി നെ ഇങ്ങനെയുള്ളവരെ പരിചയമാകും!

കേശ—ഇവളാണു് കുട്ടപ്പൻെറ തിരിച്ചുവരവിനു കാരണം.

ഭാൎഗ്ഗ—അതെങ്ങിനെ? ഇവർ തമ്മിൽ വല്ല പരിചയവും ഉണ്ടോ?

കേശ—അതല്ലാ അങ്ങിനെ പത്രങ്ങളിൽ പരസ്യം ചെയ്യ ണമെന്നു പറഞ്ഞതു് ഇവളാണു്. ഞാനും കുട്ടപ്പനും അതൊരിക്കലും മറക്കുകയില്ല.

ഭാൎഗ്ഗ—അമ്പോ, അതു് അത്ര വലിയ കാൎയ്യമോ? അച്ഛ നോടു ചോദിച്ചാൽ അച്ഛൻ പറഞ്ഞുതരുമായി രുന്നല്ലോ.

കേശ—വണ്ടി വന്നുനില്ക്കുന്ന ശബ്ദം കേഠക്കുന്നു. അതേ നമ്മുടെ വണ്ടിയാണു്. കുട്ടപ്പാ! നിൻെറ മുഖത്തു ഞാൻ എങ്ങിനെ നോക്കും. കുഞ്ഞേ! നീ എന്നോടു ക്ഷമിക്കണമേ.

സുമ—(ആത്മഗതം) ദേവീ! ഇനി അധികസമയം എനി ക്കില്ല.

(വാസവൻ പ്രവേശിക്കുന്നു)

കേശ—(മുന്നോട്ടുചെന്നു്) കുട്ടപ്പാ!

വാസവൻ—(പണിക്കരുടെ പാദങ്ങളിൽ നമസ്കരിച്ച്) അമ്മാവാ! എന്റെ സകല അപരാധങ്ങളും ക്ഷമിക്കണം. (പണിക്കർ വാസവനെ എഴുനേല്പിക്കുന്നു)

സുമ—(ആത്മഗതം) ആളുപോലെ സ്വഭാവം മാറിയിരിക്കുന്നല്ലോ. ദേവീ! ഞാൻ ഇനിയത്തെ കുറേസമയം എങ്ങിനെ കഴിക്കേണ്ടു?

വാസ—അമ്മാവാ! ഞാൻ അവിടുത്തെ വളരെ വ്യസനിപ്പിച്ചു. എന്തു പ്രായശ്ചിത്തംചെയ്താണു് ഞാൻ ആ മഹാപാപത്തിനു പരിഹാരം നേടുന്നതു്?

കേശ - കുട്ടപ്പാ! നിന്നെ ഈശ്വരൻ അനുഗ്രഹിക്കട്ടെ; ദുഷ്ടനായ ഞാൻ നിന്നെ ഇത്രനാൾ കഷ്ടപ്പെടുത്തി. ഇനി നിന്റെ ശുശ്രൂഷ ഏററു പരലോകം പ്രാപിക്കണമെന്നല്ലാതെ എനിക്കു് വേറെ ഒരു ആഗ്രഹവും ഇല്ല. (സുമതിയെ കാണിച്ച്) ഇവളെ നീ അറിയുകയില്ലേ? നമ്മുടെ ആശാന്റെമകൾ; അന്നു നീ പോകുമ്പോൾ എട്ടുപത്തുവയസ്സേ കാണുകയുള്ളൂ. നല്ല വിവരമുള്ള കുട്ടിയാണു്.
(വാസവൻനിർവ്വികാരനായി നോക്കുന്നു. സുമതി മുഖം തിരിക്കുന്നു.)

കേശ—ഭാർഗ്ഗവിയെ കുട്ടപ്പൻ അറിയുമല്ലോ. കൊച്ചപ്പൻപിള്ള മകളുടെകൂടെ ഇങ്ങെത്തുമായിരുന്നു. പക്ഷേ എവിടെയോ പോയിരിക്കുകയാണു്.

വാസ—(ഭാർഗ്ഗവിയെ സസ്നേഹം കടാക്ഷിച്ചിട്ടു്) കൊള്ളാം. ഞാൻ അറിയുകയില്ലേ. ഞാൻ ഊഹിച്ചതുപോലെ തന്നെ ഭാർഗ്ഗവിക്കുട്ടിക്കു വേണ്ട ശരീരപുഷ്ടി വന്നിട്ടുണ്ടു്.

സുമ—(ആത്മഗതം) ഈശ്വരാ! എന്റെ ജാതകം സ്ഥിരപ്പെട്ടു എന്നെ എങ്ങിനെയെങ്കിലും ഇവിടെനിന്നു രക്ഷപ്പെടുത്തണമേ ഭഗവതീ!

ഭാൎഗ്ഗ—ചേട്ടൻ വരുന്ന കാൎയ്യം അച്ഛനറിഞ്ഞില്ല.

വാസ—ഞാൻ പുത്തൻകടവിലേക്കും എഴുതണമെന്നു വിചാരിച്ചു. പക്ഷേ അമ്മാവനു കത്തെഴുതിയപ്പോഴേക്കും കണ്ണുകൾ നിറഞ്ഞും കൈ തളൎന്നും പോയി.

കേശ—കുട്ടപ്പാ! നീ അകത്തുപോയി മുണ്ടുമാറി കുളിക്ക്—അല്ലെങ്കിൽ കാപ്പി കൊണ്ടുവരുവാൻ പറയട്ടോ.

വാസ—വേണ്ടാ എനിക്കു ധൃതിയില്ല. ഭാൎഗ്ഗവിക്കുട്ടിയെ എവിടെയാണു വിവാഹം ചെയ്തിരിക്കുന്നതു്.

കേശ—ഇല്ല. അവൾക്കു സംബന്ധം ആയില്ല.

വാസ—കൊള്ളാം.

(ഭാൎഗ്ഗവി ലജ്ജിക്കുന്നു. സുമതി വിഷമിക്കുന്നു)

കേശ—സുമതി! ആശാനു സുഖമാകുമ്പോൾ ഇങ്ങോട്ടുവരാൻ പറയണം. പണ്ടത്തെ ശിഷ്യൻ വന്നിരിക്കുന്ന ദിവസം ആശാനു സുഖമില്ലാതായല്ലോ. കുട്ടപ്പാ! നീ അങ്ങോട്ടുപോയി ആശാനെ കാണണം.

വാസ—ഇപ്പോഴും നമ്മുടെ പറമ്പിൽതന്നെയോ അയാളുടെ താമസം?

(സുമതിയുടെ മുഖം ചുവക്കുന്നു.)

കേശ—അതേ. അതു് അദ്ദേഹത്തിന്റെ സ്വന്തമെന്നാണു് ഞാൻ കരുതിയിരിക്കുന്നതു്. നീയും അങ്ങിനെ കരുതണം.

വാസ—ഭാൎഗ്ഗവിക്കുട്ടിക്കു് അച്ഛൻ വന്നിട്ടു പോകാമല്ലോ. നമുക്കു് അകത്തേക്കു പോകാം. സുമതിയമ്മേ! ഞാൻ ആശാനെ കണ്ടുകൊള്ളാമെന്നു പറഞ്ഞേക്കണം.

(സുമതി വിളറുന്നു.)

(കൎട്ടൻ)

---

## ഏഴാം രംഗം

(സുമതിയുടെ വീട്ട്. സുമതി ചിന്താധീനയായി ഒരു ബെഞ്ചിൽ ഇരിക്കുന്നു)

**സുമതി**—(ആത്മഗതം) എങ്ങിനെയാണ് ഈ ടിക്കിൽ നിന്നു പോകേണ്ടതു്? അച്ഛനു സുഖം ഇല്ല. വേറൊരു സ്ഥലത്തുപോയി താമസമുറപ്പിക്കുവാൻ ഞങ്ങൾക്കു ഗതിയും ഇല്ല. ഇന്നലെ വന്ന ഉടൻതന്നെയുള്ള അദ്ദേഹത്തിൻെറ ഭാവങ്ങൾകൊണ്ടു ഞാൻ നല്ലവണ്ണം ധരിച്ചുകഴിഞ്ഞു. ഞാൻ എന്തിനു് അദ്ദേഹത്തെ കുററപ്പെടുത്തണം? കുട്ടിക്കാലത്തിൽ ഒരു കളി മാത്രം ആയിരുന്നല്ലോ അതു്. അതിനെ വിശ്വസിച്ചു് അതിമോഹംവളർത്തിയ ഞാൻ ബുദ്ധിമോശം പ്രവർത്തിച്ചു എന്നല്ലാതെ അദ്ദേഹത്തെ കുററപ്പെടുത്തേണ്ടതായ യാതൊരാവശ്യവും ഇല്ല. ഇവിടെ താമസിച്ചാൽ വല്ലപ്പോഴും ഒക്കെ അദ്ദേഹം എന്നെ കണ്ടേക്കും. അതു് അവിടുത്തെ മനസ്സിനു് ഒരു കുണ്ഠിതമായിത്തീർന്നേക്കും.

(മുന്നോട്ടുവന്നു കൈകൂപ്പി)

ജഗദീശാ! സുമതിയുടെ ജീവിതം പാഴിലായി. അവൾക്കു് ഇനി ഗതിയില്ല. മുജ്ജന്മപാപങ്ങൾകൊണ്ടു കഷ്ടത അനുഭവിക്കേണ്ട ഞാൻ എന്തിനു വെറുതേ ഭാഗ്യരാശികളെ കുററപ്പെടുത്തണം?

(വാസവൻ പുറകിൽവന്നു നില്ക്കുന്നു)

**സുമതി**—(ഇടറിയസ്വരത്തിൽ) ഞാൻ ഇത്രയുംനാൾ നിഷ്ഫലമായ ഒരു സ്വപ്നത്തെ അവലംബിച്ചു് എൻെറ ആയുസ്സു് അകാലമായി അവസാനിപ്പിച്ചു. ജഗദീ

ശ്വരി! മായാമയേ! ഈ ദുഃഖങ്ങൾ താങ്ങുവാൻ എനിക്കു ശക്തിയുണ്ടാക്കിത്തരേണമേ.

വാസവൻ—(മുന്നോട്ടുവന്നു്) എന്താണു് പ്രാണേശ്വരി! സങ്കടപ്പെടുന്നതു്?

സുമ—(പരിഭ്രമിച്ചു്) അവിടുന്നു് എപ്പോൾ ഇവിടെ വന്നു?

വാസ—ഞാൻ ഇവിടെയല്ലാതെ എവിടെയാണു് വരേണ്ടതു്? എന്റെ ജീവൻ പിന്നെ എവിടെയാണു കിടക്കുന്നതു്?

സുമ—അവിടുത്തെ ഈ ഭാവഭേദം എനിക്കു മനസ്സിലാകുന്നില്ല.

വാസ—ഭാവഭേദമോ? കുഞ്ഞുന്നാൾമുതൽ ദൃഢമായി ഉറച്ചുപോയ ഹൃദയാപ്പ്ണമല്ലേ? ഞാൻ നിന്റേതും നീ എന്റേതും അല്ലേ?

സുമ—ഭാഗ്യമേ! നീ എന്നെ പരിഹസിക്കുന്നോ? ഇന്നലെ അങ്ങിനെയല്ലല്ലൊ അവിടെക്കണ്ടതു്.

വാസ—അതു വെറും ലോകബോദ്ധ്യത്തിനു വേണ്ടിയുള്ള നാട്യം അല്ലായിരുന്നുവോ? ഇന്നലെരാത്രി ഞാൻ ഒട്ടെല്ലെങ്കിലും ഉറങ്ങിയിട്ടുണ്ടോ? എന്റെ ഓമനയുടെ മൃദുലതനുവാണെന്നുവിചാരിച്ചു പട്ടുമെത്തകൾ തലോടി രാത്രിയെ ശപിക്കുകയല്ലായിരുന്നുവോ?

സുമ—അഹോ കഷ്ടം! മഹാശയനായ അവിടുത്തെപ്പററി പാപബുദ്ധിയായ ഞാൻ തെററിദ്ധരിച്ചു. അപ്പോൾ ആ ഭാഗ്യവിക്കുട്ടിക്കു് അവിടുന്നു ക്രൂരങ്ങളായ ആശകൾ നൽകുകയായിരുന്നുവല്ലോ.

വാസ—അവൾ അതുകൊണ്ടു തൃപ്തിപ്പെടും. ലോകർ അറികെയുള്ള നാമമാത്രവിവാഹം അവളെ തൃപ്തിപ്പെടു

ത്തിക്കൊള്ളും. മാൻപേടയേപ്പോലെ നിഷ്കല്മഷയായ എന്റെ ഈ ഓമന അതറിയുന്നുണ്ടോ?

സുമ—എനിക്കു് അവിടുന്നു പറഞ്ഞതു തീരെ മനസ്സിലാകുന്നില്ല.

വാസ—വിവരിച്ചു പറയാം. അമ്മാവനു ധാരാളം സ്വത്തുക്കൾ ഉണ്ടെന്നറിയാമല്ലോ അതിന്റെ ഭരണത്തിനും ഞങ്ങളുടെ കുടുംബത്തിനുചേൎന്ന അന്തസ്സിനും ഞാൻ ഭാൎഗ്ഗവിയെ പരസ്യമായി വിവാഹം കഴിക്കാതിരിക്കുവാൻ നിവൃത്തിയില്ല. കൊച്ചപ്പൻപിള്ള അത്ര വലിയ കരുത്തനാണു്. എന്നാൽ എന്റെ യഥാൎത്ഥകളത്രം എന്റെ പൊന്നോമനസ്സുമതിയല്ലാതെ മററാരും അല്ല.

സുമ—(ചൊടിയോടുകൂടി) എന്തു്? എന്താണു് അങ്ങു പറയുന്നതു്? ഒരിക്കൽക്കൂടിപ്പറയണം.

വാസ—ഒന്നും പറയുവാനില്ല. ആ നെറുകയിൽ ഞാൻ അന്നു ചെയ്തതുപോലെ ഉറപ്പിച്ചൊന്നു ചുംബിച്ചുകൊള്ളട്ടെ.

(സുമതിയോടു് അടുക്കുന്നു)

സുമ—(മാറിനിന്നു്) അങ്ങു് ആരെ വിവാഹം കഴിക്കുവാനാണു നിശ്ചയിച്ചിരിക്കുന്നതു്?

വാസ—ആരെയെങ്കിലും ആയിക്കൊള്ളട്ടെ. എന്റെ പ്രണയഭാജനം എന്റെ കൊച്ചുസുമതിതന്നെ.

സുമ—കഷ്ടം! അങ്ങേയ്ക്കു ലേശവും ലജ്ജയില്ലേ ഇതു പറയുവാൻ?

വാസ—(പോക്കററിൽനിന്നു് ചില കടലാസെടുത്തു്) ഇതാ എന്റെ ഹൃദയത്തോടു് ഏററവും അടുത്തു പാൎക്കുന്ന ഈ സ്നേഹിതന്മാർ പറയുന്നു "സുകുമാരാ! ലജ്ജിക്കണ്ടാ".

സുമ—ആ കടലാസുകഠം എന്താണു്?

വാസ:—സുമതി മറന്നുപോയെങ്കിലും ഞാൻ മറന്നിട്ടില്ല. എൻെറ പേർ എഴുതി 'എൻെറ തങ്കം' എന്നു ചാൎത്തി ഓമന അന്നെനിക്കു തന്നതാണു്. ഞാൻ ഇന്നും അതു കളഞ്ഞിട്ടില്ല. എൻെറ ശവത്തോടുകൂടിമാത്രമേ അതിനു നാശം വരുകയുള്ളൂ.

സുമ—അതിങ്ങു തരണം ഹേ! നിങ്ങഠംക്കു പുരുഷത്വം ഉണ്ടെങ്കിൽ അതു നിങ്ങഠം ഇനിമേൽ സൂക്ഷിക്കുന്നതു നന്നല്ല.

വാസ—അപ്പോഠം എൻെറ ഓമന എന്നെ തീരെ ഉപേക്ഷിക്കുകയാണോ?

സുമ—നിങ്ങളോടു ഞാൻ എന്താണു പറയേണ്ടതു്? ഒരു കാൎയ്യം മനസ്സിൽ തോന്നുന്നതു പറയാം. എൻെറ ഹൃദയത്തിൽ കുടികൊള്ളുന്ന മോഹനവിഗ്രഹം—പൂക്കാപ്പിൽ സുകുമാരപ്പണിക്കർ—നിങ്ങഠം അല്ലെന്നു് എനിക്കു് ഇന്നലെ നിങ്ങളെ ആദ്യമായി കണ്ടപ്പോഠം തോന്നിയ സംശയം ബലപ്പെട്ടിരിക്കുന്നു. നിങ്ങഠം വേറെ ആരോ ആണു്.

വാസ—(ഞെട്ടിയിട്ടു്) എന്തു്! നീ ഭ്രാന്തു പറയുന്നോ സുമതീ! ഞാൻ നിന്നെ വിവാഹംചെയ്തു ഏഴുനിലമാളികമുകളിൽവച്ചു പൂജിക്കാം എന്നേററാൽ ഞാൻ പഴയ സുകുമാരൻതന്നെ; ഇക്കണ്ടതിനൊക്കെ അവകാശിയുംതന്നെ. അല്ലേ?

സുമ—(ഈൎഷ്യയോടെ) പണിക്കരേ! നിങ്ങഠം സുകുമാരനാകട്ടെ, ജഗദീശ്വരനാകട്ടെ; അനേകജന്മം തപസ്സുചെയ്തു് യാചിച്ചാൽപ്പോലും ഞാൻ നിങ്ങളുടെ ഭാൎയ്യയാകുന്നതല്ല. നീചനും കുടിലനും ധനപ്രമത്തനും ആയ നിങ്ങളും ഞാനും തമ്മിലുള്ള ദൂരം അത്ര വളരെയുണ്ടു്.

വാസ—നിരാശകൊണ്ടു സ്ത്രീകൾ ഈവമാതിരി വാക്കുകൾ പറയുമെന്നു സാഹിത്യകാരന്മാർ നമ്മോടു വളരെ നേരത്തേതന്നെ പറഞ്ഞിട്ടുണ്ടു്.

സുമ—(പുച്ഛഭാവത്തിൽ) ഇപ്പോൾ എന്നോടു പ്രദർശിപ്പിച്ച മനോഭാവമുള്ള ഒരു പുരുഷനോടുകൂടി ജീവിതം കഴിക്കാം എന്നു വിചാരിക്കുന്ന ഒരൊററപ്പെണ്ണു് ഒരിടത്തും ഉണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. അങ്ങനെയിരിക്കുമ്പോഴാണോ എനിക്കു നിരാശ? ഇത്ര നേരത്തെ കള്ളികൾ വെളിയിലായതിൽ എനിക്കു് അതിരററ സന്തോഷമാണുള്ളതു്.

വാസ—(സംഭ്രമത്തോടെ) ഏതു കള്ളികൾ?

സുമ—നിങ്ങൾ ഇത്ര നികൃഷ്ടനാണെന്നുള്ളതു്.

വാസ—ആപ്പോൾ ഞാൻ ഭാർഗ്ഗവിയെത്തന്നെ പ്രണയിച്ചുകൊള്ളട്ടേ?

സുമ—നിങ്ങൾ ഭാർഗ്ഗവിയെയല്ല ഭദ്രകാളിയെ പ്രണയിച്ചുകൊള്ളു. പ്രണയംപോലും! ആ പരിശുദ്ധവേദത്തിൻെറ അർത്ഥം മനസ്സിലാക്കുവാൻ നിവൃത്തിയില്ലാത്ത ചണ്ഡാലൻ.

വാസ—(കോപത്തോടെ) ധിക്കാരി! നീയും നിൻെറ അച്ഛനും എൻെറ ഏകരക്ഷയിലാണു് കഴിയുന്നതെന്നു നീ ഓർക്കാതെയാണു സംസാരിക്കുന്നതു്.

സുമ—(നേരെചെന്നു്) ആരെയാണു പണിക്കരേ! നീ എന്നു വിളിച്ചതു്? കടക്കു പുറത്തു്.

വാസ—(ഹാസ്യഭാവത്തിൽ ചിരിച്ചു്) എൻെറ വീട്ടിൽ നിന്നു ഞാൻ പുറത്തുകടക്കണം; ഇല്ലേ?

സുമ—എന്നാൽ അവിടെ നിന്നുകൊള്ളൂ.

(പോകുന്നു)

വാസ—(ആത്മഗതം) എത്ര ചീത്ത കേട്ടാൽ എന്തു്? എത്ര ദിവ്യസൗന്ദൎയ്യം? പക്ഷേ സൗന്ദൎയ്യത്തിനുവേണ്ടി എന്റെ ഐശ്വൎയ്യം ഞാൻ ബലികഴിക്കുവാൻ നിശ്ചയിച്ചിട്ടില്ല. കൊച്ചപ്പൻപിള്ളയോടുള്ള ബന്ധം ഇവിടെ ഒരു സ്ഥിതി ഉറപ്പിക്കുവാൻ അത്യാവശ്യമാണു്. സിലോൺകാട്ടിൽ എല്ലായിപ്പോഴും അലഞ്ഞു നടക്കുന്ന ആ മറയനെ പാററിയ അബദ്ധം എനിക്കുണ്ടാകരുതു്.

(കർട്ടൻ)

---

## എട്ടാം രംഗം

---

(പൂക്കാപ്പിൽവീടു്. കൊച്ചപ്പൻപിള്ളയും വാസവനും പ്രവേശിക്കുന്നു)

വാസവൻ—പാട്ടക്കാരിൽ പലരും പിണങ്ങിനില്ക്കുന്നമട്ടാണു്. അമ്മാവൻ പന്തീരാണ്ടുകാലത്തിനുമുമ്പു് നിസ്സാരതുകകൾക്കു പാട്ടംകൊടുത്തിരുന്ന വസ്തുക്കൾ ഒന്നു പുതുക്കിയെഴുതിക്കണമെന്നു വിചാരിച്ചിട്ടു സാധിക്കുന്നില്ല. ചേട്ടൻ അതിലൊന്നു സഹായിച്ചേ മതിയാവൂ.

കൊച്ചപ്പൻപിള്ള—അതിനൊക്കെ ഓരോനിരക്കും മററനുഭവങ്ങളുംഒക്കെ ഉണ്ടു്, കൊച്ചുപണിക്കരങ്ങുന്നേ! ഞാൻ ഇല്ലാതെ ഈരടിക്കിലും അട്ടത്തടിക്കിലും ഒരൊററഭാഗം നടക്കുകയില്ല. ഒരുകാൎയ്യം ഏററാൽ തല പോയെങ്കിലും വിചാരിച്ചേടത്തുകൊണ്ടുകെട്ടാതെയിരിക്കുകയുമില്ല. പിന്നെന്തു്? നിങ്ങളേപ്പോലെയുള്ള സ്വഭാവത്തിലല്ല. അതുകൊണ്ടു് ചെയ്യുന്നജോലിക്കു വല്ലതും കൂലിവേണമെന്നു പറഞ്ഞുപോകുന്നതാണു്.

വാസവൻ—ആഹഹ്! സ്വന്തം ആളുകൾക്കുവേണ്ടി വല്ലതും ചെയ്യുന്നതിനു കയ്ക്കൂലിവാങ്ങുക ഈ ദിക്കിലെ ബന്ധുക്കളുടെ പതിവായിരിക്കും.

കൊച്ചു—ഞങ്ങളും നിങ്ങളുടെ കുടുംബവുംതമ്മിൽ പണ്ടെങ്ങാണ്ടു് ഒരു ബന്ധം ഉണ്ടെന്നു 1012-ാമാണ്ടിനുമുമ്പു് ഒരു കേൾവിയുണ്ടു്. അത്രേയുള്ളു. അതുകൊണ്ടു് എന്റെ അടുക്കളയിൽ തീപുകയുകയില്ല.

വാസവൻ—ആ ബന്ധം പുതുക്കുവാൻ ഞാൻ നിശ്ചയിച്ചിരിക്കുമ്പോൾ?

കൊച്ചു—അതേ. അക്കാര്യമെന്താണെന്നു പറയണം. അതിനെപ്പററി നാം തമ്മിൽ ഒന്നുംസംസാരിച്ചില്ലല്ലോ.

വാസവൻ—നിങ്ങളുടെ മകൾ ഭാർഗ്ഗവിയെ ഞാൻ വിവാഹംചെയ്യുന്നതിനു നിശ്ചയിച്ചിരിക്കുന്നു എന്നുള്ള കാര്യം ലോകർക്കെല്ലാം അറിയാം. എന്നിട്ടു പെൺകുട്ടിയുടെ അച്ഛനുമാത്രം അറിവില്ലെന്നുവന്നാൽ അതത്ഭുതമല്ലേ?

കൊച്ചു—ലോകരെല്ലാം പറയുന്നതുകേട്ടൊന്നും ഇളകുന്ന ആൾഅല്ല അവളുടെ അച്ഛൻ; മനസ്സിലായോ?

വാസവൻ—അതിനു് ഞാനെന്തുവേണം?

കൊച്ചു—നാംതമ്മിൽ അതിനേപ്പററി സംസാരിക്കണം. എനിക്കു പത്തുംപലതും ഇല്ല. ഒരൊററക്കുട്ടി. അവൾക്കു് അമ്മയും അമ്മാവനും ആരുമില്ല. ഞാൻ മാത്രം.

വാസവൻ—(കൊച്ചപ്പൻപിള്ളയുടെ കയ്യിലടിച്ചു്) ഇതാ ഞാൻ അവളെ വിവാഹംചെയ്യുവാൻ നിശ്ചയിച്ചിരിക്കുന്നു.

കൊച്ചു—ശരി. ഇനി എന്തെല്ലാമാണു വേണ്ടതു്? പാട്ടുകാർ നാളെമുതൽ വന്നുതുടങ്ങും. കുടുംബത്തിലെ ഭര

ണക്കാരനും കൈവശക്കാരനും എന്ന നിലയിൽ അവർ രജിസ്റ്റർപാട്ടച്ചീട്ടു് എഴുതി നിങ്ങളുടെ പേക്ക തരും.

വാസവൻ—അതുമാത്രം പോരാ. എനിക്ക പണത്തിനു് ആവശ്യം ഉണ്ടു്. മുൻകൂർ കുറേ പാട്ടസംഖ്യയും വേണ്ടിയിരിക്കുന്നു. കണ്ടില്ലേ, ഈ പഴയ കെട്ടിടങ്ങൾ. കാററും വെളിച്ചവും കയറുകയില്ല. അതൊക്കെ ഒന്നു പുതുക്കേണ്ടിയിരിക്കുന്നു.

കൊച്ചു—അതു് വലിയ പണിക്കരെദ്ദേഹത്തിനു രസിക്കുമെന്നു തോന്നുന്നില്ല. കാൎയ്യം പറയാമല്ലോ.

വാസവൻ—അദ്ദേഹം കിടപ്പിലായില്ലേ? പക്ഷവാതമാണു സുഖക്കേടു്. ഇനി ആ മുറിവിട്ടിറങ്ങുവാൻ അമ്മാവനു സാധിക്കുമെന്നു തോന്നുന്നില്ല

കൊച്ചു—ശരി, ഒന്നുനോക്കിയാൽ നിങ്ങൾ പറയുന്നതാണു ശരി. മേലാലുള്ള കാൎയ്യങ്ങൾ നോക്കേണ്ടതു നിങ്ങളാണല്ലോ. അതുതന്നെയുമല്ല, ഇനി വലിയപണിക്കരെദ്ദേഹത്തിനു താമസിക്കുവാനുള്ള സൗകൎയ്യമല്ലല്ലോ നോക്കേണ്ടതു്. അടിയന്തിരം എന്നു കഴിക്കണമെന്നാണു് വച്ചിരിക്കുന്നതു്? ഈമാസം കൊള്ളുകയില്ല. എനിക്കു് ആ ഒരു ഭാരമേയുള്ളു. അതുംകൂടി കഴിഞ്ഞു സ്വസ്ഥനായി ഒന്നിരിക്കണമെന്നാണു ഉദ്ദേശിക്കുന്നതു്. വയസ്സും ആയില്ലേ?

വാസവൻ—സ്വസ്ഥനായിരിക്കുവാൻ സാധിക്കുകയില്ല. എന്റെ കാൎയ്യങ്ങൾ ഒക്കെ ഒന്നു വെടിപ്പുവരുത്തണം.

കൊച്ചു—അതു കളയണം. രണ്ടാഴ്ച ബുദ്ധിമുട്ടിയാൽ മതിയല്ലോ. അതിനെനിക്കു വലിയ പ്രയാസമില്ല. അടിയന്തിരത്തീയതി നിശ്ചയിച്ചുകൊള്ളട്ടേ?

വാസവൻ—അതിനു് എനിക്കാണു ധൃതി

കൊച്ചു—അല്ല. മൂപ്പീന്നു് ഇതിന്നിടയ്ക്കു് ഉരുണ്ടുവീണു ചാവുന്നെങ്കിൽ പിന്നെ അതു് ഒരു വിഷമമാണു്. അതുകൊണ്ടു് എത്രയും നേരത്തേ കഴിക്കാമെന്നാണു് എന്റെ ഉദ്ദേശം.

വാസവൻ—അതു് ഈയിടെ എങ്ങും പേടിക്കുവാൻ ഇല്ല. വാതമല്ലേ? കുറേക്കിടന്നു നരകിക്കും.

കൊച്ചു—അതേ, ചെയ്ത പാപങ്ങൾ അനുഭവിക്കണ്ടേ? നിങ്ങൾ തിരിച്ചുവന്നതിന്റെ നല്ലതാംപക്കമോ മറ്റോ കിടന്നതാണല്ലോ. ഇപ്പോൾ ഏകദേശം പത്തുമാസം—ഒരുവഷത്തോളവും ആയിരിക്കുന്നു.

വാസവൻ—ഞങ്ങൾതമ്മിൽ തീരെ സുഖമില്ല. അങ്ങേ പറമ്പിൽ താമസിച്ചിരുന്ന ആശാനും മകളുമില്ലേ? ആ ഉവ്ശി—അവരെ അവിടെനിന്നിറക്കിയതിൽ അമ്മാവൻ എന്നെ കുറേ ദേഷ്യപ്പെട്ടു. അതും ഞാൻ നിങ്ങളെ കരുതി ചെയ്തതാണു്. ആ പെണ്ണിനെ ഞാൻ വിവാഹംചെയ്യണമെന്നോ മറ്റോ അമ്മാവന് ആഗ്രഹം ഉണ്ടായിരുന്നതായി തോന്നുന്നു. ആ കോളുകണ്ടാണു് അവരെ ഈ നാട്ടിൽനിന്നുതന്നെ ഞാൻ പായിച്ചതു്.

കൊച്ചു—അതൊക്കെ പച്ചക്കള്ളം. എന്റെ മകളെയാണു് നിങ്ങൾ സംബന്ധം ചെയ്യേണ്ടതെന്നു വലിയ പണിക്കരദ്ദേഹത്തിനു് ഇന്നും ഇന്നലെയും ഉണ്ടായ ആഗ്രഹമല്ല. നിങ്ങൾ പിണങ്ങിപ്പോകുവാൻതന്നെ കാരണം അതല്ലേ?

വാസവൻ—അതേ. പക്ഷേ അതിന്നിടയ്ക്കു് ആശാന്റെ മകൾ—അവളുടെ പേരെന്തു്?—സുമതി. ആ പെണ്ണു് ഇവിടെ വരികയും അമ്മാവനെ രാമായണവും പുരാണങ്ങളും മററും വായിച്ചുകേൾപ്പിക്കുകയും ഒക്കെ

ച്ചെയ്തുകൊണ്ടിരുന്നു. അവർ ഇപ്പോൾ എവിടെയാ ണോ എന്തോ?

കൊച്ചു—തിരുവനന്തപുരത്താണു്. ഇന്നാളിൽ ഹൈ ക്കോട്ടിൽ ഒരു കേസ്സിനുപോയപ്പോൾ പെണ്ണു് ആസ്പ ത്രിയിൽനിന്നു തന്തയ്ക്കു മരുന്നുവാങ്ങിക്കൊണ്ടുപോ കുന്നതു കണ്ടു. അതു് എവിടെയെങ്കിലും പോയി ത്തുലയട്ടെ. അപ്പോൾ ഞാൻ ദിവസമൊക്കെ നി ശ്ചയിക്കാം. ഞാൻ പോകുന്നു. പാട്ടച്ചീട്ടുകൾ നാളെ മുതൽ നിങ്ങളുടെപേൎക്കു് എഴുതുകയായി.

വാസവൻ—അതേ, എല്ലാം ഞാൻ അങ്ങോട്ടേല്പിച്ചിരിക്ക യാണു്.

കൊച്ചു—ഇതും ഇതിനപ്പുറവും എന്നെക്കൊണ്ടു സാധിക്കും. അടിയന്തിരം അടുത്തമാസം ആദ്യം.

( കൎട്ടൻ )

---

## ഒൻപതാം രംഗം

---

(തിരുവനന്തപുരത്തു സുമതിയുടെ വസതി,
സുമതി പ്രവേശിക്കുന്നു)

സുമതി—(ആത്മഗതം) നാളത്തേക്കു ചെലവിനു യാതൊ ന്നുമില്ല. അച്ഛനു തീരെ സുഖവുമില്ല. അച്ഛൻെറ പുസ്തകം ആ പത്രാധിപർ ഇതുവരെ അച്ചടി തുടങ്ങി യിട്ടും ഇല്ല. അയാൾ അപ്പഴപ്പോൾ മുൻകൂറായിത്ത രുന്ന പണംകൊണ്ടു ചെലവു നടത്തിവരികയാണു്. അതുതന്നെ ഒരു അസ്വാസ്ഥ്യം. എത്രയാണു്

കയ്യിൽ ഉള്ളതെന്നു നേരത്തെ അറിഞ്ഞിരുന്നെങ്കിൽ അല്പം ആശ്വാസം ഉണ്ടായിരുന്നു. അതിനും മാർഗ്ഗമില്ല. ഈശ്വരാ! എൻെറ അച്ഛൻെറ മരണംവരെ ദാരിദ്ര്യം ഞങ്ങളെ ബാധിക്കാതെയിരുന്നെങ്കിൽ— ആ ദുഷ്ടൻ ഇപ്പോൾ പൂക്കാപ്പുവീടും സ്വത്തുക്കളും അടക്കിബ്ഭരിക്കുകയാണു്. അന്നു ആ ദിക്കിൽനിന്നു പോരണമെന്നുണ്ടായിരുന്നെങ്കിലും ഇപ്പോൾ ആ മനോഹരമായ സ്ഥലങ്ങൾ ഓർമ്മിച്ചിട്ടു കഠിനമായ ദുഃഖം ഉണ്ടു്. (ഒരു വശത്തേക്കു നോക്കി) അച്ഛൻ ഇങ്ങോട്ടു വരികയാണെന്നു തോന്നുന്നു.

(ആശാൻ പ്രവേശിക്കുന്നു)

ആശാൻ—മകളേ! കുഞ്ഞേ! പത്രാധിപർ ഇന്നലെ വന്നിട്ടു എൻെറ പുസ്തകത്തെപ്പററി യാതൊന്നും പറയാതെ പോയതെന്താണു്? അയാൾക്കു അതു അച്ചടിക്കുവാൻ നിവൃത്തിയില്ലെങ്കിൽ ഇങ്ങു തിരിച്ചുതരട്ടെ. നമുക്കു വേറെവല്ലവർക്കും കൊടുക്കാം.

സുമതി—അദ്ദേഹം അതു് ആരേക്കൊണ്ടോ ഒക്കെ നോക്കിക്കുകയാണെന്നല്ലേ പറഞ്ഞതു്?

ആശാ—എൻെറ കൃതിയോ? അതു നോക്കുവാൻ ആരുണ്ടു് ഇവിടെ?

സുമ—അല്ലാ. പള്ളിക്കൂടങ്ങളിൽ അതിൻെറ ചിലഭാഗങ്ങൾ എടുപ്പിക്കണമെന്നാണത്രേ അദ്ദേഹത്തിൻെറ ഉദ്ദേശം. അതിനു കമ്മിററിക്കാരിൽ ആരേക്കൊണ്ടോ നോക്കിക്കുകയാണു്. കാരിംഗ്ടൺ എന്നോ മറേറാ ഒരു സായിപ്പിനെ നാലാംസർഗ്ഗം കാണിക്കുവാൻ കൊണ്ടുപോവുകയാണെന്നാണു് ഇന്നലെ പറഞ്ഞതു്. അതിലെ യമകം ശരിയാണോ എന്നു് സായിപ്പു നോക്കണമത്രേ.

ആശാ—സായിപ്പിയെ ഈ കാവ്യം കാണിക്കുവാനോ? അതുകൊള്ളാം. അവന് ഈ ഭാഷയറിയാമോ?

സുമ—നാട്ടുഭാഷയിൽ ഉള്ള ധാരപ്പരീക്ഷ ജയിച്ചിട്ടുള്ള ആൾ ആണ്. ആ സായിപ്പാണ് ഇന്നു മലയാള ഭാഷയുടെ മേലാവു്.

ആശാ—എന്നാൽ എൻെറ പുസ്തകം അയാൾ നോക്കണ്ടാ. (നിരാശനായി) അങ്ങിനെ പറഞ്ഞാൽ സാധിക്കുകയില്ലല്ലോ. നാം കുറേ മുൻക്രൂർപററിപ്പോയല്ലോ. ഈശ്വരാ! ദാരിദ്ര്യവും സാഹിത്യവും ഈ നാട്ടിൽ ഒന്നുചേൻതന്നെ പോകുന്നതു്. ആരറിയുന്നു ഇതൊക്കെ? മററുവല്ലടത്തും ആയിരുന്നെങ്കിൽ എൻെറ പുസ്തകത്തിനു് വലിയ ബഹുമതികൾ ലഭിക്കുമായിരുന്നു. മലയാളഭാഷ കുത്തുമോ കടിക്കുമോ എന്നു നിശ്ചയമില്ലാത്ത ഒരു സായിപ്പാണ്, ഇവിടെ കാളിദാസൻ ഏതു്, ഭവഭൂതിയേതു് എന്നൊക്കെ നിശ്ചയിക്കേണ്ടതു്. സ്വദേശിഭരണംപോലും, സ്വദേശിഭരണം!

സുമ—സ്വദേശികളും ഉണ്ടല്ലൊ! കാളിദാസൻെറ ശാകുന്തളത്തിൽ വജ്ജിക്കേണ്ട വല്ലഭാഗവും ഉണ്ടോ എന്നു നോക്കുന്നതു് ഇരണിയിൽച്ചന്തയിൽ കരുപ്പട്ടിക്കച്ചവടം ടെക്സ്റ്റ്റുബുക്കു കമ്മിററിമെമ്പർ ശെൽവമുത്തു എന്നയാൾആണ്. നാടാർക്രിസ്ത്യാനികളുടെ പ്രതിനിധിയായി കമ്മിററിയിൽ അദ്ദേഹത്തെയാണ് എടുത്തിരിക്കുന്നതു്.

ആശാ—എനിക്കു കേൾക്കണ്ടാ. കുഞ്ഞേ! നിന്നെ മലയാളം പഠിക്കുവാൻ ഞാൻ പള്ളിക്കൂടത്തിൽ അയക്കാഞ്ഞതു നന്നായി. അല്ലെങ്കിൽ നീ ഈ ചാന്നാട്ടിമാരുടെയും ചട്ടക്കാരുടെയും മലയാളംപഠിച്ചുപോകുമായിരുന്നല്ലോ. ഇതാ പത്രാധിപർ വരുന്നു. നമ്മുടെ

കയ്യിൽ പണം കുറവാണെന്നു ഞാൻ ഇന്നലെത്തന്നെ പറഞ്ഞിട്ടുണ്ടു്. അദ്ദേഹം വല്ലതും കൊണ്ടുവരാതെയിരിക്കുകയില്ല.

(പത്രാധിപർ ശശാങ്കൻനായർ പ്രവേശിക്കുന്നു)

പത്രാധിപർ—ഞാൻ ഇന്നലെത്തന്നെ വരേണ്ടതായിരുന്നു. പത്തുരൂപാ കിട്ടുവാനുള്ളപാടു് ചില്ലറയല്ല. ഇന്നലെ ഒരുദ്യോഗസ്ഥൻ നമ്മേപ്പററിച്ചപററ്! അയാളം പറഞ്ഞിട്ടാണു് വേറൊരുത്തനെപ്പററി പത്രത്തിൽ ശകാരിച്ചെഴുതിയതു്. രണ്ടുപേർ ഒരു സ്പെഷ്യൽഡ്യൂട്ടിക്കു അപേക്ഷക്കാരായിരുന്നു. എതിരാളിയെ ആക്ഷേപിച്ചെഴുതിയാൽ ഇരുപതു രൂപായും അളിയനു് ഒരു ആക്ടിങ്ങുമായിരുന്നു ഉടമ്പടി. എന്നിട്ടു് ലേഖനം കയ്യിൽതന്നു. ഞാൻ അതു പ്രസിദ്ധപ്പെടുത്തി. എതിരാളി നിലവിളിച്ചു പിന്നെ, രണ്ടാഴ്ച അയാളുടെ പുറകേനടന്നു. ശമ്പളം കിട്ടട്ടേ, സഞ്ചാരപ്പടിവാങ്ങട്ടെ എന്നൊക്കെ ഒഴികഴിവു പറഞ്ഞു. ഒടുവിൽ ഞാൻ ഒരു വിദ്യപ്രയോഗിച്ചു. എന്നേക്കളിപ്പിച്ച ഉദ്യോഗസ്ഥനെപ്പററി ഒരു ലേഖനം വന്നിരിക്കുന്നെന്നും സ്ഥലമില്ലാത്തതിനാൽ അടുത്തലക്കത്തിലേക്കു മാററിവച്ചിരിക്കുന്നു എന്നും ഈ ലക്കത്തിൽ ഒരു കുറിപ്പു ഇട്ടു. ഇന്നു മുപ്പത്തഞ്ചു കയ്യിൽ, അളിയനു് ഒരു പകരവും, എന്നെയാണോ ഇവന്മാർ കളിപ്പിക്കുക. പത്രപ്രവൎത്തനംപോലെ ആദായകരമായ ഒരു തൊഴിൽ തിരുവിതാംകൂറിൽ ഇല്ല.

ആശാ—പത്രാധിപർ സാറേ! എന്റെ പുസ്തകം നിങ്ങളം സായിപ്പന്മാരേയും ചാന്നാന്മാരെയും ഒക്കെക്കൊണ്ടു തെററുതിരുത്തിക്കുന്നെന്നു കേൾക്കുന്നു. അങ്ങനെയാ

ണെങ്കിൽ അതിങ്ങു തന്നേക്കണം. അവരാരും എന്റെ പുസ്തകം നോക്കണ്ടാ.

പത്മാ—അവിടുത്തേക്കു ഇന്നത്തെ മട്ടൊന്നും നിശ്ചയമില്ല. അതൊക്കെ ശരിയാകും. ഞാൻ പോകുന്നു.

(പതുക്കെ) സുമതിക്കുട്ടീ! ഞാൻ വളരെ കഷ്ടപ്പെട്ടു. ഒക്കെ ഓർമ്മിച്ചുകൊള്ളണം. പോകട്ടെ. ഇന്നു ഒരു എം. എൽ സി. തിരുവനന്തപുരത്തു എത്തിയിട്ടുണ്ടു്. വഴിയിൽവച്ചു കണ്ടു അയാളെ വല്ല ഉദ്യോഗത്തിനും ശുപാർശചെയ്യു ന്നെഴുതാമെന്നു പറഞ്ഞാൽ മുപ്പതു രൂപാ ഒരാക്കം. നമുക്കു ഉദ്യോഗസ്ഥനും അനുദ്യോഗസ്ഥനും ഒരുപോലെ പണംതരണം അയാൾ കടക്കുന്നതിനുമുമ്പു പിടികൂടണം. എല്ലാം ഭദ്രം.

(പോകുന്നു)

സുമ—അച്ഛാ! നാം ആപത്തിലേക്കു ചാടുകയാണെന്നാണു് തോന്നുന്നതു്. സത്യവും നീതിയുമായി യാതൊരു ബന്ധവും ഇല്ലാത്ത ഒരുവന്റെ കയ്യിലാണു് നാം അകപ്പെട്ടിരിക്കുന്നതു്.

ആശാ—ഞാൻ ഒന്നും അറിഞ്ഞില്ലേ. പത്മനാഭൻ രക്ഷിക്കട്ടെ.

സുമ—അച്ഛൻവരണം, കുളിക്കാൻ പോകാം.

(കർട്ടൻ)

---

## പത്താം രംഗം

---

(പൂക്കാപ്പിൽ വീട്ടു്. വാസവൻ ഇരിക്കുന്നു)

വാസവൻ—(ഒരു കത്തു കയ്യിൽവച്ചുകൊണ്ടു്) ഇവൻ ആരു്! ഭാർഗ്ഗവിക്കുട്ടിയുടെ പ്രേമം എല്ലാം തനിക്കായിട്ടാണു് കൊടുത്തിരിക്കുന്നതെന്നു് എഴുതുന്ന വിഡ്ഢി! ഇന്നു പതിനൊന്നുമണിക്കു് വരുമെന്നാണല്ലോ എഴുതിയിരിക്കുന്നതു്. വരാറായി. ആളിനെ ഒന്നു കാണുവാൻ കൗതുകംകൂടുന്നു. ഈ നാടു വല്ലാത്ത ഒരു നാടാണു്. ഏതെല്ലാംമാതിരി വിശിഷ്ടജീവികളെക്കാണാം. ഇതാ, ഈ വരുന്ന ആൾ ആണെന്നു തോന്നുന്നു ആ പ്രണയക്കാരൻ. വേഷവും നന്നായിട്ടാക്കുന്നുണ്ടു്.

(ഗോപാലൻനായർ പ്രവേശിക്കുന്നു)

ഗോപാലൻനായർ—നമസ്കാരം. എന്റെ അന്വേഷണത്തിനു ലക്ഷ്യമായ യുവപ്രഭുതന്നെയായിരിക്കണമല്ലോ അങ്ങു്?

വാസ—അതേ, നിങ്ങൾ എനിക്കൊരു കത്തയച്ചിരുന്നു; ഇല്ലേ? പുത്തൻകടവിലെ ആ പെൺകുട്ടിയെപ്പററി സൂചിപ്പിച്ചിരുന്ന കത്തു്.

ഗോപാ—സൂചിപ്പിക്കുകയല്ലാ, ആ ശ്രീമതിയും ഞാനും തമ്മിലുള്ള ഹൃദയരഹസ്യങ്ങൾ വിശദമായും എന്നാൽ സംക്ഷിപ്തമായും പക്ഷേ അർത്ഥഗർഭമായും ആ ചെറു ലേഖനത്തിൽ പ്രകാശിപ്പിച്ചിരുന്നു.

വാസ—നിങ്ങൾ ചെയ്തുതന്ന ഉപകാരത്തിനു വളരെ വന്ദനം. ഞാൻ ആ കുട്ടിയെ വിവാഹം ചെയ്യുവാൻ പോകുന്നതുകൊണ്ടു്, അവളുടെ ഇഷ്ടാനിഷ്ടങ്ങൾ നിങ്ങളെപ്പോലെ അവളോടു് അടുത്തു പരിചയം ഉള്ള ഒരാളിൽനിന്നുമറിയുന്നതു നന്നാണല്ലോ.

ഗോപാ—നിങ്ങൾ ആ രത്നത്തെ എന്നിൽനിന്നും അപഹരിക്കുവാൻ ഒരുമ്പെട്ടുന്ന ഒരു തസ്കരനാണു്. നിങ്ങൾ തന്മൂലം രണ്ടു പ്രാണനെ നശിപ്പിക്കുകയാണെന്നുള്ള പരമാൎത്ഥത്തിലേക്കാണു് എന്റെ കത്തുമൂലം നിങ്ങളുടെ ശ്രദ്ധയെ ക്ഷണിച്ചതു്.

വാസ—രണ്ടു പ്രാണനെ എന്നു പറഞ്ഞതു്?

ഗോപാ—സാക്ഷാൽ ദിവ്യപ്രണയാരാമത്തിലെ നിഗൂഢകേളിനികുഞ്ജത്തിൽ പരസ്പരാവലംബികളായി ആത്മനിർവൃതി ആസ്വദിക്കുന്ന രണ്ടു വിഹംഗങ്ങളുടെ പ്രാണൻ.

വാസ—ഇപ്പറഞ്ഞതു സാധാരണഭാഷയിൽ പറയുകയാണെങ്കിൽ? ഞാൻ വളരെനാൾ സിലോണിൽ താമസിച്ചിരുന്നതുകൊണ്ടു് ഈ വലിയ വാക്കുകളുടെയും വാചകങ്ങളുടെയും ഒക്കെ അൎത്ഥം മനസ്സിലാകുന്നില്ല.

ഗോപാ—നിങ്ങൾ ഭാൎഗ്ഗവിക്കുട്ടിയെ വിവാഹം ചെയ്യുന്നു എന്നു കേൾക്കുന്നതു ശരിയാണോ?

വാസ—അതിൽ ലേശം തെററില്ല.

ഗോപാ—ഞാൻ ആ ഓമനയുടെ കാമുകൻ ആണെന്നറിയാമോ? അഥവാ എന്റെ കത്തുമൂലം അറിഞ്ഞില്ലേ?

വാസു—അതിലെ വാചകങ്ങൾ പലതവണ വായിച്ചിട്ട് കഷ്ടിച്ച് അങ്ങിനെ ഏതാണ്ടൊരർത്ഥം ഞാൻ ധരിച്ചു. ഇപ്പോൾ നിങ്ങളുടെ വ്യാഖ്യാനം കേട്ടപ്പോൾ ശരിയായി അറിഞ്ഞു.

ഗോപാ—(പോക്കററു തൊട്ടുകാണിച്ച്) ഇതാ, ഈ ഷർട്ടു പോക്കററിൽ കിടക്കുന്ന ഈ കത്തുകൾ അവൾ എനിക്കയച്ചിട്ടുള്ളതാണ്.

വാസു—(ആത്മഗതം) നന്നായി, ഈ മറയയേ ഇങ്ങനെ കിട്ടിയതു്. ഇതു് ഇവിടെ എടുത്തുവച്ചേച്ചാൽ കൊച്ചപ്പൻപിള്ളയുടെ മേലും നമുക്കൊരു പിടിയായല്ലോ.

ഗോപാ—നിങ്ങൾ ഇപ്പോൾ ചിന്തിക്കുന്നു. അതു് എനിക്കു് മനസ്സിലാകുന്നു. മനുഷ്യരുടെ മാനസികപരിവർത്തനങ്ങൾ അതിശീഘ്രം ഗ്രഹിക്കുവാനുള്ള ശക്തി എനിക്കുണ്ടു്. അദ്ധ്യാപകവൃത്തിയിൽ ഞാൻ സമ്പാദിച്ചിരിക്കുന്ന വിജയത്തിൻെറ രഹസ്യവും മറെറാന്നുമല്ല.

വാസു—അങ്ങിനെ മനോവികാരങ്ങൾ നല്ലതുപോലെ ഗ്രഹിക്കുവാൻ ശക്തനാണു നിങ്ങൾ എങ്കിൽ, ഒരു പ്രായത്തിൽ, യുവാക്കന്മാരുടെ പ്രേരണകൊണ്ടു്, എല്ലാ പെൺകുട്ടികളും ഇങ്ങനെ കത്തുകൾ എഴുതുമെന്നു് നിങ്ങൾ അറിയുമായിരുന്നല്ലോ.

ഗോപാ—സമ്മതിച്ചു. എന്നാൽ ഞാൻ ഇതിൽ പല നിരാശകൾക്കും വിധേയനായവനാണു്. ആദ്യം ഒരു യുവതിയെ പ്രണയിച്ചു. അവളെ സിംഗപ്പൂരിൽ ജോലിയുള്ള ഒരു ഡാക്ടർ കൊണ്ടുപോയി. രണ്ടാമതു് ഒരു ട്യൂഷൻമൂലം പ്രണയം ഉദിച്ചു. അതിനെ ഒരു മോട്ടോർ ഡ്രൈവർ സ്വന്തമാക്കി. മൂന്നാമതു്

ഒരു അദ്ധ്യാപികയായിരുന്നു. അവളുടെ നാലാമത്തെ ഹൃദയാപ്പ്ണമായിരുന്നു എന്നോടു്. അവൾക്കു കിട്ടിയ ഒരു സ്ഥലംമാററവും പ്രമോഷനും ഞങ്ങളുടെ ചിത്തബന്ധത്തേ ഖണ്ഡിച്ചു. നാലാമതു് താഴ്ന്ന ക്ലാസ്സിൽ ഞാൻ പഠിപ്പിച്ചിട്ടുള്ളതും കാലാന്തരത്തിൽ ഒരു മുഖ്യപരിക്ഷാവിജയിനിയായിത്തീന്നതും ആയ ഒരു കോമളാംഗിയിൽ ഹൃദയം പകൻ. പക്ഷേ ആകസ്മികമായുണ്ടായ ഒരു വയറുകടി ആ പ്രണയത്രപിണിയെ ഇഹലോകത്തിൽനിന്നു മറച്ചു. അഞ്ചാമതു്—

വാസ—മതി, മതി. അതുപോലെ ഒരു മുപ്പതാമത്തതോ മറേറാ ആണു് ഇതെന്നു സമാധാനപ്പെട്ടുക.

ഗോപാ—അല്ല. എനിക്കു് ഇനി ഒരു നവ്യബന്ധം ഉണ്ടാകുവാൻ നിവൃത്തിയില്ല. വാസ്തവം പറയണമല്ലോ, ആയുസ്സും ശേഷിക്കുകയില്ല.

വാസ—ആ കത്തുകൾ ഭാഗ്ഗവിയുടേതാണെന്നു പറഞ്ഞല്ലോ. അതു ഞാൻ എങ്ങിനെ വിശ്വസിക്കും?

ഗോപാ—(കത്തുകെട്ടെടുത്തു് മേശപ്പുറത്തിട്ടിട്ടു്) നോക്കിക്കൊള്ളാം. സൂയ്യനും ചന്ദ്രനും സകല ചരാചരങ്ങളും സാക്ഷിയാക്കിയാണു് ഞങ്ങൾ പരസ്പരം ഹൃദയസമപ്പ്ണം അനുഷ്ഠിച്ചതു്.

വാസ—(കത്തുകെട്ടെടുക്കുന്നു) ഇനി എത്രയെണ്ണം വീട്ടിൽ വച്ചിട്ടുണ്ടു്.

ഗോപാ—ഭാഗ്ഗവിയെ സംബന്ധിച്ചിടത്തോളവും ഇത്രമാത്രമേയുള്ളു.

വാസ—മററുള്ളതെല്ലാം വേറെ ഫയലുകൾ ആയിരിക്കാം. എന്നാൽ ദയവുചെയ്തു് ഈ കടലാസിൽ ഒന്നെഴുതിത്തരണം (പേനായും കടലാസ്സും കൊടുക്കുന്നു)

ഗോപാ—എന്തു് എഴുതണം?

വാസ—ഞാൻ പറയുന്നതെഴുതണം അതായതു്:—"പുത്തൻകടവിൽ കൊച്ചപ്പൻപിള്ളയോടുള്ള വിരോധത്താൽ ഞാൻ അദ്ദേഹത്തിൻെറ മകളെക്കുറിച്ചു് അപരാധം പറഞ്ഞു പരത്തുന്നതാണു്"—വേഗം എഴുതണം.

ഗോപാ—(സംഭ്രമിച്ചു്) മനസ്സിലാകുന്നില്ല.

വാസ—(കോപത്തോടെ) എഴുതുവെടോ വാദ്ധ്യാരേ!

ഗോപാ—അല്ല, അല്ല. എനിക്കിതേതും മനസ്സിലാകുന്നില്ല.

വാസ—ഞാൻ ആ പെണ്ണിനെ വിവാഹംചെയ്യുവാൻ നിശ്ചയിച്ചു. താൻ ഇനി അവളെക്കുറിച്ചു് യാതൊന്നും പറയാതിരിക്കണം. പറയുന്നതായാൽ തൻെറ പല്ലൊന്നും വായിൽ ശേഷിക്കുന്നതല്ല. എന്നാലും ഒരു രേഖക്രുടി ഇരിക്കട്ടെ എന്നു കരുതുകയാണു്. എഴുതു ചലമ്പാതെ.

ഗോപാ—ഇല്ല, നിവൃത്തിയില്ല. ഞാൻ പറഞ്ഞില്ലേ, ഇനി എൻെറ ഹൃദയം ആ കേന്ദ്രത്തിൽനിന്നിളക്കി വേറൊന്നിൽ പ്രതിഷ്ഠിക്കുവാൻ നിവൃത്തിയില്ലെന്നു്.

വാസ—ച്ഛ്! എഴുതാൻപറഞ്ഞാൽ—(കഴുത്തിനു പിടിക്കുന്നു.)

ഗോപാ—അയ്യോ! എഴുതാം. പക്ഷേ—

വാസ—"പക്ഷേ" ഒന്നുമില്ല. എഴുതു.

(ഗോപാലൻനായർ എഴുതിത്തുടങ്ങുന്നു)

( ക ട്ടൻ )

## പതിനൊന്നാം രംഗം

(തിരുവനന്തപുരത്തു സുമതിയുടെ വസതി. പത്രാധിപർ പ്ര വേ ശി ക്കു ന്നു)

പത്രാധിപർ—(ആത്മഗതം) എന്തായാലും ഇന്നു് അവളോടു നേരിട്ടുതന്നെ പറയാം. ആ കിഴവൻ ആശാൻെറ പുസ്തകം ഞാൻ ഇവിടെനിന്നു കൊണ്ടുചെന്ന ദിവസംതന്നെ തീയ്യിലിട്ടു. അതു് ഇനി വച്ചുകൊണ്ടിരുന്നാൽ ഇവർ എൻെറ അധീനത്തിലാകുകയില്ല. അതുകൊണ്ടു്, ഇനി അവൾക്കു യാതൊരു ഗതിയും ഇല്ല. അക്കാര്യം ഒന്നു സൂചിപ്പിക്കാം ഇന്നു്.

(സുമതി പ്രവേശിക്കുന്നു)

സുമതി—അങ്ങു കുറേനേരമായി വന്നിട്ടു്; ഇല്ലേ? അച്ഛനു തീരെ സുഖമില്ല. പുസ്തകത്തിൻെറ അച്ചടി എന്നു തുടങ്ങുന്നു എന്നാണു് അച്ഛനു വലിയ പരിഭ്രമം. അതു് അദ്ദേഹത്തിൻെറ ആയുസ്സിലെ ഏകസമ്പാദ്യമാണു്. ലോകസാഹിത്യത്തിൽ തൻെറ യശസ്സു ചിരമായി സ്ഥാപിക്കാം എന്നാണു് അദ്ദേഹം ആ ഗ്രന്ഥത്തെപ്പററി വിചാരിക്കുന്നതു്. എന്നെ സംബന്ധിച്ചു പറയുകയാണെങ്കിൽ, ദാരിദ്ര്യത്തിൽ നിന്നു കരകയറുവാനുള്ള ഒരു മാർഗ്ഗമായിമാത്രമേ ഞാൻ അതിനെ കണക്കാക്കുന്നുള്ളൂ.

പത്രാ—അതിനു വേറേ മാർഗ്ഗമുണ്ടെങ്കിൽ പിന്നെ ഈ പഴഞ്ചൻകവിത അച്ചടിച്ചുവിട്ടു് മററുള്ളവരെ ഉപദ്രവിക്കാതെയിരിക്കുകയല്ലേ നന്നു്.

സുമ—അല്ലാ ഞാൻ പറഞ്ഞതിൻെറ അത്ഥം അങ്ങു തെററിദ്ധരിച്ചു. ആ കാവ്യം അനർഘവും അതിൻെറ സ്ഥാനം അദ്വിതീയവും ആണെന്നു് എനിക്കറിയാം. എൻെറ അച്ഛൻെറ ഇരുപതുമുപ്പതുവഷത്തെ ശ്രമമാണു് അതു്. പക്ഷേ, അതുകൊണ്ടു് ചിലവും കഴിയുന്നല്ലോ എന്നാണു് എൻെറ സമാധാനം. അത്രയേ ഞാൻ പറഞ്ഞുള്ളു.

പത്രാ—സുമതിക്കുട്ടീ! എന്നേപ്പററി നല്ലതുപോലെ അറിഞ്ഞിട്ടില്ല. ഞാൻ ഒരു കൊച്ചുമിടുക്കനാണു്. പത്രപ്രവത്തനത്തിൻെറ ഗൂഢരഹസ്യങ്ങൾ ഞാൻ മനസ്സിലാക്കിയിട്ടുണ്ടു്. ഇവിടത്തെ ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും നിയമസഭയും എല്ലാം എൻെറ ഈ ചെറുവിരലിൽ കറങ്ങും. രാജ്യസേവനം എന്നോ സമുദായാഭിമാനം എന്നോ ഒന്നും നോക്കരുതു്. കാശുചോദിച്ചാൽ ആരു തരുന്നില്ല; അവനേയും അവൻെറ വീട്ടുകാരേയും തകക്കുക തകക്കുക എന്നുവച്ചാൽ ഭസ്മമാക്കുക. എത്ര കൈക്കൂലിക്കാരനും ദുമ്മാർഗ്ഗിയും ആയാലും നമ്മുടെ ആവശ്യങ്ങൾക്കു കാശുതരുന്നോ, അവനെ ദിവാനാക്കണമെന്നുവരെ എഴുതുക. ഇതാണു് എൻെറ കച്ചവടം പിന്നെ എലിവാലുപോലെ ഒരു പത്രക്കീററു കയ്യിൽ ഇരുന്നാൽ ആണ്ടിൽ ഒരു ടെക്സ്ററുപുസ്തകം റഡിയാണു്.

സുമ—ഇതാണോ പാവനമായ പത്രപ്രവത്തനം?

പത്രാ—അതാണല്ലോ ആളുകളുടെ തെററിദ്ധാരണ കൃഷിയും കച്ചവടവുംപോലെ ഇതും ആദായം ഉണ്ടാക്കേണ്ടതായ ഒരു തൊഴിലല്ലേ? കൂടുതൽ വളം ഇട്ടു കൃഷിചെയ്യുന്നെന്നുപറഞ്ഞു് വല്ലവരും കൃഷിക്കാരനെ കുററം പറയുന്നുണ്ടോ? അതുപോലെ പത്രംനടത്തി കൂടുതൽ

ആദായം എടുക്കുന്നവനെ എന്തിനു കുററപ്പെടുത്തണം? ഞാൻ ആദായം വരുത്തിക്കൊള്ളാം. സുമതിക്കുട്ടിക്കു യാതൊരു ബുദ്ധിമുട്ടും വരികയില്ല.

സുമ—ഇപ്പറഞ്ഞതും എൻെറ ബുദ്ധിമുട്ടുമായി ബന്ധം എന്താണു്?

പത്രാ—അതല്ലേ, ഞാൻ ഇതുവരെ ചെയ്തതൊന്നും നിങ്ങൾക്കു മനസ്സിലായില്ലെന്നു ഞാൻ പറയുന്നതു്. ഞാൻ ഈ പണം ഒക്കെ തരുന്നതു് എന്തിനെന്നാണു വിചാരം?

സുമ—എൻെറ അച്ഛൻ എഴുതിയ പുസ്തകത്തിൻെറ ആദ്യ പതിപ്പിനുള്ള അവകാശം നിങ്ങൾക്കു വേണമെന്നുള്ളതിനാൽ ആ തുകയുടെ മുൻകൂറാണു്.

പത്രാ—(പൊട്ടിച്ചിരിച്ചിട്ടു്) ഹാ!ഹാ!ഹാ! ആ മുതുമുക്കൻ പുസ്തകം ഞാൻ കെട്ടിവെച്ചു സൂക്ഷിക്കുന്നെന്നാണോ വിചാരിച്ചു വച്ചിരിക്കുന്നതു്?

സുമ—അല്ലാതെ?

പത്രാ-അതു് എന്നേ എൻെറ അരിവയ്പുകാരൻ വെള്ളംകാച്ചുന്നതിനു ചാമ്പലാക്കി. ശേഷിച്ചതു് ഉമിക്കരിയും പൊതിഞ്ഞു.

സുമ—(അത്യന്തം പരിഭ്രമത്തോടെ) അയ്യോ! ശശാങ്കൻ നായർ! നിങ്ങൾ പറയുന്നതു ശരിയാണോ? ശരിയോ! അല്ല അല്ല. നിങ്ങൾ അത്ര പാമരനല്ല. ആ അമൂല്യകൃതിയുടെ മാഹാത്മ്യം അറിയുവാൻ വഹിയാത്ത ആൾ അല്ല നിങ്ങൾ. നിങ്ങൾ ഒരു പത്രാധിപരല്ലേ? ഒരു പ്രസിദ്ധീകരണശാലാകർത്താവല്ലേ? അങ്ങിനെ ചെയ്തിരിക്കുകയില്ല.

പത്രാ—(ആത്മഗതം) ആ! വാസ്തവം ഇപ്പോൾ തട്ടിവിടേണ്ടതില്ലായിരുന്നു. ആട്ടെ, നേരംപോക്കാക്കിക്കളയാം. (പ്രകാശം) സുമതിക്കുട്ടിയമ്മ വല്ലാതൊന്നു ഭയപ്പെട്ടു. ഇല്ലേ? ഭയപ്പെടേണ്ടാ. അതു് ഞാൻ കെട്ടഴിക്കാതെ വച്ചിട്ടുണ്ടു്.

സുമ—പിന്നെ നിങ്ങൾ അതു് ആരെക്കൊണ്ടൊക്കെയോ പരിശോധിപ്പിക്കുന്നെന്നു ഒക്കെപ്പറഞ്ഞതോ?

പത്രാ—അതൊരു ചെറിയ പൊളിയായിരുന്നു. സമയം വേണ്ടേ, എന്നു്? ശ്ലോകവുംനോക്കി ആനന്ദിച്ചുകൊണ്ടിരുന്നാൽ എന്റെ ചിലവു നടക്കണ്ടേ, നിങ്ങളുടെ ചിലവു നടക്കണ്ടേ?

സുമ—പിന്നെ നിങ്ങൾ ഞങ്ങൾക്കുതന്ന പണമോ?

പത്രാ—അതൊക്കെ ആ പാദകമലങ്ങളിൽ അർപ്പിക്കുന്ന നേർച്ചകളാണു്.

സുമ—അസംബന്ധം പറയാതിരിക്കണം നായർ. നിങ്ങൾ ആ ഗ്രന്ഥത്തോടു് അത്ര വലിയ അനാസ്ഥയാണു് കാണിക്കുന്നതെങ്കിൽ, ദയവുചെയ്തു് അതിങ്ങു തിരികെ തന്നേക്കണം. അതു മററുവല്ലവർക്കും കൊടുത്തു നിങ്ങളുടെ കടവും വീട്ടിക്കൊള്ളാം.

പത്രാ—(ആത്മഗതം) മറഞ്ഞി! അതു ചാമ്പലായിട്ടു് മാസം നാലഞ്ചായി. (പ്രകാശം) അങ്ങിനെ ഒന്നും കലഹിച്ചു പിരിയണ്ടാ. ഇപ്പോൾ എത്ര രൂപാ വേണം? ഈ ലക്കത്തിൽ ദേവസ്വംതുറയെ ഒന്നുമുക്കുവാനാണു് പോകുന്നതു്. ദേവന്മാരെക്കൂട്ടു് അവന്മാർ സമ്പാദിക്കുന്ന പണത്തിൽ ഒരു അംശം നമുക്കുകൂടി ഇരിക്കട്ടെ, പിന്നെ ചെല്ലുന്ന ക്ഷേത്രങ്ങളിലൊക്കെ ശാപ്പാടും കിട്ടട്ടെ.

സുമ—ഞങ്ങൾക്കു ദേവസ്വവും ബ്രഹ്മസ്വവും ഒന്നും വേണ്ടാ. എന്റെ അച്ഛൻ ന്യായമായി ജോലിചെയ്തുണ്ടാക്കുന്ന പണംമതി.

പാത്രാ—ആകട്ടെ, ഞാൻ ഇതാ വന്നേച്ചു. ഇപ്പോൾപ്പോകുന്നതു് പോലീസുസൂപ്രണ്ടിന്റെ വണ്ടിയാണു്. ഒരു കേസന്വേഷണത്തിൽ കുറെ തട്ടി. അതിനെപ്പററി ഒരു ലേഖനം വന്നിട്ടുണ്ടെന്നും പറഞ്ഞു ഒരു പങ്കുകിട്ടുമോ എന്നു നോക്കട്ടെ (പോകുന്നു)

സുമ—(ആത്മഗതം) ഈശ്വരാ! ഇയാൾ പറഞ്ഞതു ശരിയായിരിക്കുമോ! എയ്യ്! അങ്ങനെ വരികയില്ല. എന്നെ ഒന്നു ഭയപ്പെടുത്തിയതാണു്. ഈ തിരുവനന്തപുരം വളരെ വിചിത്രമായ ഒരു ഭൂഭാഗംതന്നെയാണു്. പണം. പണം പണം. പണത്തിനുവേണ്ടി ആരെ കുത്തിക്കൊല്ലുവാനും ഇവിടെ ആർക്കും മടിയില്ല. പണമല്ലാതെ വേറെ യാതൊന്നും ഇവിടെ ആരെയും തമ്മിൽ ബന്ധിക്കുന്നില്ല. സ്നേഹം, കാരുണ്യം, ബഹുമാനം, ആദരം ഈ വികാരവിശേഷങ്ങൾക്കൊന്നിനും ഇവിടെ സ്ഥാനമില്ല. അവയ്ക്കു വിധേയരാകുന്നവർ അല്പജീവികൾ, ജീവിക്കുവാൻ കരുത്തില്ലാത്ത പഴഞ്ചന്മാർ എന്നാണു് സങ്കല്പം. വല്ലവിധത്തിലും ഇവിടെനിന്നു രക്ഷപ്പെട്ടാൽ മതിയായിരുന്നു.

(നാരായണപിള്ള പ്രവേശിക്കുന്നു)

അമ്മാവാ! വരണം ഈ സന്ദർഭത്തിൽ അമ്മാവനെ കണ്ടതു പ്രത്യേകിച്ചൊരു സുഖമായി. ഞാൻ ഹൃദയത്തിനു ശല്യമുണ്ടാക്കുന്ന ഏതോ ചില ചിന്തകളാൽ വിഷമിച്ചിരിക്കുകയായിരുന്നു. ഇരിക്കണം.

നാരായണപിള്ള—(ഇരുന്നിട്ടു്) ഞാൻ സുമതിക്കുട്ടിയെ എൻെറ ആത്മീയഗുരുവായി വരിച്ചിരിക്കുകയാണു്. അതുകൊണ്ടു് ഇങ്ങോട്ടുള്ള അപേക്ഷ നന്നായില്ല. എന്താണു് ഇപ്പോൾ വൈഷമ്യം ഉണ്ടായിരിക്കുന്ന തെന്നു കേൾക്കട്ടെ.

സുമ—ഒന്നുമില്ല. ഒന്നുമില്ല. അമ്മാവൻെറ വക്കീഷാപ്പു് എങ്ങിനെ ഇരിക്കുന്നു? തടിക്കു വിലയില്ലാതായതുകൊണ്ടു് ധാരാളം സാമാനങ്ങൾ പണിയിക്കാമല്ലോ.

നാരാ—പക്ഷേ വാങ്ങുവാനാരു്? ഇതിനുമുമ്പു് ഉദ്യോഗസ്ഥന്മാക്കു് സക്കാർജോലിമാത്രമേ നോക്കുവാനുണ്ടായിരുന്നുള്ളു. ഇപ്പോൾ കൺട്രാക്ററും എല്ലാം രഹസ്യമായി അവർ പിടിക്കുകയാണു്. ഒരു അനന്തരവനെയോ അനുജനെയോ കൊണ്ടുവന്നു് ആഫീസിൽ ക്ലാക്കായി നിയമിക്കുക. എന്നിട്ടു് ആഫീസിലെ ഫർണിച്ചർ കൺട്രാക്ടു് എല്ലാം അവനു കൊടുക്കുക. ഉദ്യോഗവും വ്യാപാരവും ഒന്നിച്ചു നടത്തിക്കൊള്ളുക. ആരാണു് ഇതൊക്കെ പരിഹരിക്കുന്നതു്! എന്തായാലും ഈ വലിയ സാമ്പത്തികാധഃപതനം ഞാൻ നിന്നു പൊറുക്കുന്നതു് എൻെറ ഒരു ജോലിക്കാരനേക്കൊണ്ടാണു്. അവൻ ഇല്ലായിരുന്നെങ്കിൽ ഞാൻ ചിരട്ട എടുത്തുപോകുമായിരുന്നു.

സുമ—അതെങ്ങിനെ?

നാരാ—വിറകുകീറി വണ്ടിയിൽ അടുക്കിക്കൊടുക്കണമോ അവൻ തയ്യാർ. ആശാരിപ്പണിയിൽ അതിവിരുതൻ. കണക്കെഴുത്തിൽ മഹാമിടുക്കൻ. നിരക്കുനിശ്ചയിച്ചു ജോലി എടുക്കുന്നതിനൊന്നാമൻ. നല്ല ശീലം, നല്ല രൂപം. ആക്കും സന്തോഷം. അങ്ങിനെ ഒരു സഹായിയെ കിട്ടിയിട്ടുണ്ടു്.

സുമ—ഭാഗ്യംതന്നെയല്ലോ അങ്ങിനെ ഒരാളിനെ കിട്ടിയതു്.

നാരാ—അവനു് ഒരു കുറവുമാത്രം. രണ്ടുരണ്ടരവഷത്തിനു മുമ്പാണെന്നു തോന്നുന്നു, അവനു് എവിടെവച്ചോ ഒരു വെട്ടുകിട്ടി. തലയുടെ പുറകിൽ ഒരു വെട്ടു്. വെട്ടാണോ എന്നൊന്നും അവനു നിശ്ചയമില്ല ആശുപത്രിയിൽനിന്നിറങ്ങിയതുമാത്രം അറിയാം. അതിനു മുമ്പു അവൻ ആരായിരുന്നു, ആരാണു് ഇങ്ങനെ ചെയ്തതു്, ജാതിയെന്തു്, വീടെവിടെ, വീട്ടിൽ ആരെല്ലാം ഉണ്ടു് എന്നൊന്നും അവനു നിശ്ചയമില്ല.

സുമ—അതു് അത്ഭുതമായിരിക്കുന്നല്ലോ. അയാൾക്കെന്തു പ്രായംവരും?

നാരാ—ഇരുപതു് ഇരുപത്തഞ്ചുവയസ്സുവരും. ഇരുപത്തിമൂന്നാമത്തെവയസ്സിനപ്പുറം ഉള്ളതൊന്നും അവനു അറിയുവാൻ വഹിയാ. ഞരമ്പേതോ അററുപോയതാണു്.

സുമ—അയ്യോ! കഷ്ടം! അച്ഛനമ്മമാരുണ്ടോ, വീടുണ്ടോ എന്നൊന്നും നിശ്ചയമില്ല; ഇല്ലേ?

നാരാ—ഇല്ല. ഞാൻ പല വൈദ്യന്മാരെക്കൊണ്ടും ചികിത്സിപ്പിച്ചു. ഫലം ഉണ്ടായില്ല. അവനെ ആരോ കൊളമ്പിൽനിന്നു തിരുവിതാംകൂറിൽ കൊണ്ടുവന്നു. ആര്യംകാവുസത്രത്തിൽവച്ചാണു ഞാൻ കണ്ടതു്. സുമതിക്കുട്ടി ഒരു ദിവസം അങ്ങോട്ടു വരണം. ഞാൻ കാണിച്ചുതരാം. (എഴുന്നേല്ക്കുന്നു)

സുമ—ആട്ടേ. അമ്മാവനു പോകുവാൻ ധൃതിയുണ്ടോ?

നാരാ—ഉണ്ടു്. ഇന്നു വക്ക്ഷാപ്പിലെ കാര്യം പറഞ്ഞപ്പോൾ അവിടെ നടത്തേണ്ടതായ ഒരു ജോലി ഓമ്മിച്ചു. ഞാൻ വയ്യിട്ടു വരാം.

( കട്ടൻ )

---

## പന്ത്രണ്ടാം രംഗം

(പുത്തൻകടവിൽവീട്ട്. പത്രാധിപർ ശശാങ്കൻനായർ പ്രവേശിക്കുന്നു)

പത്രാധിപർ—ഒന്നു് ഇളക്കിനോക്കാം. പൂക്കാപ്പിലെ യുവപ്രഭുവിൻെറ ഭാര്യയാകുവാൻപോകുന്ന ഭാഗ്യവതിയുടെ പടവും ഒരു ജീവചരിത്രസംക്ഷേപവും എൻെറ പത്രത്തിൽ പ്രസിദ്ധപ്പെടുത്താം എന്നു പറഞ്ഞാൽ വല്ലതും കിട്ടുകയില്ലേ? കിട്ടിയേക്കും. കൊച്ചപ്പൻപിള്ള കയ്യിൽ കാശുള്ള ആളാണു്. സുകുമാരപ്പണിക്കർ പത്തുരൂപാ തന്നു. ഇവിടുന്നു് അഞ്ചുരൂപായായാൽ അത്രയും ആയി. പത്തും അഞ്ചും പതിനഞ്ചു്. ഇപ്പോഴത്തേവിലയ്ക്കു് ഒരുചാക്കിനു ധാരാളം.

(ഭാർഗ്ഗവിക്കുട്ടി പ്രവേശിക്കുന്നു)

ഭാർഗ്ഗവി—നിങ്ങളാണോ അച്ഛനെ അന്വേഷിച്ചു വന്നുനില്ക്കുന്നു എന്നു പറഞ്ഞതു്? അച്ഛൻ ഇവിടെയില്ല.

പത്രാ—മകളേക്കണ്ടാൽമതി; ഭാഗ്യവതിയല്ലേ. പൂക്കാപ്പിലെ രാജ്ഞിയായി വാഴുവാൻ പോവുകയല്ലേ?

ഭാർഗ്ഗ—(ശൃംഗാരലജ്ജ അഭിനയിക്കുന്നു)

പത്രാ—അതുകൊണ്ടു് ആ ഛായാപടം ഒന്നു കിട്ടുമോ എന്നു ചോദിക്കുവാനും ഒന്നുകണ്ടു് ആനന്ദിക്കുവാനും കൂടി വന്നതാണു്.

ഭാർഗ്ഗ—എൻെറ പടം എടുത്തിട്ടുണ്ടോ എന്നു് അച്ഛനോടു ചോദിച്ചാൽ അറിയാം.

പത്രാ—ലോകത്തേപ്പററി ഒന്നും അറിയുന്നില്ല; അല്ലേ? എനിക്കു ഇതുപോലെയുള്ള കന്യകമാരിലാണു് വലിയ സ്നേഹവും ബഹുമാനവും.

ഭാഗ്ഗീ—(ലജ്ജിക്കുന്നു)

പത്രാ—എന്നെ സുകുമാരപ്പണിക്കരുദ്ദേഹത്തിനു പരിചയമില്ല. അന്നു് അടിയന്തിരത്തിനു ക്ഷണിക്കുമോ എന്തോ? എന്നെ മറക്കരുതു്.

ഭാഗ്ഗീ—നിങ്ങളുടെ പേർ എന്തു്?

പത്രാ—പത്രാധിപർ ശശാങ്കൻനായർ എന്നു്. എന്തു്? സുന്ദരമായ ഒരു പേരല്ലേ?

ഭാഗ്ഗീ—അതേ.

പത്രാ—ഞാൻ സുന്ദരനല്ലേ?

ഭാഗ്ഗീ—അതേ.

പത്രാ—പൂക്കാപ്പിൽ സുകുമാരപ്പണിക്കരേക്കാൾ സുന്ദരനല്ലേ?

ഭാഗ്ഗീ—ആണെന്നാണു് തോന്നുന്നതു്.

പത്രാ—എന്റെ പ്രണയം അങ്ങോട്ടു സമപ്പിച്ചുകൊള്ളട്ടോ?

ഭാഗ്ഗീ—(ലജ്ജിക്കുന്നു)

പത്രാ—മൗനം അനുവാദമാണെന്നു ഞാൻ ധരിച്ചിട്ടുണ്ടു്.

ഭാഗ്ഗീ—(ലജ്ജിക്കുന്നു)

(ഗോപാലൻനായർ പ്രവേശിക്കുന്നു)

ഗോപാലൻനായർ—ഞാൻ യാത്രചോദിക്കുവാനാണു് വന്നതു്. ഈ വിലാപപഞ്ചകം ഒന്നു വായിച്ചു നോക്കി അനുവാദം തരണം.

പത്രാ—(ആത്മഗതം) ഇതു് ആരപ്പാ!

ഗോപാ—നിങ്ങൾ ആരു്? ഒരുപക്ഷേ, നികൃഷ്ടനും പ്രണയരാക്ഷസനും ആയ പൂക്കാപ്പിൽപ്പണിക്കരുടെ ദൂതനായിരിക്കാം. നിങ്ങൾചെന്നു പറഞ്ഞേക്കു. ഭാർഗ്ഗവിക്കുട്ടിയിൽ ഗാഢാനുരക്തനായ ഞാൻ ആ വിടകേസരിയുടെ ഭീഷണിയിൽ ചഞ്ചലിതനാകാതെ നില്ക്കുമായിരുന്നു. എന്നാൽ എന്റെ ഹൃദയക്ഷേത്രത്തിൽ ചിരപ്രതിഷ്ഠിതമായ ആ മോഹനവിഗ്രഹത്തിൽ ചില പങ്കങ്ങൾ ദർശിക്കുന്നതിനാൽ ലോകംതന്നെ അസ്ഥിരമെന്നും, അബലകൾ ചപലമാരെന്നും, പ്രേമസ്ഥാനം ഈശപാദംമാത്രമാണെന്നും ഉള്ള ബോധത്താൽ പ്രേരിതനായി ശുദ്ധബ്രഹ്മചര്യവും സന്യാസവും വരിച്ചിരിക്കുന്നു. അങ്ങിനെയായാലും ലോകവ്യവഹാരത്തിലുള്ള സമരവും എനിക്കു് അപരിചിതമല്ല. (ഭാർഗ്ഗവിയോടു്) ദേവീ! അവിടത്തെ ഇഷ്ടംപോലെയാകാം. അവിടത്തെ പാദകമലങ്ങളിൽ ജീവൻ അർപ്പിച്ച ഈ സാധുവിനെ അവിടുന്നു പാദപ്രയോഗത്താൽ നിരാശാർണ്ണവത്തിന്റെ നടുച്ചുഴിയിലേക്കു പതിപ്പിച്ചു. അതിനു ഇവനുള്ള മറുപടി ഈ വിലാപപഞ്ചകത്തിൽ കാണുന്നതാണു്. പഞ്ചേന്ദ്രിയങ്ങളുടേയും വിലാപങ്ങളാണു്. ഇതാ ഇതു വാങ്ങു!

(കടലാസു നീട്ടുന്നു)

ഭാർഗ്ഗ—നിറുത്തണം സാറേ! എനിക്കിനി എഴുത്തൊന്നും തരണ്ടാ. ഞാൻ മറുപടി തരുന്നതുമല്ല. എന്നെ അച്ഛൻ കൊല്ലും. നിങ്ങൾ വകതിരുവില്ലാതെ, ഉള്ള കള്ളങ്ങളെല്ലാം പണിക്കരദ്ദേഹത്തിനോടു ചെന്നു പറഞ്ഞു. അദ്ദേഹം അച്ഛനോടു പറഞ്ഞു. അച്ഛൻ എന്നെ കൊല്ലാൻവന്നു.

ഗോപാ—ശിരസ്സു കാണിച്ചു കൊടുക്കാമായിരുന്നില്ലേ?

ദിവ്യപ്രണയത്തിൻെറ മന്ദഹാസമായ ഖഡ്ഗപ്രഭയ്ക്കു് ശിരസ്സു ഭക്ഷ്യമാക്കുകയല്ലേ ഒരു യഥാൎത്ഥനായികയുടെ ധൎമ്മം?

പത്രാ—(ആത്മഗതം) ആറം കൊള്ളാം. രസമുണ്ടു്. ഞാൻ ഇങ്ങനെ ഒരു അന്യൻ ഇവിടെ നില്ക്കുന്നെന്നു പോലും ഈ വിദ്വാന്നു വിചാരമില്ലല്ലോ.

ഭാൎഗ്ഗ—സാർ ഇറങ്ങിപ്പോകണം. അച്ഛൻ വരികയാണെങ്കിൽ നിങ്ങൾക്കു് ആപത്താണു്.

ഗോപാ—അപ്പോൾ പൂക്കാപ്പിൽപ്പണിക്കരുടെ ദൂതനു പോലും പ്രവേശനം ഉള്ള സ്ഥലത്തു്, ഭവതിയുടെ പ്രേമാഗാരമായ എനിക്കു കടക്കുവാൻ പാടില്ലെന്നാണോ വിധിച്ചിരിക്കുന്നതു്?

പത്രാ—(ആത്മഗതം) എന്നെ ഇയ്യാൾ പണിക്കരുടെ ദൂതനാണെന്നങ്ങു തീച്ചപ്പെടുത്തി. ആകട്ടെ, ഞാനും ആ വേഷം സ്വീകരിച്ചുകൊള്ളാം. (പ്രകാശം) എ്വ. സാറേ! ഞാൻ ഈ വിവരം പണിക്കരദ്ദേഹത്തിനോടു ചെന്നുപറയും.

ഗോപാ—പറയുന്നതായാൽ—? അതേ പറയണമെന്നുതന്നെയാണു് ഞാൻ നിങ്ങളോടു് അപേക്ഷിക്കുന്നതു്. പക്ഷേ ഞാൻ അത്ര വിഡ്ഢിയല്ലെന്നും തക്ക ബലം എനിക്കും ഉണ്ടെന്നും, ഞാൻ എൻെറ പ്രണയാവകാശം വിട്ടൊഴിയുവാൻ നിശ്ചയിച്ചിട്ടില്ലെന്നും പറഞ്ഞേക്കു.

(കൊച്ചപ്പൻപിള്ള പ്രവേശിക്കുന്നു)

കൊച്ചപ്പൻപിള്ള—(ഗോപാലൻനായരോടു്) താൻ എന്തിനെടോ ഇവിടെ വന്നതു്? ആരവിടെ? ഇവനെപ്പിടിച്ചു ചെള്ളയ്ക്കു നാലുകൊടുത്തു പറഞ്ഞയയ്ക്കട്ടെ. (പത്രാധിപരോടു്) നിങ്ങളാരു്? (ഭാൎഗ്ഗവിയോടു്) പെണ്ണേ! അകത്തുപോ. ശവം! (ഭാൎഗ്ഗവി പോകുന്നു)

(ഗോപാലൻനായർ ഒരുകത്തു് കൊച്ചപ്പൻപിള്ളയ്ക്കു കൊടുക്കുന്നു)

ഗോപാ— ഈ എഴുത്തുവായിച്ചുനോക്കിയിട്ടു് എന്നെ പിടിച്ചുകെട്ടിക്കൊള്ളണം. സാക്ഷാൽ ബാണചക്രവത്തി പ്രയോഗിച്ചതെല്ലാം നടത്തിക്കൊള്ളണം.

കൊച്ച—(എഴുത്തു നോക്കി) ശരി! ശരി! ഇതു വായിക്കട്ടെ. (വായിക്കുന്നു) "അതുകൊണ്ടു് എന്റെ കീഴിലുള്ള ഈ വാദ്ധ്യാക്കു നിങ്ങളുടെ മകളെ വിവാഹംചെയ്തു കൊടുക്കണം—" പള്ളിക്കൂടം ഇൻസ്പെക്ടരുടെയോ? താൻ സംബന്ധത്തിനു ശുപാശ്യംകൊണ്ടു നടക്കുകയാണു്, ഇല്ലേ? അപ്പോൾ എന്റെ മകളെ വേണ്ടതു തന്റെ ഭാൎയ്യയായിട്ടോ, ഇൻസ്പെക്ടരുടെ ഭാൎയ്യയായിട്ടോ? കടക്കു പടിക്കു പുറത്തു്. എനിക്കു വാദ്ധ്യാർജോലിയും ഗ്രാൻറുപള്ളിക്കൂടംമാനേജരുജോലിയും ഒന്നും ഇല്ലെന്നും എന്റെ മകളെ എനിക്കു ബോധിച്ചആൾക്കു സംബന്ധംചെയ്തുകൊടുക്കുമെന്നും പറഞ്ഞേക്കു. കടക്കുവെടോ പുറത്തു്.

ഗോപാ—(വേറൊരു കത്തുകൊടുത്തു്) ഇതൊന്നു വായിക്കണം. അതിൽ സ്വല്പംകൂടി തൈക്ഷ്ണ്യമില്ലേ എന്നു സംശയം.

കൊച്ച—(കത്തു വാങ്ങിയിട്ടു്) ഇതേതുകോന്തന്റെയാണെടോ?

ഗോപാ—കോന്തന്റെ ഒന്നും അല്ല. വായിച്ചുനോക്കണം.

കൊച്ച—(വായിക്കുന്നു) "ഈ വരുന്ന ഗോപാലൻനായർ എന്റെ ആശ്രിതനും സത്സ്വഭാവിയും ആണു്. കൊച്ചപ്പൻപിള്ളയ്ക്കു് ഇയാളോടു് ഏതോ വിരോധം ഉണ്ടെന്നു പറയുന്നു. ഇയാൾ പറയുന്ന കാൎയ്യം സാധിച്ചുകൊടുത്തു വിരോധം രാജിപ്പെടണമെന്നപേക്ഷ.

ശേഷം മുഖദാവിൽ" ഇതാരു്? (ഭാവം പകൻറു്)
ഓഹോ! പോലീസ്ഇൻസ്പെക്ടർയജമാനോ?

ഗോപാ—(തലയാട്ടുന്നു)

പത്രാ—(ആത്മഗതം) ശരി, ശരി. നമുക്കു് രണ്ടു് ഇൻസ്പെക്ടർമാരുടെ ചരിത്രം കിട്ടി. ഒന്നിനു് ഒരു പത്തും, മററതിനു് ഒരു പതിനഞ്ചും ചിട്ടി വീണതുതന്നെ. സംബന്ധദല്ലാളികളായി നടക്കുന്ന പാതിവ്രത്യ ധ്വംസകർ! ഒരു ഒന്നരക്കാളം തകത്തേക്കാം രൂപാ യില്ലെങ്കിൽ.

കൊച്ചു—വാദ്ധ്യാരേ! നിങ്ങൾ പോകണം. ഞാൻ ആലോചിച്ചു മറുപടി പറയാമെന്നു് അദ്ദേഹത്തിനോടു ചെന്നു പറയണം. ഞാൻതന്നെ നാളെ യജമാനനെ കണ്ടുകൊള്ളാം

ഗോപാ—മറുപടി ഇപ്പോൾ എനിക്കറിയേണ്ടിയിരിക്കുന്നു. അങ്ങിനെ അറിഞ്ഞുകൊണ്ടുചെല്ലണമെന്നാണു് യജമാനൻ ഉത്തരവായിരിക്കുന്നതു്.

കൊച്ചു—അത്ര നിർബന്ധംപിടിക്കണ്ട. വരണം പറയട്ടെ.
(രണ്ടുപേരുംകൂടി പോകുന്നു. പോകുന്ന വഴിയിൽ ഗോപാലൻനായർ വിജയോത്സാഹം അഭിനയിക്കുന്നു)

പത്രാ—അല്ലേ! ഒരു പോലീസ് ഇൻസ്പെക്ടരുടെ എഴുത്തിനുള്ള ശക്തിനോക്കണേ! ദുർവാസാവിനെപ്പോലെ വന്നയാൾ കണ്വനെപ്പോലെ ശാന്തനായി. ഞാൻ ഇങ്ങനെ ഒരുവൻ ഇവിടെ നില്പുണ്ടെന്നുള്ള കഥപോലും മറന്നു. വരുന്ന പത്രത്തിലേക്കു വേണ്ട വകകിട്ടി. അല്ലെങ്കിൽ വയ്യൂട്ടെ ആ ദ്രോഹി ഉദ്യോഗസ്ഥൻ ഇരുപത്തിഅഞ്ചു്. നിരക്കു കൂട്ടിയിരിക്കുന്നു. പതിനഞ്ചുപോരാ. ഇരുപത്തിഅഞ്ചുതന്നെ വേണം. ഭേഷ്! ഭേഷ്!

(കർട്ടൻ)

---

# പതിമൂന്നാം രംഗം

(നാരായണപിള്ളയുടെ വർക്ക്ഷാപ്പ്. മുൻകർട്ടൻ)

(നാരായണപിള്ള മുമ്പേയും സുമതി പുറകേയും)

നാരായണപിള്ള—ഇതിലേ വരാം. ഇവിടെ നില്ക്കണം. ഞാൻ ഈ വാതിൽ തുറക്കാം.

(പിൻകർട്ടൻ പൊങ്ങുന്നു. സുകുമാരൻ ഒരു കോടാലിയുമായി വിറകുവെട്ടുന്നു)

ഇതാ. ഇവനാണു ഞാൻ പറഞ്ഞവൻ.

(സുമതിയുടെ മുഖം വിളറുന്നു)

എടാ! അയ്യപ്പാ! നീ ഇങ്ങുവാ.

(സുകുമാരൻ കോടാലിയുമായി മുന്നോട്ടുവരുന്നു)

സുമതി—(നാലുപാടും നിർവ്വികാരമായി നോക്കിയിട്ട് സുകുമാരനിൽ ദൃഷ്ടി ഉറപ്പിക്കുന്നു) അയ്യോ!

നാരാ—(സുമതിയെ നോക്കി) എന്തു്—എന്തുകുഞ്ഞേ! സുഖക്കേടോ? അയ്യപ്പാ! നീ ഒന്നു് താങ്ങിക്കോ. ഞാൻ വെള്ളം കൊണ്ടുവരാം. (പോകുന്നു)

(സുകുമാരൻ സുമതിയെ താങ്ങുന്നു)

സുമ—ദേവീ! ഞാൻ നിർഭാഗ്യയല്ല. അവിടുന്നു പരമകാരുണ്യവതിയാണു്. ഹാ! സുഖം! ആനന്ദം! ദിവ്യമായ ആത്മനിർവൃതി!

സുകു—നിങ്ങൾ എന്താണു പറയുന്നതു്?

സുമ—ആ സ്വരം. എന്നെ ധന്യയാക്കിയ ആ സ്വരം. ജഗദംബികേ! ഞാൻ തെററിദ്ധരിച്ചു.

സുകു—നിങ്ങളെ ഞാൻ താങ്ങിക്കൊള്ളാം. ഭയപ്പെടേണ്ട. ദേഹം ക്ഷീണിച്ചിട്ടുള്ള അവശതയാണ്.

സുമ—(നിവൎന്നിന്ന്) എന്നെ ഓൎക്കുന്നില്ലേ?

സുകു—(നിൎവ്വികാരനായി) ഇല്ല. ഞാൻ നിങ്ങളെ കണ്ടിട്ടില്ല.

(നാരായണപിള്ള വെള്ളവുമായി പ്രവേശിക്കുന്നു)

നാരാ—എന്തുകുഞ്ഞേ! ക്ഷീണം മാറിയോ?

സുമ—മാറി. രാവിലെ ഇളംവെയിൽ കൊണ്ടതുകൊണ്ടായിരിക്കും.

നാരാ—മുഖം ഒന്നു കഴുകിക്കളയണം.

സുമ—വേണ്ട. ഞാൻ ഇദ്ദേഹത്തോടു ചോദിക്കുകയായിരുന്നു എന്നെ അറിയുമോ എന്ന്.

നാരാ—അയ്യപ്പനെ ഇതിനുമുമ്പു കണ്ടിട്ടുണ്ടോ?

സുമ—ഉണ്ട്. ഞങ്ങൾ പരിചയക്കാരാണ്.

നാരാ—എന്നാൽ അവനോട് വല്ല ക്ഷേമചോദ്യങ്ങളും ചോദിക്കണം. ഞാൻ ഒരു ബില്ല് എഴുതിഅയച്ചിട്ടു ഇതാ വരുന്നു സുഖക്കേടൊന്നുമില്ലല്ലോ

സുമ—ഒന്നുമില്ല. അമ്മാവൻ പോയിട്ടുവരണം.

(നാരായണപിള്ള പോകുന്നു)

സുകു—ഞാൻ എൻെറ ജോലി നോക്കട്ടെ. നിങ്ങൾക്ക് പരിപൂൎണ്ണസുഖം ആയെന്നു തോന്നുന്നു.

സുമ—എനിക്ക് ഈ ജന്മത്തിൽ ഇനി യാതൊരു സുഖക്കേടും വരുന്നതല്ല. ഞാൻ ചോദിക്കട്ടെ. എന്നെ സൂക്ഷിച്ചുനോക്കണം. നല്ലതുപോലെ സൂക്ഷിച്ചുനോക്കണം. എന്നെ ഓൎക്കുന്നില്ലേ? സുമതി—ഈ സുമതിയെ ഓൎക്കുന്നില്ലേ?

സുക—ഇല്ല. തീരെ ഓക്കുന്നില്ല. എനിക്കു് ഒരു അസ്വാധീനം വന്നുകൂടിയതു യജമാനൻ പറഞ്ഞിരിക്കുമല്ലോ.

സുമ—പറഞ്ഞു, പറഞ്ഞു. ഞാൻ ഇതാ നേരിട്ടു ചോദിക്കുന്നു. എൻെറ സ്വരം അവിടുന്നു കേട്ടിട്ടില്ലേ? എൻെറ മുഖം അങ്ങു കണ്ടിട്ടില്ലേ? എന്നെ "സുമതി! എൻെറ കൊച്ചുസുമതി" എന്നു വിളിക്കുമായിരുന്നില്ലേ?

സുക—നിങ്ങൾ തെററിദ്ധരിക്കുകയാണു്. ഒരുപക്ഷേ എൻെറ അസ്വാധീനതകൊണ്ടു വരുന്ന ഓർമ്മപ്പിശകം ആയിരിക്കാം.

സുമ—അല്ല, അല്ല ഞാൻ ചോദിക്കാം. അവിടുന്നു നല്ലതുപോലെ ശ്രദ്ധിക്കണം ക്ലേശിച്ചു് ഒന്നോർമ്മിക്കണം. നല്ലതുപോലെ—പൂക്കാപ്പിൽവീടു് എന്നു് ഒരു പ്രബ്ദ കുടുംബത്തെപ്പററി കേട്ടിട്ടുണ്ടോ?

സുക—കൊള്ളാം! ഈ രാജ്യത്തു് ആരു് അതിനെപ്പററി കേട്ടിട്ടില്ലാ? പൂക്കാപ്പിൽ കൊച്ചുപണിക്കരദ്ദേഹം ഈയിടെ അവിടെയൊക്കെ കെട്ടിടങ്ങൾ മാററിപ്പണിയുന്നെന്നും, ബംഗ്ലാമുറികളിലെ സാമാനങ്ങൾ പല വർക്ക്ഷോപ്പിലും ഏല്പ്പാടുചെയ്തിട്ടുണ്ടെന്നും ഒക്കെ എനിക്കറിയാം. ഞങ്ങളെയും കുറേ സാമാനങ്ങൾ പണിയുവാൻ ഏല്പിച്ചിട്ടുണ്ടു്.

സുമ—അയ്യോ! ദൈവമേ! അവിടെ അടുത്തു്, നേരേ തെക്കേ വീട്ടിൽ ഒരു ആശാനും മകളും പാർത്തിരുന്നതറിയാമോ?

സുക—ഞാൻ അവിടെ പോയിട്ടില്ല.

സുമ—അങ്ങേയ്ക്കു് പതിനാറുവയസ്സു് പ്രായമായിരുന്നപ്പോൾ ആശാൻെറ മകളും അങ്ങുമായി കളിച്ചുനടന്നതും അവളെ ഒരുദിവസം ഊഞ്ഞാലിൽ ആട്ടി ഉരു

ട്ടിയിട്ടറിക്കമെന്ന ഭയപ്പെട്ടത്തിയതും, അവൾ ഈ നെറുകയിൽ ഉമ്മവച്ചതും എല്ലാം ഓക്കുന്നുണ്ടോ? ഓക്കുന്നു, അവിടുന്നു് ഓക്കുന്നു. നല്ലതുപോലെ ആലോചിക്കണം. ഓക്കുന്നില്ലേ?

സുകു—നിങ്ങൾക്കു സുഖക്കേടു ഭേദമായില്ലെന്നുണ്ടോ? ക്ഷീണം കഴിഞ്ഞാൽ ഇങ്ങനെ അപ്രകൃതമായി പറയുക പതിവാണോ?

സുമ—(അടുത്തു ചെന്നു് സുകുമാരന്റെ കഴുത്തിൽ കൈകൾ ഇട്ടിട്ടു്) പ്രാണനാഥാ! അവിടുന്നു് എന്റേതാണു്. അവിടുന്നു് ഈ വക്കേഷാപ്പിലെ വിറകുവെട്ടുകാരനല്ല. പൂക്കാപ്പിലെ യുവപ്രഭുവാണു്. ഈ സുമതിയുടെ പ്രാണവല്ലഭനാണു്.

സുകു—(പിൻമാറി) ദേഹത്തിനു ശക്തിയുണ്ടെങ്കിൽ നിങ്ങൾ പോകാം. യജമാനനെ കണ്ടേ പോകുന്നുള്ളു എങ്കിൽ അകത്തേയ്ക്കു ചെല്ലണം. എനിക്കു് ഈ വിറകു മുഴുവൻ കീറേണ്ടതായ ജോലിയുണ്ടു്.

സുമ—ഈശ്വരാ! എന്റെ ഈ സ്പർശം, ഈ വാക്കുകൾ ഇതൊന്നും അദ്ദേഹത്തെ പഴയ ഓമ്മയിലേയ്ക്കു കൊണ്ടുവരുന്നില്ലല്ലോ. പ്രാണനാഥാ! അങ്ങെന്നേ ഓക്കുന്നില്ലേ? അവിടുത്തെ കൊച്ചുസുമതിയെ ഓക്കുന്നില്ലേ?

(സുകുമാരൻ വിറകുവെട്ടുവാൻ തിരിക്കുന്നു)

(നാരായണപിള്ള പ്രവേശിക്കുന്നു.)

നാരാ—അവനോടു വേണ്ടതു ചോദിച്ചു തൃപ്തിപ്പെട്ടില്ലേ? വരണം. നമുക്കു് അകത്തേയ്ക്കു പോകാം.

(സുമതി പിന്തിരിഞ്ഞുനോക്കി പോകുന്നു. സുകുമാരൻ അതിൽ ശ്രദ്ധിക്കാതെ വിറകുവെട്ടുന്നു.)

(കർട്ടൻ)

## പതിനാലാം രംഗം

(പൂക്കാപ്പിൽവീട്ട്. രോഗശയ്യയിൽ കേശവപ്പണിക്കർ ചാരിയിരിക്കുന്നു. വാസവൻ മുമ്പിൽ നിൽക്കുന്നു.)

വാസവൻ—അമ്മാവൻ ഇങ്ങനെ വരുന്നവരോടും പോന്നവരോടും ഒക്കെ കേവലം പിച്ചക്കാരനെപ്പോലെ പരാതി പറയുന്നതെനിക്കു രസിക്കുന്നില്ല. മുജ്ജന്മത്തിലോ ഈ ജന്മത്തിലോ ചെയ്ത പാപംകൊണ്ടായിരിക്കാം, മഹാരോഗം വന്നുകൂടി. അതിനു മററുള്ളവർ എന്തുപിഴച്ചു? ഈശ്വരനാമം ചൊല്ലി പുണ്യം സമ്പാദിക്കാൻ നോക്കാതെ എന്നെ ചീത്തപറയുന്നത് എന്തു ദുർയ്യോഗം!

കേശവപ്പണിക്കർ—അതേ, അതേ. ഞാൻ എൻെറ സ്വത്തെല്ലാംകൂടി ഉടമ്പടി തന്നതിൽപ്പിന്നെയാണല്ലോ നീ ഇങ്ങനെ വലിയ ആൾ ആയത്?

വാസ—(അസഹ്യത അഭിനയിച്ച്) പിന്നെയും പറയുന്നതു കേട്ടില്ലേ? എന്നേ അന്നു മുഖത്ത് അടിയുംതന്ന് തെരുവാധാരമാക്കി വിട്ടതിൽ കൂടുതൽ ഞാൻ എന്തു ചെയ്തു?

കേശ—അങ്ങിനെ വിട്ട അനന്തരവൻ എന്നോടിതു ചെയ്യുകയില്ല.

വാസ—പിന്നെ ഞാൻ ആ അനന്തരവൻെറ പ്രേതമോ? അസംബന്ധം പറയുന്നതു കേട്ടില്ലേ?

കേശ—എന്തോ, എല്ലാം ഈശ്വരൻ ഒരാൾ അറിയട്ടെ. എടാ! നീ ഒരു കാര്യം ചെയ്യ്. ഒരു ചെറുക്കനേയെങ്കിലും വല്ലതും പത്തുപണം ശമ്പളം കൊടുത്ത്

എന്റെ സൗകര്യംനോക്കി നിൽക്കാൻപറ. അത്ര യ്യേങ്കിലും ഒരു ദയവുകാണിക്കു്.

വാസ—ശമ്പളം കൊടുക്കാൻ പണം എവിടെയിരിക്കുന്നു?

കേശ—ഇന്നാളിൽ വന്ന വൈദ്യൻ പറഞ്ഞില്ലേ, ഒരു മുക്കൂട്ടം ഒരെണ്ണയും വയ്ക്കണമെന്നു്. എന്നിട്ടു നീ അതു ചെയ്യോ?

വാസ—അവൻ രാജ്യത്തില്ലാത്ത വില ഒക്കെ മരുന്നിനു പറഞ്ഞാൽ ഞാൻ അതിനു് എവിടെനിന്നു പണം കടംവാങ്ങുന്നു!

കേശ—നീ നശിക്കും. എനിക്കു വേണ്ടവരെയെല്ലാം നീ അടിച്ചോടിച്ചു. എന്നേ ഒരു തടവുപുള്ളിയാക്കി ആരും കാണാതെ ഈ ഗുഹയിൽകൊണ്ടു തള്ളുകയും ചെയ്തു. നിനക്കു ബോധിച്ചവരെയല്ലാതെ എന്നോടു ഭക്തിയോ നന്ദിയോ ഉള്ളവരെ നീ ഇങ്ങോട്ടയയ്ക്കുകയില്ല. ആട്ടെ. ആട്ടെ. ഇതൊക്കെ എന്റെ കുഞ്ഞിനോടു കാണിച്ച ദ്രോഹത്തിന്റെ ഫലമായി ഞാൻ അനുഭവിച്ചുകൊള്ളാം.

വാസ—(കോപത്തോടെ നോക്കി) വകതിരിവുകേടു പറഞ്ഞാൽ ഉണ്ടല്ലോ. നിരാഹാരവ്രതം എടുക്കേണ്ടി വരുമേ. ഞാൻ അല്ലാതെ ആരും രക്ഷയില്ലെന്നു് ഓർമ്മിച്ചുകൊള്ളണം. എപ്പോഴും എപ്പോഴും ദുഷ്ടുകുന്ന വാക്കു പറയുന്നതു കേട്ടില്ലേ?

കേശ—ആയിക്കളെ. പട്ടിണിയിട്ടു കൊന്നേക്കു്. ഞാൻ അതിനും ഈശ്വരന്റെ മുമ്പിൽ അർഹനാണു്. എടാ! ഈ കീറിപ്പറിഞ്ഞ പഴന്തുണി എനിക്കൊരു അലങ്കാരമായി നിനക്കു തോന്നുന്നു; ഇല്ലേ?

വാസ—അടങ്ങിക്കിടക്കു കിഴവാ! ഇപ്പറഞ്ഞതിനുള്ള ഫലം

ഇന്നുമുതൽ അനുഭവിച്ചിട്ടു മര്യാദപഠിക്കുമോ എന്നു നോക്കട്ടേ. (പോകുന്നു)

കേശ—നാരായണാ! വിശ്വംഭരാ! ഇവന്റെ തലയിൽ ഇടി വീഴണേ.

( കർട്ടൻ )

---

## പതിനഞ്ചാം രംഗം

(സുമതിയുടെ വീട്ട്. സുമതി പ്രവേശിക്കുന്നു)

സുമതി—(ആത്മഗതം) അദ്ദേഹം എന്നെ തെററിദ്ധരിച്ചിരിക്കുകയായിരുന്നു. ഞാൻ പിന്നീട്ട് അതോർത്തു ലജ്ജിക്കുകയുംചെയ്തു. എന്നാൽ പിറേറദിവസം കണ്ടു് ഞാൻ സമാധാനംപറഞ്ഞപ്പോൾ ആ തെററിദ്ധാരണ നീങ്ങി. ഈശ്വരാ! ആ രാക്ഷസന്റെ കള്ളത്തരം എങ്ങിനെയാണു തെളിയിക്കേണ്ടതു്? പണം ധാരാളം ഉള്ള ആൾ ആയതുകൊണ്ടു് പോലീസും മററുദ്യോഗസ്ഥന്മാരും ആ ദുഷ്ടനെ സഹായിക്കുകയേ ഉള്ളു. ഒരു കാര്യവും ഓർമ്മയില്ലാത്തതിനാൽ നീതിന്യായക്കോടതിമുമ്പാകെ പരമാർത്ഥം തെളിയിക്കുവാൻ അദ്ദേഹത്തിനു നിവൃത്തിയും ഇല്ല. എങ്ങിനെ ഇതു പററി? എങ്ങിനെ ഒരേരൂപത്തിൽ രണ്ടുപേരുണ്ടായി? അദ്ദേഹത്തേ ആ ഘാതകൻ എവിടെ വെച്ചു വെട്ടി? (ഒരുവശത്തേക്കു നോക്കി) ആരാണു് വരുന്നതു്? (സന്തോഷത്തോടെ) അദ്ദേഹമല്ലാതെ

യാരു്? കാലിന്റെ ശബ്ദംകേട്ടാൽതന്നെ മനസ്സിലാകുമല്ലോ.

(സുകുമാരൻ പ്രവേശിക്കുന്നു)

സുകുമാരൻ—ഇന്നു സുമതിയമ്മയെ നേരത്തേ ഉപദ്രവിക്കുവാനാണു ഞാൻ വന്നിരിക്കുന്നതു്. എന്റെ ജോലികൾ വേഗം തീൻ്റു അതുകൊണ്ടു് അവിടെ മുഷിഞ്ഞിരിക്കുന്നതിനേക്കാൾ നല്ലതു് ഇവിടെ വരികയാണെന്നു തോന്നി. വല്ല ജോലിയും ഉണ്ടെങ്കിൽ ഞാൻ പൊയ്ക്കൊള്ളാം.

സുമ—ഇല്ല. വരണം. ഇരിക്കണം.

സുകു—(ഇരിക്കുന്നു) നിങ്ങളും അവിടെയിരിക്കണം.

സുമ—വേണ്ട, ഞാൻ ഇവിടെ നിന്നുകൊള്ളാം. എനിക്കു് ഒരു കാൎയ്യം അങ്ങോട്ടു പറയുവാനുണ്ടു്.

സുകു—എന്തും പറയാമല്ലോ. അതിനുമുമ്പു് എനിക്കൊരു സഹായം സുമതിഅമ്മയോടു് അപേക്ഷിക്കുവാൻ ഉണ്ടു്. അതു തള്ളരുതു്. എനിക്കൊരു അബദ്ധം വന്നുപോയി.

സുമ—(ഉൽക്കണ്ഠയോടെ) എന്താണതു്? ഞാൻ അന്നേ പറഞ്ഞില്ലേ?

സുകു—അതൊന്നുമല്ല. എന്റെ കുറേപ്പണം ഇവിടെ അടുത്തുള്ള ഒരു അരിപലവ്യഞ്ജനക്കച്ചവടക്കാരന്റെ കയ്യിൽ അകപ്പെട്ടുപോയി. അവനു് അതു പണമായി തന്നുതീൎക്കുവാൻ ഒരു നിവൃത്തിയും ഇല്ല. തിരിച്ചുകിട്ടുന്ന വല്ല സ്ഥലത്തും സാമാനമായേല്പിക്കാതെ തരമില്ല. എനിക്കാവശ്യമില്ല. ഇവിടെ കൊണ്ടുവരുവാൻ പറഞ്ഞിട്ടുണ്ടു്. ഞാൻ രണ്ടോ മൂന്നോ മാസം കഴിഞ്ഞു പണം ഇവിടെനിന്നു വാങ്ങിക്കൊള്ളാം.

സുമ—(ആത്മഗതം) സാക്ഷാൽ പൂക്കാപ്പിൽ സുകുമാരപ്പ ണിക്കരെദ്ദേഹത്തിൻെറ ഔദാൎയ്യവും ദീനജനാനുകമ്പ യുമാണു് ഈ വഷിക്കുന്നതു്. അവിടുത്തേ ചിലവിൽ ഞാനും അച്ഛനും കഴിയുവാൻ ഉള്ളവരാണു്.

സുകു—എന്താണു് ആലോചിച്ചുകൊണ്ടു നിൽക്കുന്നതു്? എന്നോടെന്തോ പറയുവാൻ ഉണ്ടെന്നു പറഞ്ഞതെ ന്താണു്?

സുമ—അവിടുത്തേയ്ക്കു ലോകത്തിൽ യാതൊരു ബന്ധുക്ക ളും ഇല്ലേ?

സുകു—ഞാനും എൻെറ ജോലിയും ഒഴിച്ചു് വേറെ ആരും ഇല്ല.

സുമ—അങ്ങിനെ ഏകാകിയായി ജീവിതം തുടൎന്നുകൊണ്ടു പോകണമെന്നാണോ നിശ്ചയിച്ചിരിക്കുന്നതു്?

സുകു—ഇരുപത്തഞ്ചുവയസ്സിൽ ഭൂലോകജാതംചെയ്തു ഞാൻ പിന്നെ എന്തു നിശ്ചയിക്കുവാനാണു്?

സുമ—ഞാൻ അവിടുത്തേ ദാസിയാണു്.

സുകു—വളരെ അടുത്തുതന്നെ ജീവിതസുഖങ്ങൾ അനുഭവി ക്കേണ്ട നിങ്ങളെ ഞാൻ ആത്മഹത്യയ്ക്കു് അനുവദി ക്കുകയില്ല.

സുമ—എനിക്കു് നിൎഭരമായ അനുരാഗം അങ്ങോട്ടു തോ ന്നുന്നുണ്ടു്.

സുകു—നിങ്ങളുടെ സീമാതീതമായ കാരുണ്യം ഞാൻ അന്ത്യ ശ്വാസംവരെ അനുസ്മരിച്ചുകൊള്ളാം.

സുമ—എന്നേ അവിടുന്നുപേക്ഷിക്കുകയാണെങ്കിൽ ഞാൻ അനാഥയായിപ്പോകും.

സുകു—ഞാൻ യാതൊരു പ്രാരബ്ധത്തിലും വലയാതെ നിങ്ങ ളെ ശുശ്രൂഷിച്ചുകൊള്ളാം.

സുമ—ഞാൻ അവിടുത്തെ അനർഘമായ പ്രണയമാണു് പ്രാൎത്ഥിക്കുന്നതു്.

സുകു—നാടും വീടുമില്ലാതെ, അരഭ്രാന്തനായ ഞാൻ നിങ്ങളുടെ നന്മയെ അങ്ങിനെ ദുരുപയോഗപ്പെടുത്തുകയില്ല.

സുമ—അവിടുന്നാണു് എനിക്കു സകലതും. രാജതുല്യം ഔന്നത്യമുള്ള ആളായി ഞാൻ യഥാൎത്ഥത്തിൽ അവിടുത്തെ ആരാധിക്കുന്നുണ്ടു്.

സുകു—എന്നാലും എന്റെ സ്ഥിതി മറക്കുവാൻ എനിക്കു നിവൃത്തിയില്ല.

സുമ—അവിടുന്നു പരമാൎത്ഥത്തിൽ പൂക്കാപ്പിൽസ്വത്തിന്റെ ഏകാവകാശിയാണു്. എന്റെ പ്രാണനാഥനാണു്. എട്ടാംവയസ്സിൽ എന്നെ ഭാൎയ്യയെന്നു വിളിച്ച യഥാൎത്ഥ ഭൎത്താവാണു്. അങ്ങേയ്ക്കു് എന്നെ പരിത്യജിക്കുവാൻ യാതൊരു ന്യായവും ഇല്ല. ഇതാ നോക്കണം ഞാൻ ഭ്രാന്തിയാണോ? നാരായണപിള്ള അമ്മാവനോടു ചോദിക്കണം. ഞാൻ യാതൊരു അസാംഗത്യവും ഇല്ലാതെ അവിടുത്തെ പറഞ്ഞു കേൾപ്പിച്ച കഥകൾതന്നെ ഓൎക്കണം. എന്നെ അറിയുന്നവരാരോടെങ്കിലും അന്വേഷിക്കണം. അവിടുന്നും ഞാനും അവിടുത്തെ പതിന്നാലും എന്റെ എട്ടും വയസ്സിൽ പരസ്പരബന്ധത്തിൽപെട്ടവരാണു്. ഞാൻ പറഞ്ഞുതീൎക്കട്ടെ. എന്നെ ഉപേക്ഷിക്കരുതു്. പൂക്കാപ്പിൽ ഭരണംനടത്തുന്ന ആ ഘാതകനെ അങ്ങു കാണണമെന്നു ഞാൻ പറയുന്നില്ല. അപ്രകാരം ഒരവകാശവാദംനടത്തിയാൽ അവിടുത്തേയ്ക്കാണു് ആപത്തു വരുന്നതെന്നും എനിക്കറിയാം. നമുക്കു രണ്ടുപേൎക്കും ലോകത്തിലേക്കിറങ്ങാം. കൂലിവേല ചെയ്യാം. വിടുപണിയെടുക്കാം. ചുമടു ചുമക്കാം.

എന്തെങ്കിലും ചെയ്യാം. അവിടുന്നുകൂടിയുള്ള ജീവിതം അല്ലാതെ ഒരു സ്ഥിതിയും എനിക്കു ഹൃദ്യമാകുന്നതല്ല. അങ്ങിനെ നാം ജീവിക്കുമ്പോൾ, എന്നെങ്കിലും ഒരുകാലത്തു് അവിടുത്തെ പൂർവസ്ഥിതിയെപ്പററി വല്ല സ്മരണയും ഉളവാക്കുന്നതിനു് എനിക്കു സാധിക്കുന്നെങ്കിൽ അന്നു ഞാൻ കൃതകൃത്യയും ഭാഗ്യവതിയായി. നാം രണ്ടുപേരും ശൈശവത്തിൽ സന്ധിച്ചു. പിന്നീടു് അങ്ങു് വിശാലമായ ഭൂലോകത്തിന്റെ ഒരു കോണിലേക്കു പോയി. നാം തമ്മിൽ പിന്നീടൊരിക്കലും കാണേണ്ടതല്ലായിരുന്നു ഞാൻ നിരാശയ്ക്കു വിധേയയായി എന്റെ കഷ്ടപ്പെട്ട ജീവിതം തുടന്നു. എന്നാൽ പരമകാരുണികനായ ജഗദീശ്വരൻ എന്നെ ഉപേക്ഷിച്ചില്ല. നമ്മെ രണ്ടാമതും അദ്ദേഹം ഒന്നുചേർത്തു. നിഷ്കളങ്കമായ അനുരാഗത്തിനു് ദിവ്യശക്തിയുണ്ടു്. ആ ശക്തി ഇപ്പോൾ അങ്ങിൽ കാണുന്ന ഈ അസ്വാധീനത മാററുമെന്നെനിക്കു പരിപൂർണ്ണവിശ്വാസം ഉണ്ടു്. (അടുത്തുചെന്നു്) എന്നെ ഒന്നു് ആലിംഗനം ചെയ്യുക. ആ കരങ്ങൾ എന്റെ തോളിലേക്കിടുക. വളരെനാൾകൊണ്ടു സന്തപിച്ചുകൊണ്ടിരിക്കുന്ന എന്റെ ഹൃദയം ഒന്നു തണുത്തുകൊള്ളട്ടെ. അപ്രത്യക്ഷനായ ജീവനാഥനെ കാത്തു് അനേക ദിനരാത്രങ്ങൾ പോക്കിയിട്ടുള്ള എന്റെ യൗവനം ഒന്നു മന്ദഹസിച്ചുകൊള്ളട്ടെ. നിഷ്ഫലമായി എന്നോടുചേർന്നുകൂടിയ ആ താരുണ്യത്തിനു് അല്പനേരത്തേക്കെങ്കിലും ഒരു സാഫല്യം സിദ്ധിച്ചുകൊള്ളട്ടെ. (സുകുമാരന്റെ കഴുത്തിൽ കരങ്ങൾ അപ്പിക്കുന്നു. സുകുമാരൻ കൈകൾ തട്ടിയിട്ടു ദൂരെ മാറുന്നു)

സുകു—നിങ്ങളുടെ സ്വഭാവശുദ്ധിയെപ്പററി സംശയം ഉദിപ്പിക്കരുതു്. ഒരു വിനീതസഹോദരന്റെ പ്രാത്ഥനയാണു്. ഞാൻ നിങ്ങളെ കുററപ്പെടുത്തുകയില്ല.

നിങ്ങൾ നല്ല സ്ത്രീയാണു്. ഇനി എന്നോടു് ഇങ്ങനെ വല്ലതും പറയുന്നെങ്കിൽ ഇതു് നമ്മുടെ അവസാനസന്ദർശനം ആയിരിക്കും.

സുമ—(രംഗത്തിൻെറ മറുവശത്തേക്കുമാറി വാസവനോടെന്നപോലെ) നീചനീചനായ ഘാതകാ! നീ എൻെറ പ്രാണനാഥൻെറ സ്ഥാനവും സ്വത്തും അപഹരിച്ചു. എൻെറ ചാരിത്ര്യം ധ്വംസിക്കുവാൻ മുതിന്നു. എന്നെയും അച്ഛനെയും വഴിയാധാരമാക്കി. അതൊക്കെ ക്ഷമിക്കാം എൻെറ പ്രാണനാഥനിൽ എന്നേപ്പററിയുള്ള സ്മരണയും നശിപ്പിച്ചുകളഞ്ഞല്ലോ. അദ്ദേഹത്തെ വധിക്കുവാൻ നീ വെട്ടിയ വെട്ടു് ഇങ്ങനെ എൻെറ ജീവനാഥനെ എന്നിൽനിന്നു് അകററിക്കളഞ്ഞല്ലോ. (സുകുമാരൻെറ നേരേ തിരിഞ്ഞു്) അങ്ങു് എന്നെ വിശ്വസിക്കുന്നില്ലേ?

സുകു—നിങ്ങളുടെ സൗശീല്യത്തിൽ സീമാതീതമായ വിശ്വാസം ഉണ്ടു്. എന്നാൽ അതു നശിക്കുമോ എന്ന ഭയവും ഇല്ലാതെയില്ല.

സുമ—(ചൊടിച്ചുകൊണ്ടു്) കാണുന്നവരോടെല്ലാം അനുരാഗാനുവാദം ആവശ്യപ്പെടുന്ന ഒരു കുലടയെന്നാണോ അവിടുന്നു് എന്നേപ്പററി വിചാരിക്കുന്നതു്?

സുകു—നീചങ്ങളായ ധ്വനികൾ വരുന്ന പദങ്ങൾ പ്രയോഗിക്കാതിരിക്കൂ സഹോദരീ!

സുമ—ഞാൻ പിന്നെ ആരെന്നാണു് അങ്ങു് വിചാരിക്കുന്നതു്? പറയണം പൗരുഷം ഉണ്ടെങ്കിൽ പറയണം.

സുകു—നമ്മുടെ മൈത്രി ഇങ്ങനെ അവസാനിക്കുവാൻപോകുന്നതിൽ എനിക്കു വലിയ വ്യസനം ഉണ്ടു്.

സുമ—അതങ്ങിനെയൊന്നും അവസാനിക്കുകയില്ല. ഞാൻ

അവിടുത്തെ വിടുകയില്ല. ഇത്രയുംകാലം കൊതിച്ചു കാത്തുകൊണ്ടിരുന്ന ഈ അനുഗ്രഹം കളഞ്ഞിട്ട് ഞാൻ നരകത്തീപോലെ ചുട്ടുന്ന മണലാരണ്യത്തിലേക്കു പോവുകയില്ല. അങ്ങെന്നെ ചവിട്ടണം; ഞാൻ സസന്തോഷം ആ ചവിട്ടുകൾ ഏററുകൊള്ളും. ഞാൻ കുലടയാണെന്നു വിളിച്ചുപറയണം. ജഗദീശ്വരന്റെ അനുഗ്രഹമായി ഞാൻ അതിനെ ആദരിക്കും. ഭ്രാന്തിയെന്നു പറയണം. ഉൽകൃഷ്ടപ്രേമത്തിന്റെ മധുരസംഗീതമായി ഞാൻ അതു് ആസ്വദിക്കും. ഞാൻ അങ്ങേ ഉപേക്ഷിക്കുവാൻ നിശ്ചയിച്ചിട്ടില്ല.

(സുകുമാരൻ പെട്ടെന്നു പോകുന്നു)

ഈശ്വരാ! ഞാൻ ഈ സങ്കടം ആരോടു പറയേണ്ടു? അച്ഛാ! അവിടുത്തെ പുത്രി യഥാൎത്ഥത്തിൽ ഭ്രാന്തിയായിത്തീൎന്നു. ദേവീ! ഈ നരകത്തിൽനിന്നു കരകയററുവാൻ കനിവില്ലെങ്കിൽ സുമതിയുടെ ജീവൻ ഈ ജഡത്തിൽനിന്നു വേർപെടുത്തിത്തരേണമേ!

( കട്ടൻ )

---

# പതിനാറാം രംഗം

---

(പൂക്കാപ്പിൽവീടു്. വാസവൻ ഇരിക്കുന്നു)

വാസവൻ—(ഒരുവശത്തേക്കു നോക്കി) ആരാണതു്? പത്രാധിപരോ? വരൂ. വരൂ. എങ്ങിനെയെല്ലാമിരിക്കുന്നു ലോകവിശേഷങ്ങൾ?

(പത്രാധിപർ ശശാംകൻനായർ പ്രവേശിക്കുന്നു)

പത്രാധിപൻ—ഒന്നുമില്ല. ഇപ്പോഠം നാടൊട്ടുക്കു് ഒരു വിശേഷമേ കേഠംപ്പാനുള്ളു. പൂക്കാട്ടിലെ പ്രഭു വിവാഹിതനാകുവാൻപോകുന്നു. എത്രതെല്ലാമോ സ്ഥാപനങ്ങഠംക്കു പണംകൊടുക്കുവാൻ ഭാവിച്ചിരിക്കുന്നു. എത്രതെല്ലാമോ സംഘങ്ങഠം മംഗളപത്രങ്ങഠം സമപ്പിക്കുന്നു. ഞാനും ചില കവിതകഠംക്കൊക്കെ എഴുതി അയച്ചിട്ടുണ്ടു്. ഒരു വിശേഷാൽപ്രതി വിവാഹമഹോത്സവസ്മാരകമായി പ്രസിദ്ധപ്പെടുത്തേണ്ടതു് എൻെറ ധമ്മമാണല്ലോ.

വാസ—കൊള്ളാം. സംഭാവനക്കാര്യങ്ങഠം ഒക്കെ കേട്ടതു വെറുതെയാണു്. സാമ്പത്തികാധഃപതനം ഉൗജ്ജിതത്തിൽ നില്ക്കുന്ന ഇക്കാലം കരംകൊടുക്കുവാൻപോലും പണം കിട്ടിവരുന്നില്ല.

പത്രാ—എനിക്കു വിശേഷാൽപ്രതിയുടെ കടലാസിനുള്ള പണംമതി. ഒരു മുപ്പതു മുപ്പത്തിയഞ്ചിനകമേ നില്ക്കയുള്ളൂ.

വാസ—മനസ്സിലായി ഇപ്പോഠം വന്നതെന്തിനെന്നു്. അന്നു് എന്നേപ്പററി സ്തുതിച്ചെഴുതാം എന്നൊക്കെപ്പറഞ്ഞു പണം തട്ടിക്കൊണ്ടുപോയതിൽപിന്നെ ഞാൻ കണ്ടില്ലല്ലോ.

പത്രാ—എന്തു കണ്ടു? എഴുതിയില്ലേ?

വാസ—അതേ. രണ്ടരവരിയിൽ തീത്തു. ആ ലക്കത്തിൽ തന്നെ ഏതോ ഒരു ഇരപ്പാളിയെക്കുറിച്ചു ഒരു കാളം നിറച്ചും.

പത്രാ—അതൊക്കെ റേററു് അനുസരിച്ചിരിക്കും. പരമാത്ഥം പറയണമെങ്കിൽ നിങ്ങളെപ്പററി ദൂഷിച്ചെഴുതിയാൽ അതിൽ ഇരട്ടി തരാം എന്നു ഒരു ശ്രുപാശ്

വന്നു. ഞാൻ പറഞ്ഞു, അതു സാധിക്കുകയില്ല, ഞാൻ അദ്ദേഹത്തെ ദുഷിക്കയില്ല, എന്നു്. നിങ്ങൾ തന്ന രൂപായ്ക്കു് മൂന്നാംപേജിൽ ഒരു സ്തുതിയും മററ യാറം തരുന്ന രൂപായ്ക്കു് രണ്ടാംപേജിൽ ഒരു ദുഷി പ്പുംകൂടെ കൊടുത്താലോ എന്നു ഞാൻ ആലോചിച്ചു. അതിരിക്കട്ടെ. വിവാഹം അടുത്തില്ലേ? ഈ പഴയ കസേരകൾ വല്ലതുംമതിയോ? അവ ഒക്കെ ഒന്നു മാററണ്ടേ?

വാസ—അതിനു നിങ്ങളുടെ തിരുവനന്തപുരത്തു് ഒരു കോമട്ടിയെ ഏല്പ്പാടുചെയ്തിട്ടു് ഇതുവരെ വന്നില്ല.

പത്രാ—ആരായിരിക്കുമോ?

വാസ—അവൻെറ പേരു് നാരായണപിള്ളയെന്നോ കൃഷ്ണപിള്ളയെന്നോ ആണു്.

പത്രാ—നാരായണപിള്ള, വക്കീഷാപ്പു് നാരായണപിള്ള. നല്ല കണിശക്കാരൻ ആണു്. നമ്മുടെ വരിക്കാരൻ അല്ലെങ്കിലും നല്ല മനുഷ്യനമാണു്.

വാസ—അതേ. അയാൾ ഇന്നു് ഒരു ആളിനെ അയയ്ക്കുമെന്നാണു് എഴുതിയിട്ടുള്ളതു്.

(സുകുമാരൻ പ്രവേശിച്ചു നാലുപാടും നോക്കി വാസവൻെറ മുഖത്തേയ്ക്കു ദൃഷ്ടിയുറപ്പിച്ചിട്ടു്)

സുകു—അയ്യോ! ഇവൻതന്നെ. (ഓടിച്ചെന്നു് വാസവൻെറ കഴുത്തിനു പിടിക്കുന്നു) അതേ. ഇതു് എൻെറ വീടു തന്നെ. ഞാൻ ഓക്കുന്നു ഞാൻ എല്ലാം ഓക്കുന്നു. എൻെറ സുമതി, എൻെറ സുമതീ. ഇവനാണു് എന്നെ വെട്ടിയതു്. ഘാതകാ! കൊലപാതകീ!

പത്രാ—(മിഴിച്ചുകൊണ്ടു നിൽക്കുന്നു)

വാസ—സഹോദരാ! എന്നെ വിടണം. ഈ പിടി എന്നെ കൊല്ലുന്നു.

സുകു—ദുഷ്ടാ! നീ എന്നെ മൺവെട്ടികൊണ്ടു വെട്ടിക്കുഴിച്ചു മൂടിയതാണ്. നിന്റെ പാപങ്ങൾ വിളിച്ചുപറയുവാൻ ഞാൻ ഭൂഗർഭത്തിൽനിന്ന് ഉയൎന്നുവന്നാണ്. ഞാൻ എല്ലാം ഓൎക്കുന്നു, നീ വാസവൻ, ഘാതകൻ.

വാസ—അയ്യോ! വിടണേ. എന്റെ കഴുത്തു ഞെരിയുന്നു.

സുകു—എന്റെ അമ്മാവനെവിടെ? നീ അദ്ദേഹത്തെ കഷ്ടപ്പെടുത്തിക്കാണണം. സുമതീ! നീ പറഞ്ഞതെല്ലാം ഞാൻ ഓൎക്കുന്നു. ഇവൻ പരസ്യംകണ്ടിട്ട് എന്റെ ദയാവാരിധിയായ അമ്മാവനെ വഞ്ചിക്കുവാൻ വന്നതാണ്.

വാസ—എന്നെ വിടണം. ഞാൻ ഉടൻ പൊയ്ക്കൊള്ളാം.

സുകു—എന്റെ അമ്മാവനെവിടെ?

വാസ—അകത്തേക്കുപോകാം. ഞാൻ കാണിച്ചുതരാം.

(പിടിച്ച പിടിവിടാതെ രണ്ടുപേരും പോകുന്നു)

പത്രാ—(ആത്മഗതം) അത്ഭുതം! അത്ഭുതം! നമ്മുടെ പത്രത്തിൽ ഒരു പ്രക്ഷോഭജനകമായ സംഭവം ആയി. പുതിയ ആൾ ഒരു കാളത്തിനു നാലുറുപ്പികവെച്ചുതരും. (ആലോചിച്ച്) അങ്ങിനെയാണെങ്കിൽ ആ പെണ്ണ് കൈമറിയുന്നല്ലോ. വിട്ടുക്രൂടാ, വിട്ടുക്രൂടാ. അതിനെന്തു പണി?

(വാസവൻ വ്യഗ്രതയോടെ പ്രവേശിക്കുന്നു)

വാസ—പത്രാധിപസഹോദരാ! ഇപ്പഴാണ് നമ്മുടെ നായന്മാരുടെ പൌരുഷം കാണിക്കേണ്ടതു്. സമുദായാഭിമാനം എന്നൊന്നു നിങ്ങൾക്കുണ്ടെങ്കിൽ കാണേണ്ടതിപ്പോൾ ആണ്.

പത്രാ—എന്തിന്? നിങ്ങളെ വല്ലടത്തേക്കും വണ്ടികയററുവാനോ?

വാസു—അല്ല. ഞാൻ പോകുവാൻ നിശ്ചയിച്ചിട്ടില്ല. നിങ്ങൾ എന്നെ സഹായിക്കണം. സഹായിക്കുമോ? ഒരു എളിയ നായർസഹോദരനെ രക്ഷിക്കുമോ?

പത്രാ—നായർസമുദായവും ആൾമാറാട്ടവുമായി ബന്ധം എന്തു്?

വാസു—ആണയിടണം. എന്റെ കയ്യിൽഅടിച്ചു് ആണയിടണം.

പത്രാ—എന്തു്?

വാസു—ഇതു് ആരോടും പറകയില്ലെന്നു്. അതുതന്നെയുമല്ല ഉടൻ പോലീസിനെ വിളിച്ചുകൊണ്ടുവരണം. നമുക്കു് ഈ കള്ളനെ അറസ്റ്റു്ചെയ്യിക്കണം. എന്റെ വേഷവുംകെട്ടിക്കൊണ്ടു് കൊള്ളചെയ്യാൻ വന്നു എന്നു പരാതികൊടുക്കണം. നിങ്ങൾ അതിനു സാക്ഷി എഴുതണം.

പത്രാ—ഞാൻ സാക്ഷി എഴുതേണ്ടിവരുമെന്നു് എനിക്കറിയാം നിങ്ങൾ കുററം സമ്മതിക്കുന്നതു് ഞാൻ കേട്ടല്ലോ. അതല്ലേ നമ്മുടെ തുറുപ്പു്?

വാസു—അയ്യോ! അങ്ങിനെ പറയരുതേ. എന്നെ സഹായിക്കണം ഞാൻ അവനെ ഒരു മുറിയിൽഇട്ടു പൂട്ടിയിരിക്കുകയാണു്. വേഗം എന്നെ രക്ഷിക്കണം. സഹോദരാ! നാം നായന്മാരല്ലേ?

പത്രാ—ഇക്കാര്യത്തിൽ ഞാൻ പുലയനായിക്കൊള്ളാം. വല്ലതും കാര്യംവരുമ്പോൾ ഇക്കൂട്ടർ ജാതി ഓർമ്മിക്കുക പതിവാണു്. ഇതു് ഏററവും വലിയ ഒരു കാര്യമാണെന്നു് അറിയാമല്ലോ. അതിനുള്ള പ്രതിഫലം?

വാസു—എന്തുവേണം?

പത്രാ—ഇനി ഈ ചില്ലറ പിച്ചക്കച്ചവടമെന്നും പത്രംനടത്തിപ്പെന്നും ഒന്നും കഴിയുകയില്ല. സുഖമായി കഴി

യുവാനുള്ള വക കിട്ടണം. വല്ലവന്റേറയും പുറകേനട
ടന്നു നാണംകെട്ടുവാനും വല്ലവന്റെറയും കയ്യിലിരി
ക്കുന്നു അടിവാങ്ങുവാനും കഴിയുകയില്ല.

വാസ—ഞാൻ എന്തുംതരാം. ഇപ്പോൾ പോലീസ്സ്റ്റേഷ
നിലേക്കു പോകണം.

പാത്രാ—പോകാം. നിങ്ങൾ എന്നെ കളിപ്പിക്കുവാൻ സാ
ധിക്കുകയില്ലല്ലോ എല്ലാത്തിനും സാക്ഷി ഞാൻ
അല്ലേ? തയ്യാർ, വളരെ തയ്യാർ.

( കട്ടൻ )

---

## പതിനേഴാം രംഗം

---

(സുമതിയുടെ വീട്ട്. നാരായണപിള്ള പ്രവേശിക്കുന്നു)

നാരായണപിള്ള—(ആത്മഗതം) അത്ഭുതം! അത്ഭുതം!
ഒരു വലിയ കോടീശ്വരനാണോ എന്റെ വാല്യക്കാര
നായിത്താമസിച്ചത്! സുമതിഅമ്മയുടെ പഴയ ഇഷ്ട
നും ആയിരുന്നു അയ്യപ്പൻ—അല്ല സുകുമാരപ്പണി
ക്കർ? ഈ കത്തു വിശ്വസിക്കത്തക്കതോ? അവന്റെ,
അല്ല, അദ്ദേഹത്തിന്റെ കയ്യക്ഷരംതന്നെ ഇത്
ഏതെങ്കിലും, സുമതിയമ്മ വെളിയിലേക്കു വരുന്നി
ല്ലല്ലോ. (ഉച്ചത്തിൽ) സുമതിയമ്മേ! സുമതിയമ്മേ!

(സുമതി പ്രവേശിക്കുന്നു)

സുമതി—അമ്മാവൻ അധികനേരമായോ വന്നിട്ട്? അദ്ദേ
ഹം പൂക്കാപ്പിൽപോയിട്ട താമസിക്കുവാനുള്ള കാര
ണമെന്ത്? അവിടുത്തെ കൊച്ചുപണിക്കർ നല്ലയാ

ഉല്ല. ഞാൻ അറിഞ്ഞിരുന്നെങ്കിൽ പോകുവാൻ സമ്മതിക്കുകയില്ലായിരുന്നു.

നാരാ—ഇതാ ഈ എഴുത്തൊന്നു് വായിച്ചുനോക്കണം. (കയ്യിൽ കത്തു കൊടുക്കുന്നു)

സുമ—(കത്തുവാങ്ങി) വായിക്കുന്നു.

ശ്രീ

"യജമാനൻ ബോധിപ്പാൻ,

ഞാൻ പൂക്കാപ്പിൽപോയി. എന്റെ മറവിക്കായ്യം അറിയാമല്ലോ. പൂക്കാപ്പിൽ കൊച്ചുപണിക്കരേ കണ്ടപ്പോളാണു് എന്റെ മറവിതീന്നതു് അവൻ വലിയ ഒരു കള്ളനാണു് എന്നേ വെട്ടിയതു് അവനാണു്" [ആനന്ദഭാരത്തോടെ] അയ്യോ ജഗദീശാ! നീ എന്നെ രക്ഷിച്ചു. അമ്മാവാ! അവിടുന്നാണു് എന്റെ ജീവൻ രക്ഷിച്ചതു്. പ്രാണനാഥാ! അവിടുത്തേക്കു് ഇനിയെങ്കിലും വിശ്വാസമായില്ലേ. എന്റെ നരകവാസം അവസാനിച്ചു.

നാരാ—മുഴുവൻ വായിക്കണം സുമതിയമ്മേ!

സുമ—ഇനി ഇതിനു മറിച്ചുവല്ലതും എഴുതീട്ടുണ്ടോ? അദ്ദേഹം ഇവിടംവരെ ഒന്നു വന്നില്ലല്ലോ. അമ്മവാ! പോകാം. നമുക്കു് അങ്ങോട്ടുപോകാം.

നാരാ—വായിക്കു കുഞ്ഞേ!

സുമ—(കണ്ണുതുടയ്ക്കുന്നു) ഇനി എനിക്കു് അക്ഷരം കാണുവാൻ വയ്യാ. അദ്ദേഹം പൂക്കാപ്പിൽ പോയെന്നു കേട്ടപ്പോൾ എനിക്കു വലിയ ഭയമായിരുന്നു. ആ രാക്ഷസൻ അദ്ദേഹത്തെ എന്തുചെയ്യുമെന്നു ഞാൻ ഭയപ്പെട്ടു.

നാരാ—എന്നാൽ ഇനി ശേഷം വായിക്കണ്ടാ. ഞാൻ പറഞ്ഞേക്കാം.

സുമ—പോരാ, പോരാ. ഞാൻ മുഴുവൻ വായിക്കട്ടെ. ഞാൻ ഇതു പത്തുതവണ വായിക്കും. ഇതിനേക്കാൾ നല്ല ഒരു കാവ്യം എനിക്കു വായിക്കുവാൻ കിട്ടുകയില്ല. (വായിക്കുന്നു) "എന്നേ വെട്ടിയതു് അവനാണു്! അവൻ കുററം സമ്മതിച്ചു. എൻെറ അമ്മാവനേക്കാണുവാൻ എന്നുംപറഞ്ഞു് എന്നേ അകത്തേക്കു കൊണ്ടുപോയി, എന്നെ ഒരു മുറിയിൽ ഇട്ടു പൂട്ടിയുംവച്ചു് പോലീസിനെ വരുത്തി—"

(ഉൽക്കണ്ഠയോടെ) എന്നിട്ടു്, എന്നിട്ടു്, അയ്യോ! എന്തുപററി?

നാരാ—വായിച്ചുതീക്കു.

സുമ—(വായിക്കുന്നു) "ഞാൻ ആൾമാറാട്ടത്തിനും മോഷണത്തിനും കൊള്ളയ്ക്കും കൈയായി സ്റ്റേഷനിലാണിപ്പോൾ." (ഭീതയായി) അയ്യോ! അമ്മാവാ! അദ്ദേഹത്തിൻെറ സത്യാവസ്ഥ നമുക്കു തെളിയിക്കരുതോ?

നാരാ—ഇനിയത്തെ വരികളാണു് സുമതിയമ്മ വായിക്കേണ്ടതു്.

സുമ—(വായിക്കുന്നു) "സത്യം ജയിക്കും. എനിക്കു് അതിൽ ഭയം ഇല്ല. നമ്മുടെ സുമതിക്കുട്ടിയേ ഉടൻ വിവരം അറിയിക്കണം."

(കൈകൂപ്പി) പ്രാണനാഥാ! ഞാൻ എന്തു സുകൃതം ചെയ്തു ഈ ഭാഗ്യം അനുഭവിക്കുവാൻ!

(വായിക്കുന്നു) "അവളാണു് എൻെറസ-ക-ല-ത്തും."

(മോഹാലസ്യംവരുന്നു. നാരായണപിള്ള താങ്ങുന്നു)

നാരാ—സുമതിയമ്മേ! അല്പം ധൈര്യംവേണ്ടേ?

സുമ—അമ്മാവാ! എൻെറ ജീവനാഥൻ. ഈശ്വരാ! ഇനി അദ്ദേഹത്തെ എന്തും ചെയ്തുകൊള്ളണം. കോടതികൾ ശിക്ഷിക്കട്ടെ. ആ രാക്ഷസനാണു് പൂക്കാപ്പിൻെറ യഥാൎത്ഥ ഉടമസ്ഥൻ എന്നു വിധിക്കട്ടെ.

എനിക്ക് എന്റെ പ്രാണനെ തിരിച്ചു കിട്ടി. എന്റെ ദേഹം തളരുന്നു അമ്മാവാ! എന്താണ് അദ്ദേഹത്തിന്റെ കാര്യത്തിൽ ചെയ്യേണ്ടതു്?

നാരാ—എന്നാൽ തനിയേ ഇരുന്നു് ആലോചിച്ചു സുഖിക്കൂ. ഞാൻ പിന്നെ വരാം. പക്ഷേ അധികം താമസിക്കുകയില്ല.

സുമ—അമ്മാവാ! ഞാൻ ഈ പരമാനന്ദം എവിടെ ഒതുക്കേണ്ടു?

നാരാ—നമുക്കു ആലോചിച്ചു പ്രവർത്തിക്കേണ്ടതായ പല കാര്യങ്ങൾ ഉണ്ടു്.

സുമ—അതേ, അതേ. കേസിന്റെ കാര്യം. ഞാൻ ചപലയായി എന്തൊക്കെ ഭ്രാന്തുകാണിച്ചു.

നാരാ—ഒരു വക്കീലിനെ കാണേണ്ടിയിരിക്കുന്നു എന്റെ പേർ പറഞ്ഞതുകൊണ്ടു് പോലീസുകാർ ഉപദ്രവം ഒന്നും ചെയ്തില്ലെന്നു ആ എഴുത്തിൽ ഉണ്ടു്. സ്റ്റേഷനിൽ കിടന്നുകൊണ്ടു ഈ എഴുത്തു എഴുതുവാനും മറ്റും അനുവദിച്ചിരിക്കുന്നതിൽനിന്നു അയ്യപ്പനു്—അയ്യോ! തെററിപ്പോയി.

സുമ—(പൊട്ടിച്ചിരിച്ചു്) അമ്മാവാ! ആ പേർ ഒന്നുകൂടി പ്പറയണം. എത്ര ഭംഗിയായ പേർ. നൈഷധനെ കലി ബാധിച്ചപ്പോൾ ഇതായിരുന്നിരിക്കണം ആ മനോമോഹനന്റെ പേർ.

നാരാ—അദ്ദേഹത്തിനു സ്റ്റേഷനിൽ അസ്വാധീനം ഒന്നും ഇല്ലെന്നു ഇതുകൊണ്ടൊക്കെ നിശ്ചയിക്കാം എന്തായാലും സുമതിഅമ്മ അകത്തുപോയി അച്ഛനോടു പറയണം. ഞാൻപോയി വക്കീലിനെ ഒന്നു കാണട്ടെ.

( കർട്ടൻ )

---

## പതിനെട്ടാം രംഗം

(പൂക്കാപ്പിൽവീട്ട്. വാസവൻ പ്രവേശിക്കുന്നു)

വാസവൻ—ഇൻസ്പെക്ടരെക്കാണാൻ അയച്ച കൊച്ചപ്പൻ പിള്ളയെക്കണ്ടില്ലല്ലോ. ഇനി എന്തായിരിക്കുമോ പോലീസുപിശാചുക്കളുടെ ഉന്നം! ആകെപ്പാടെഞാൻ കുഴങ്ങി. ആ കള്ളനെ പോലീസു അറസ്റ്റ്ചെയ്തു ഇട ക്കെട്ടിൽക്കൂടി കൊണ്ടുപോയപ്പോൾ ആ കിഴവൻ കേശവപ്പണിക്കർ, വാതക്കിടക്കയിൽ കിടന്നുകൊണ്ടു "എന്റെ കുട്ടപ്പൻ, എന്റെ കുട്ടപ്പാ!" എന്നു വിളി ക്കൂട്ടിയതു് ഈശ്വരാധീനംകൊണ്ടു ഞാൻമാത്രമേ കേട്ടുള്ളു. അതിനെ അങ്ങു കാച്ചിയാലോ? അതു ഇപ്പോൾ പാടില്ല. ആ മുറിയിൽതന്നെ ഇട്ടേച്ചാൽ മതിയല്ലോ. ആരും അവിടെങ്ങും ചെല്ലരുതെന്നു കൾശനമായിട്ടു ശട്ടംകെട്ടിയേക്കാം. പിന്നെ പത്രാധി പർ അറുകൊലമാത്രമെയുള്ളു നമ്മുടെ കുററത്തിനു ഒരു സാക്ഷി. അവനു വല്ലതും വായ്ക്കരി ഇട്ടേക്കാം.

കൊച്ചപ്പൻപിള്ള—അല്ലേ, ഞാൻ ഇന്നാണല്ലോ പുള്ളി യെക്കണ്ടതു്. വാസ്തവത്തിൽ പൂക്കാപ്പിൽ കൊച്ചു പണിക്കർ അതാണെന്നു് ആരും പറഞ്ഞുപോകും. നേരും അങ്ങനെതന്നെ. അല്ലേ അങ്ങുന്നേ?

വാസ—(വികൃതഹാസത്തോടെ) എന്താ, മകളെ അവനു വിവാഹംചെയ്തു കൊടുക്കാമെന്നായിരിക്കും വിചാരം?

കൊച്ചു—പരമാൎത്ഥം പറയുകയാണെങ്കിൽ, പൂക്കാപ്പിൽ വീട്ടിന്റെ യഥാൎത്ഥമായ അവകാശി സ്റ്റേഷനിൽ കിടക്കുന്ന ആളാണു്.

വാസു—"സുമതീ സുമതീ" എന്നു ജപിച്ചുകൊണ്ടാണു് കിടക്കുന്നതു്. ഇവൻ തിരുവനന്തപുരത്തു വർക്ഷോപ്പിൽ എങ്ങാണ്ടുനിന്ന ഒരു വേലക്കാരൻ. നമ്മുടെ ദരിദ്രവാസി ആശാന്റെ മകൾ ആ വെളുത്തുചുവന്ന പെണ്ണിനെക്കണ്ടു് അവൻ ഭ്രമിച്ചു. അങ്ങനെ അവളോടുകൂടി നടക്കുമ്പോൾ ആരോ പറഞ്ഞുകേൾപ്പിച്ചു—ചെല്ലു്. പൂക്കാപ്പിൽ പണിക്കരുടെ വീട്ടിൽചെല്ലു്. അവിടെ നിന്നെപ്പോലെ ഒരാൾ ഉണ്ടു്. പറഞ്ഞോ അവകാശം—അവൻ വിചാരിച്ചു. 'എനിക്കും എന്റെ പെണ്ണിനും സുഖമായല്ലോ.' അവൻ കേറി ഇങ്ങുവരുകയും ചെയ്തു. എന്താ, കൊടുക്കുന്നോ ഭ്രതം പോലെയിരിക്കുന്ന നിങ്ങളുടെ മകളേ?

കൊച്ചു—അത്ര ഭയപ്പെടുത്തണ്ടാ. ഞാൻ അറിയും ആ കൊച്ചനേ. അന്നു് അവൻ എന്തോ ധിക്കാരംപറഞ്ഞിട്ടു പോയെങ്കിലും ഇന്നു ഞാൻ പറഞ്ഞാൽ എന്റെ മകളെ സംബന്ധംചെയ്യാതെയും ഒന്നും ഇരിക്കുകയില്ല.

വാസു—അല്ലാ, അപ്പോൾ അവൻ പൂക്കാപ്പിൽ പണിക്കരാണെന്നു ചേട്ടൻ തീർച്ചയാക്കിക്കഴിഞ്ഞു; ഇല്ലേ? നിങ്ങളുടെ മകൾ എഴുതിയ പ്രണയലേഖനങ്ങളുമായി എന്റെ അടുത്തുവന്ന വാദ്ധ്യാരെപ്പോലെ വിഡ്ഢിത്തം കാണിക്കുകയാണോ?

കൊച്ചു—(ആത്മഗതം) അങ്ങിനെ നമ്മുടെമേൽ ഇയാൾക്കൊരു പിടിയുണ്ടു്. ആട്ടെ, നമുക്കു് ഈവശം ചേർന്നുകളയാം. പിന്നെ ഇൻസ്പെക്ടർയജമാനനു കൊടുക്കുന്നതിന്റെ ഇടത്തട്ടു ലാഭവുമാകും.

വാസു—എന്താണു് നിങ്ങൾ ആലോചിച്ചുകൊണ്ടു നില്ക്കുന്നതു്?

കൊച്ചു — ഒന്നും അല്ല. ഇൻസ്പെക്ടരുടെ ദുർമ്മോഹം ചില്ല റയല്ല.

വാസു — എന്തുപറയുന്നു?

കൊച്ചു — പോലീസിന്റെ കൈക്കൂലി പഴയകാലത്തെന്നായിരുന്നു ഞാൻ വിചാരിച്ചതു്. ഈ പുതിയ ഇൻസ്പെക്ടൎമാർ കേറിയതുമുതൽ — പരമാൎത്ഥം പറയുന്നു — അഞ്ചുചക്രംവരെ അവർ കൈക്കൂലിവാങ്ങിക്കും. ഇപ്പഴത്തെ ഇവിടത്തെയാളോ, വലിയ കൊതിയൻ. ജീവിതംമുഴുവൻ സമ്പാദിക്കുവാനുള്ളതു് ഈകേസ്സിൽ ആയിക്കളയാമെന്നാണു് അയാളുടെ വിചാരം.

വാസു — എന്നിട്ടെന്തുപറയുന്നു?

കൊച്ചു — വലിയതുക. വലിയതുക. ഈ ചെറുപ്പക്കാർ ഇൻസ്പെക്ടൎമാൎക്കു നടപടി നിശ്ചയമില്ല. ജോലി പഠിക്കണമെന്നു് ആഗ്രഹവുമില്ല. അതുകൊണ്ടു കാൎയ്യം വല്ലതും നടത്തേണ്ടതും കേസ്സിനു നോട്ടെട്ടക്കേണ്ടതും എല്ലാം ഹേഡന്മാരാണു്. അവൎക്കു നല്ല ഒരു തുക കാണിക്ക ഇടണം. പിന്നെ റൈട്ടർ. അവനാണു് ഒരു സ്റ്റേഷനിലെ കച്ചവടഏജൻറു്.

വാസു — തുക പറഞ്ഞില്ലല്ലോ.

കൊച്ചു — തുക പറഞ്ഞേ പറഞ്ഞു ഏഴായിരം ഒരാൾക്കു്, എണ്ണായിരം രണ്ടുപേൎക്കു്, റൈട്ടൎക്കു് ഒരു മൂവായിരവും പോരെ? പിന്നെ കറക്കുന്ന പശുക്കൾ, പഴയരി, വാഴക്കുല, വയ്ക്കോൽത്തുറു എന്നുവേണ്ടാ ഒരു അഷ്ടബന്ധകലശത്തിനുള്ളതൊക്കെ ഒരുക്കണം എന്നിക്കു കഴിയുകയില്ലേ ഈ ദല്ലാൽജോലി. നേരിട്ടുകണ്ടു പറഞ്ഞുതീൎക്കണം. പക്ഷേ അതിനും ഒരു ഉപദ്രവം കിടക്കുന്നു. പൂക്കാപ്പിൽ കൊച്ചുപണിക്കരുടെ ദൗത്യസ്സിനാണല്ലോ അങ്ങുന്നു ചെല്ലേണ്ടതു്. അപ്പോൾ

ളുക ക്രട്ടം. പതിനായിരം പന്തീരായിരം എന്ന നിൽക്കും.

വാസ—അയ്യോ! അതിന നാം ഇപ്പോഠം പണത്തിനെവിടെപ്പോകുന്നു! അവന രണ്ടു കൊടുപ്പിക്കണമല്ലോ. അതിന്ന് വല്ലവരേയും ഏപ്പാടുചെയ്യോ? കണക്കിന്ന് ചാകുനോക്കി പത്തെണ്ണം കൊടുത്താൽ പത്തുപതിനഞ്ചുദിവസത്തിനകം സൌഖ്യക്രടണം.

കൊച്ചു—അതു പറഞ്ഞാൽ അതിലും അത്ഭുതം. ആരോരുമില്ലാതെ വന്നുകേറുന്ന പാവങ്ങളെ അവന്മാർ വെറുതേ തല്ലും അതിന്ന് ആരും കൈക്കൂലിയും കൊടുക്കണ്ടാ. എന്നാൽ ഒന്നു തല്ലിക്കാൻചെന്നാൽ "പ്രതി വലിയ ആഠം ആണ്. ഞങ്ങഠം തൊടുകയില്ല. പരാതിയുണ്ടാകും" എന്നായി മുറുക്കം പ്രതിയുടെ കൈയിൽ നാലുകാശില്ലാ, വാദിക്കു ചക്രവും ഉണ്ടെന്നുവന്നാൽ പോലീസുകാർ പ്രതിയെ തൊടുകയേയില്ല. ചക്രം ചെന്നല്ലാതെ അവനോട് 'ഛീ പോ' എന്ന പറയുകയില്ല.

വാസ—സാക്ഷികളുടെ കാര്യമോ?

കൊച്ചു—എനിക്ക ചില പതിവു പോലീസുസാക്ഷികഠം ഉണ്ട്. അതിൽ ഒരുത്തനിപ്പോഠം സെൻട്രൽജയിലിലായിപ്പോയി. മററവൻ ഒരു ഇൻഷുവറൻസ്മാനേജിംഗ്ഡയറക്ററുമാണ്. അവന്ന് അന്തസ്സുക്രടിപ്പോയി. ശവങ്ങഠം രണ്ടുപേരും കിളിപോലെ മൊഴിപറയുമായിരുന്നു. എന്നാലും രണ്ടുമൂന്നെണ്ണത്തിനെ പെറുക്കിയെടുക്കാം. പക്ഷേ വൃക്കാപ്പിൽപണിക്കരുടെ കേസ്സാകുമ്പോഠം അവന്മാരും ന്യൂറ് മുന്നൂറ് എന്നിങ്ങനെ നിൽക്കും. ഒരുത്തന്ന് ചിട്ടിവയ്ക്കണം. മററവൻെറ ഭാര്യയ്ക്കു മുണ്ടില്ല, അതാണല്ലോ ഉപദ്രവം.

വാസു—അങ്ങനെയാണെങ്കിൽ ഞാൻ എല്ലാം ആ കള്ളനു വിട്ടൊഴിഞ്ഞുകൊടുത്തിട്ടു നടന്നേക്കാം. വസ്തുക്കൾ വില്ക്കുവാൻ ആ വയസ്സൻ ഇരിക്കുന്നകാലംവരെ നമുക്കു നിവൃത്തിയില്ല.

കൊച്ചു— ഇതാണു് വേറൊരുപദ്രവം. പക്ഷേ ജംഗമങ്ങളായി കുറേ പൊന്നും കല്ലും ഒക്കെ മൂപ്പീന്നു് സിലോണിൽനിന്നു മോഷ്ടിച്ചുകൊണ്ടുവച്ചിട്ടുണ്ടല്ലോ.

വാസു—വിചാരിക്കുന്നതുപോലൊന്നും ഇല്ല; ആട്ടെ. നോക്കാം. ചേട്ടൻ അകത്തുപോയി ഉണ്ണണം.

കൊച്ചു—എനിക്കു് ഒട്ടും നേരം ഉണ്ടായിട്ടില്ല. ഒരുപാടു് ജോലികിടക്കുന്നു. ഈയയാണ്ടിൽ കൃഷി ഒന്നും ആയിട്ടില്ല.

വാസു—അതെനിക്കറിയാം. വരണം.

(കട്ടൻ)

---

## പത്തൊൻപതാം രംഗം

(സുമതിയുടെ വസതി. പത്രാധിപർ ശശാങ്കൻനായർ പ്രവേശിക്കുന്നു)

പത്രാധിപർ—ഇന്നു മറുപടി പറയാമെന്നാണു് അവൾ പറഞ്ഞിരിക്കുന്നതു്. നോക്കിയിട്ടു് ഇവിടെങ്ങും കാണുന്നില്ലല്ലോ.

(സുമതി പ്രവേശിക്കുന്നു)

സുമതി—ഇരിക്കണം.

പത്രാ—ഇരിക്കവാൻ എനിക്ക സമയം ഇല്ല. പോലീസ് ഇൻസ്പെക്ടർ തുടരെത്തുടരെ അന്വേഷിക്കുന്നുണ്ട്. ഞാൻ ആണു് പ്രധാനസാക്ഷി. ഞാൻ എൻെറ പ്രേമസംപൂർത്തിക്ക ചെയ്യുന്ന ത്യാഗംപോലെ ആരും ചെയ്യകാണുകയില്ല. പൂക്കാപ്പിലെ കൊച്ചുപണിക്കർ പതിനായിരം പതിനയ്യായിരം എന്നൊക്കെയാണു് എൻെറ സാക്ഷിത്തെളിവിനു ലേലംകൂട്ടുന്നതു്. അതൊന്നും വേണ്ടാ, സുമതിക്കുട്ടിയുടെ ഭർത്തൃപദം മതി എന്നു വയ്ക്കുന്നമെങ്കിൽ അതു വലിയ ത്യാഗമല്ലേ; എന്തുപറയുന്നു?

സുമ—ഇന്നലെ നിങ്ങൾ പറഞ്ഞതിനെപ്പററി ഞാൻ നല്ലതുപോലെ ആലോചിച്ചു നിങ്ങൾക്കു് അല്പമെങ്കിലും ദയവെന്നോടു കാണിക്കവാൻ നിവൃത്തിയില്ലേ?

പത്രാ—പിന്നെയും കഥയില്ലായ്മയും കള്ളക്കൗശലവും കൊണ്ടു് എൻെറ സമയം നഷ്ടപ്പെടുത്താമെന്നു വിചാരിക്കണ്ടാ. ഇതാ സ്ഥിതി ഇങ്ങിനെയാണു്. വിശദമായിപ്പറയാം. നിങ്ങളുടെ കാമുകൻ പൂക്കാപ്പിൽവന്നു ഞാനും കൊച്ചുപണിക്കരുംകൂടി അവിടെ ഇരിക്കുകയായിരുന്നു. അയാൾ വന്നപാടേ പണിക്കരുടെ കഴുത്തിൽ കുത്തിപ്പിടിച്ചിട്ടു് "എടാ നീയല്ലേ എൻെറ തലയ്ക്കുവെട്ടി ഞാൻ മരിച്ചെന്നുവിചാരിച്ചു് ഇവിടെവന്നു് ആൾമാറാട്ടമായിത്താമസിക്കുന്നതു്?" എന്നു ചോദിച്ചു പണിക്കർ കുററം സമ്മതിച്ചു. ഇതാണു് നിങ്ങളുടെ കാമുകനുവേണ്ടി ഞാൻ പരമാത്ഥത്തിൽ കൊടുക്കേണ്ടതായ മൊഴി. ഈ മൊഴി തന്നെ മറിച്ചുപറഞ്ഞു് നിങ്ങളുടെ കാമുകനെ ശിക്ഷിപ്പിക്കുവാനും എനിക്ക പ്രയാസമില്ല. അങ്ങിനെ പറയുന്നതിനാണു് പതിനയ്യായിരം രൂപാ തരാ

മെന്നു പണിക്കർ പറയുന്നതു്. പക്ഷേ, ആ തുകയേക്കാഠം കൂടുതലായി നിങ്ങളുടെ പ്രണയം ഞാൻ കാംക്ഷിക്കുന്നു നമുക്കു രജിസ്റ്റർകച്ചേരിയിലേക്കു പോകാം. വിവാഹം നടത്താം. ഞാൻ നിങ്ങളുടെ കാമുകനെ രക്ഷിക്കാം.

സുമ—അങ്ങിനെ എന്നേ നിങ്ങഠംക്കു കിട്ടുകയാണെങ്കിൽ എൻെറ ആയുസ്സു നഷ്ടപ്പെട്ടുത്താമെന്നല്ലാതെ എന്തു സുഖമനുഭവിക്കുവാനാണു്?

പത്രാ—ആ വിപത്തു് ഞാൻ സ്വീകരിച്ചുകൊള്ളാം. പെണ്ണുങ്ങഠം ഇങ്ങിനെക്കെപ്പറയും. "എനിക്കയാളെ വേണ്ടാ, എനിക്കിന്നാരോടാണു് അനുരാഗംമുഴുവനും" എന്നൊക്കെപ്പറഞ്ഞിട്ടു്, രുചിക്കാത്ത ഭത്താവുമായി ജീവിതം സുഖമായിക്കഴിക്കുന്ന എത്ര അനുരാഗസമ്പന്നകളെ ഞാൻ കണ്ടിരിക്കുന്നു! അനുരാഗം, പ്രേമം, പ്രണയം എന്നൊക്കെപ്പറയുന്നതു് നല്ല ഒരു ഭത്താവിനെ കിട്ടുവാൻവേണ്ടിയുള്ള പെണ്ണുങ്ങളുടെ മിരട്ടുവിദ്യകളും, കഥകഠം എഴുതുവാനുള്ള സാഹിത്യകാരന്മാരുടെ ഇന്ദ്രജാലങ്ങളും അല്ലേ? വരൂ, ഞാൻ കാണിച്ചുതരാം, അതിൻെറ പരമാത്ഥം. നമ്മുടെ വിവാഹം കഴിഞ്ഞു പത്താംദിവസം നിങ്ങളുടെ പഴയ കാമുകൻ എന്നേക്കാണുവാൻ വരുമ്പോഠം നിങ്ങഠം അന്തജ്ജനമായി അട്ടുക്കളയിൽ കയറി ഒളിച്ചിട്ടു് "ആ വന്നിരിക്കുന്നതാരു്?" എന്നു് എന്നോടുതന്നെ ചോദിക്കും.

സുമ—അങ്ങു വിദ്യാഭ്യാസം ഉള്ളയാഠം ആണെന്നു പറയുന്നല്ലോ. സംസ്കാരം ഇത്ര മാത്രമേ സിദ്ധിച്ചിട്ടുള്ളൂ; അല്ലേ?

പത്രാ—എനിക്കു നല്ലതുപോലെ ലോകപരിചയം ഉണ്ടു്. മനസ്സിനിണങ്ങാത്തയാളുമായി വിവാഹബന്ധത്തിൽ

ഏളുപ്പെട്ടതുകൊണ്ടു് പ്രസവിക്കാതിരിക്കുന്ന ഒരൊററ സ്ത്രീയേപ്പററി ഞാൻ കേട്ടിട്ടുപോലും ഇല്ല. ഇതൊക്കെ ഇന്നത്തെ സാഹിത്യപരമായ വിദ്യാഭ്യാസവും നോവൽവായനയും വരുത്തിക്കൂട്ടുന്ന ഭ്രമങ്ങളാണു്. ദേഹത്തിൻെറ ആരോഗ്യക്കുറവും ഒരു കാരണം ആയിവന്നേയ്ക്കാം. എനിക്കു് ഇങ്ങനെ സംസാരിച്ചുകൊണ്ടു നിൽക്കുവാൻ സമയം ഇല്ല.

സുമ—(കൈക്കൂപ്പിയിട്ടു്) അങ്ങേ ഒരു സ്ത്രീ പ്രസവിച്ചതല്ലേ? എന്നെ രക്ഷിക്കണം. ഞാൻ ഈ ഉപകാരം ഒരിക്കലും മറക്കുന്നതല്ല. ഞങ്ങളുടെ സകല സ്വത്തുക്കളും എടുത്തുകൊള്ളണം. അദ്ദേഹത്തെ കേസിൽനിന്നു രക്ഷിച്ചു് ഞങ്ങളെ രണ്ടുപേരേയും പിച്ചക്കാരാക്കി വിട്ടേയ്ക്കണം. മനസ്സിനിണങ്ങിയ ഒരു പെൺകുട്ടിയെ വിവാഹം ചെയ്തു സുഖമായിത്താമസിക്കണം.

പത്രാ—എൻെറ മനസ്സിനിണങ്ങിയതു സുമതിക്കുട്ടി മാത്രമേയുള്ളൂ. ആദ്യമായി ഞാൻ നിങ്ങളുടെ വീട്ടിൽ വന്നതോക്കുന്നില്ലേ? അതു് ഈ കിഴവൻ ആശാനേ കാണുവാൻ ഒന്നും അല്ലായിരുന്നു. ജഗൽപ്രസിദ്ധമായ സൌന്ദര്യം ഉള്ള നിങ്ങളെ കാണുന്നതിനും എൻെറ പ്രണയപ്രാത്ഥന സമപ്പിക്കുന്നതിനുംമാത്രമായിരുന്നു.

സുമ—ഇതാ, അങ്ങനെ ഒരു ദുർഭാഗ്യം എനിക്കുണ്ടെങ്കിൽ, അങ്ങേ കണ്ണുകളിൽ ഞാൻ സുന്ദരിയാണെന്നു തോന്നുന്നെങ്കിൽ, അങ്ങേ മുമ്പിൽവച്ചു് ഏതെങ്കിലും അംഗത്തിനു ഭംഗംവരുത്തി ആ ഭ്രമം നശിപ്പിക്കുവാൻ ഞാൻ തയ്യാറാണു്. പറയുക എന്താണു വേണ്ടതെന്നു്.

പത്രാ—ലോകത്തോടു് അപ്രകാരം ഒരു ദ്രോഹം പ്രവത്തിക്കുന്നതിനു ഞാൻ സമ്മതിക്കുകയില്ല.

സുമ—നിങ്ങഠം എന്നെ വിവാഹം ചെയ്യുന്നതിന്റെ പിറേറദിവസം ഞാൻ നിങ്ങഠം അറിയാതെ അപ്രകാരം ചെയ്യാലോ?

പത്രാ—എനിക്ക ഒരിക്കൽ മനസ്സിനിണങ്ങിപ്പോയതല്ലേ? ആ രൂപംമാത്രമേ എനിക്ക ധ്യാനിക്കുവാൻ ശക്തിയുള്ളു.

സുമ—യാതൊരു ധമ്മചിന്തയ്ക്കും അങ്ങേ ഇതിൽനിന്ന പിന്മാററുവാൻ സാധിക്കുകയില്ലേ?

പത്രാ—എനിക്കധികം പറയുവാൻ കഴിയുകയില്ല. നിങ്ങഠംക്ക ആ മനുഷ്യനെ—നിങ്ങഠം ഹൃദയത്തിൽവച്ചു പൂജിക്കുന്നെന്നു പറയുന്ന ആ പ്രതിമയെ—രക്ഷിക്കുവാൻ കഴിവുണ്ടു്. അയാളുടെ രക്ഷയോ നിങ്ങളുടെ സുഖമോ ഏതാണു് നിങ്ങഠം നോക്കുന്നതു്? ഞാൻ പരമാത്ഥംമറച്ചു മൊഴികൊടുക്കുന്നതായാൽ അയാഠം ജീവാവസാനംവരെ ജയിലിൽ. ഞാൻ സത്യം പറയുകയാണെങ്കിൽ യഥാത്ഥ ഘാതകൻ ജയിലിൽ—മററയാഠം പൂക്കാപ്പിൽപ്പണിക്കരായി സുഖത്തിലും. ഇങ്ങനെ വരുത്തുവാൻ നിങ്ങഠംക്കല്ലാതെ വേറെ ആക്കും കഴിവില്ല. എന്തു പറയുന്നു? നിങ്ങഠം അയാളെ സ്നേഹിക്കുന്നെന്നു പറയുന്നല്ലോ. ഇപ്പഴാണു് ആ പ്രണയത്തിന്റെ ബലം കാണേണ്ടതു്. ഞാൻ താണുവീണൊന്നും അപേക്ഷിക്കുന്നില്ല. നിങ്ങഠം അല്പം എങ്കിലും ഹൃദയമുള്ള ഒരു യുവതി ആയിരുന്നെങ്കിൽ എന്നോടുവന്നു് അപേക്ഷിക്കേണ്ടതായിരുന്നു. നിങ്ങഠം നിങ്ങളുടെ കത്തവ്യം അനുഷ്ഠിക്കുന്നതിനു മടിക്കുന്ന ഓരോ നിമിഷവും നിങ്ങളുടെ കാമുകനു് ആപത്തു വദ്ധിച്ചുകൊണ്ടുതന്നെയാണിരിക്കുന്നതു്. വരണം എന്റെക്കൂടെ.

സുമ—(ആത്മഗതം) പ്രാണേശാ! അവിടുത്തെ സുഖത്തിനുവേണ്ടി ഞാൻ എന്റെ ആയുസ്സു ബലികഴിച്ചേ

യ്യാം. അവിടുന്നു സുഖമായിരിക്കട്ടെ. ഈ രാക്ഷസനെ ഞാൻ വിവാഹം ചെയ്യാം. അതേ അതുതന്നെ അനുഷ്ഠേയമായ കർത്തവ്യം. ജഗദീശാ! എന്നോടെന്താണു് ആജ്ഞാപിക്കുന്നതു്? അതേ, അതുതന്നെ ഞാൻ ചെയ്യേണ്ടതായ ധർമ്മം.

പത്രാ—നിങ്ങൾ ഇത്ര ദീർഘമായൊന്നും ആലോചിക്കുവാനില്ല. നിങ്ങൾക്കുമാത്രമേ അയാളെ രക്ഷിക്കുവാൻ കഴിവുള്ളു.

സുമ—എപ്പഴാണു് രജിസ്റ്റർകച്ചേരിയിൽ പോകേണ്ടതു്?

പത്രാ—(അത്യന്തം സന്തോഷത്തോടെ) അങ്ങനെ പറയൂ എൻെറ തങ്കം. എൻെറ ഓമന അങ്ങനെ പറയൂ. ഞാൻ പനിനീർക്കടലിൽ ആറാടിക്കുകയില്ലേ എൻെറ പ്രണയഭാജനത്തേ.

സുമ—ഒരു കാര്യം ഞാൻ നേരത്തെ പറഞ്ഞേയ്ക്കാം. നിങ്ങൾ എൻെറ ജഡത്തിൽനിന്നു ജീവൻ വേർപെടുത്തി ജഡംമാത്രമാണു് നിങ്ങളുടേതാകുന്നതു്.

പത്രാ—ഓ! അതൊക്കെ ഞാൻ നോക്കിക്കൊള്ളാം.

സുമ—എന്നെ വിവാഹം ചെയ്യേണ്ടിയില്ലായിരുന്നുവെന്നു നിങ്ങൾ പശ്ചാത്തപിക്കും.

പത്രാ—തപിക്കുകയും തപിക്കാതിരിക്കുകയും ചെയ്യേണ്ടതു് എൻെറ കടമയാണു്. എന്നാൽ ഇറങ്ങാം. ഇപ്പോൾത്തന്നെ രജിസ്റ്റർകച്ചേരിയിലേയ്ക്കു പോകാം.

സുമ—പോകാം.

(നാരായണപിള്ള പ്രവേശിക്കുന്നു)

നാരായണപിള്ള—ഞാൻ ഓടിവരികയാണു്. പോലീസുസൂപ്രണ്ടു് എൻെറ വക്കീഷാപ്പിൽ വന്നിരിക്കുന്നു. സുമതിക്കുട്ടിയെക്കണ്ടു് മൊഴി വാങ്ങിക്കുവാനാണു് അദ്ദേഹം വന്നിരിക്കുന്നതു്. വേഗം അങ്ങോട്ടുവരണം.

പത്രാ—ഞങ്ങൾക്കു വേറേ ജോലിയുണ്ടു്. അവൾക്കിപ്പോൾ വരുവാൻ സമയം ഇല്ല.

നാരാ—(കോപിച്ചു്) താൻ ആരെടോ? ആരാണു് ഈ ആൾ സുമതിക്കുട്ടി!

സുമ—പോകാം അമ്മാവാ!

പത്രാ—എവിടെ, ഇനി എൻെറ അനുവാദം ഇല്ലാതെ എവിടെ പോകുന്നു?

നാരാ—താൻ അടങ്ങിയിരിക്കുവെടോ.

(സുമതിയും നാരായണപിള്ളയും പോകുന്നു.
പത്രാധിപർ ഇളിഭ്യനായി നിൽക്കുന്നു.)

(കർട്ടൻ)

---

## ഇരുപതാം രംഗം

(പൂക്കാപ്പിൽവീടു്. വാസവനും കൊച്ചപ്പൻപിള്ളയും
പ്രവേശിക്കുന്നു)

വാസവൻ—അപ്പോൾ നാം ഇൻസ്പെക്ടർക്കും ഹേഡന്മാർക്കും കൊടുത്തതൊക്കെ വെറുതെ ആയി, ഇല്ലേ?

കൊച്ചപ്പൻപിള്ള—എന്നു പറയാറായില്ല. ചില മർമ്മങ്ങൾ ഒക്കെ പിടികിട്ടിയിട്ടുണ്ടു്.

വാസ—കേസന്വേഷണം സൂപ്രണ്ടു നടത്തുന്നു. റിക്കാർഡുകൾ ഒക്കെ അങ്ങു വിളിച്ചിരിക്കുന്നതാനും. പിന്നെ എന്തു മർമ്മങ്ങൾ? നിങ്ങൾ അക്കാര്യങ്ങൾ കേട്ടില്ലേ?

കൊച്ച—കേട്ടു. പക്ഷേ സൂപ്രണ്ടും മനുഷ്യനാണല്ലോ. എനിക്കു് അല്പപരിചയം ഇല്ലാതെയുമില്ല. ഒരു നാല

ജ്യുകേസിൽ ഞങ്ങൾ അനുകൂലിച്ചും പ്രതികൂലിച്ചും നിന്നിട്ടുള്ളവരാണു്. കൊച്ചപ്പൻപിള്ളയെ അങ്ങിനെ തട്ടിയെറിയുവാൻ അദ്ദേഹത്തിനെക്കൊണ്ടു കഴിയുകയില്ല.

വാസ—അതിനു പണം വേണമെന്നായിരിക്കാം നിങ്ങൾ ഇപ്പോൾ പറയുന്നതു്.

കൊച്ച—പിന്നെ, അയാൾ നമ്മുടെ അച്ഛനോ അമ്മാവനോ ആണോ?

വാസ—അദ്ദേഹം നാലുകാശു വാങ്ങില്ലെന്നു് എനിക്കു് അറിയാം.

കൊച്ച—അങ്ങിനെയാണു് ജനബോദ്ധ്യം. പക്ഷേ കൊച്ചപ്പൻപിള്ളയോടു് അതു് പറയുവാൻ സാധിക്കയില്ല.

വാസ—വാസ്തവവും അങ്ങിനെയാണു്. പ്രധാനസാക്ഷികൾ പത്രാധിപരും അമ്മാവരും ആണു്; അല്ലേ?

കൊച്ച—അതേ. ആദ്യം അറിവുകൊടുത്തയാൾ പത്രാധിപരാണല്ലോ. അതിനാണു് എഫൈയാറെന്നു പറയുന്നതു്.

വാസ—അവൻ ആയിരം അയ്യായിരം രൂപാക്കണക്കിലാണു് നിൽക്കുന്നതു്.

കൊച്ച—അതൊക്കെപ്പറ്റിക്കാമെന്നു്. ഞാൻ ഇതുപോലെ എത്ര കേസു നടത്തിയിരിക്കുന്നു! ചഞ്ചലപ്പെടാതിരിക്കണം.

വാസ—അമ്മാവൻെറ കാര്യമോ? അയാൾക്കു് എന്നോടു വലിയ പിണക്കമാണു്.

കൊച്ച—അതിനു ഞാൻ എന്തുചെയ്യും?

(പത്രാധിപർ പ്രവേശിക്കുന്നു)

പത്രാ—രണ്ടുപേരും കൂടിയിട്ടുണ്ടല്ലോ ഇവിടെ. എൻെറ കാര്യം ഇന്നു തീർക്കണം. കൊച്ചപ്പൻപിള്ളച്ചേട്ടൻ

കേസുനടത്തി പരിചയംഉള്ള ആൾആണല്ലോ. പണിക്കരെദ്ദേഹത്തിനു് ഈ നാട്ടിലെ കേസുകളെപ്പറ്റി പരിചയം ഇല്ല.

വാസ—അതൊക്കെ നാംതമ്മിൽ പറഞ്ഞുതീൎത്തുകൊള്ളാം. എന്നാൽ ചേട്ടൻ പോകണം. സ്റ്റേഷനിൽ ഒന്നു കേറണം. കാൎയ്യങ്ങൾ അപ്പഴപ്പോൾ അറിഞ്ഞുകൊണ്ടിരിക്കണം.

കൊച്ചു—അവിടെക്കേറിയാൽ മാത്രം ആയില്ല. തുണിനു വരെ കൈമടക്കുകൊടുക്കണം.

വാസ—എൻെറ കയ്യിൽ ഇനി പണം ഇല്ല.

കൊച്ചു—പിന്നെ ഞാൻ വല്ലടത്തുനിന്നും കടംവാങ്ങി കൊടുക്കണമായിരിക്കും?

വാസ—എന്നാൽ സ്റ്റേഷനിൽ പോകേണ്ടാ. പോയിപ്പോയി ഇത്രയും ആയി.

കൊച്ചു—ഞാനാണോ സൂപ്രണ്ടിനെ വരുത്തിയതു്?

വാസ—പോകണം പിന്നെ കാണാം.

കൊച്ചു—ഓഹോ! എൻെറ തലയിൽക്കൂടെ വണ്ടി ഓട്ടുന്നില്ല.

(കൊച്ചപ്പൻപിള്ള പോകുന്നു)

പത്രാ—ഇനി നമ്മുടെ കേസു് എടുക്കണം സൂപ്രണ്ടോ കമ്മീഷണറോ ആരുവന്നാലും തെളിവുകൊടുക്കേണ്ടതു ഞാൻ ആണല്ലോ. പൊതുപ്രതിനിധിയായ ഒരു പത്രാധിപരാണുതാനും. സാധാരണസാക്ഷിയല്ല.

വാസ—നിങ്ങൾ ചോദിക്കുന്ന തുക കുറേ കൂടുതലല്ലേ?

പത്രാ—തീരെയല്ല. തീരെയല്ലെന്നുതന്നെയല്ല, കുറഞ്ഞും പോയി.

വാസ—ആകട്ടെ. ഞാൻ അതു തരാം. പക്ഷേ ഇവിടെ വച്ചായാൽ എല്ലാവരും അറിയും. ഇവിടുത്തെ വാല്യക്കാരേ വിശ്വസിച്ചുകൂടെന്നാണു് വന്നിരിക്കുന്ന

ണ്ടു്. ആ കള്ളൻ ഈ നാട്ടിൽ കേറിയതിൽപിന്നെ എല്ലാവക്കും അവനെ ഇവിടെ ഒന്നു വാഴിച്ചാൽ കൊള്ളാമെന്നുണ്ടു്.

പത്രാ—പിന്നെ എവിടെവെച്ചു് എന്റെ ഇടപാടു് തീക്കാം?

വാസ—ഇന്നു രാത്രിയിൽ താഴെക്കുളത്തിന്റെ കരയിൽ വന്നേക്കണം.

പത്രാ—ശരി. അയ്യായിരത്തിൽ ഒരു കാശു കുറയ്ക്കരുതു്. അതിനുള്ള ചിലവുകൾ ഒക്കെ ഞാൻ കണ്ടുപോയി.

വാസ—നോക്കാം!

പത്രാ—സലാം.

(കർട്ടൻ)

---

## ഇരുപത്തൊന്നാം രംഗം

---

(പൂക്കാട്ടിൽവീടു്. കേശവപ്പണിക്കർ ചാവട്ടയിൽ ചാരി ഇരിക്കുന്നു വാസവൻ ഒരു കപ്പുമായി നിൽക്കുന്നു)

കേശവപ്പണിക്കർ—എടാ കുഞ്ഞേ! ഞാൻ ഇതു കുടിക്കുക യില്ല. നീ എന്നെ കൊല്ലാനാണു്. നിന്റെ അമ്മ എനിക്കു വിഷംതന്നു, ഞാൻ രക്ഷപെട്ടു. അവ ളുടെ വാസനയാണു് നീ കാണിക്കുന്നതു്.

വാസ—ഇതു് സുഖക്കേടിനുള്ള ഒരു മരുന്നാണു്.

കേശ—എടാ നീ നിന്റെ അച്ഛനെ കൊല്ലുകയാണു്.

വാസ—ഭ്രാന്തുപറയാതെ കുടിക്കുവെടോ.

കേശ—അയ്യോ എനിക്കു കുട്ടപ്പനെ കാണണം.

വാസ—തൻെറ മററവനെ കാണണം! ചങ്കിടിച്ച വെള്ള മാക്കിക്കളയും. കടിക്കൂ ഈ മരുന്നു്.

കേശ—അയ്യോ! ദൈവമേ! ഇതു് ആരും കേൾക്കാനില്ലാ തായോ? ഇവൻ എന്നെ വിഷംതന്നു കൊല്ലുന്നേ.

വാസ—(പണിക്കരുടെ കഴുത്തിൽ പിടിച്ചു് വാ പിള ത്തുന്നു)

(പോലീസ്സൂപ്രണ്ട പ്രവേശിക്കുന്നു)

സൂപ്ര—ദാഹിക്കുന്നതിനു വല്ലതും ആണെങ്കിൽ എനിക്കു കൂടി തരണമേ കൊച്ചുങ്ങുന്നേ!

(വാസവൻ പിന്മാറുന്നു. സൂപ്രണ്ടു് വിഷത്തോടുകൂടി അയാളെ പിടിക്കുന്നു)

കേശ—ഈശ്വരാ! അയ്യോ എൻെറ കഴുത്തു് ഇവൻ ഒടിച്ചുകളഞ്ഞു.

സൂപ്ര—മകൻ അല്ലേ? സിലോണിൽവച്ചുണ്ടായ ബന്ധ ത്തിലുള്ള മകൻ. അവൻതന്ന വെള്ളം കുടിക്കാമാ യിരുന്നല്ലോ. (വാസവനോടു്) പത്രാധിപരേ കുള ത്തിൻെറ കരയിൽവച്ചു കാച്ചിമറിച്ചു; ഇല്ലേ? എ ന്നിട്ടു് ആ മുറിവോടുകൂടി ശവം കുളത്തിൽ ഇട്ടതെന്തു മറയത്തരം! കൊലപാതകത്തിൽ വലിയ പരീക്ഷ യൊന്നും ജയിച്ചിട്ടില്ല അല്ലേ? (കേശവപ്പണിക്ക രോടു്) കുട്ടപ്പനെ കാണണം. ഇല്ലേ? എ! പൂക്കാ പ്പിലെ കൊച്ചുപണിക്കരങ്ങുന്നേ! ഇങ്ങുകേറിവരണം. ഞങ്ങളൊക്കെ നേരാംവണ്ണം ഒന്നു കണ്ടുകൊള്ളട്ടെ.

(സുകുമാരൻ പ്രവേശിക്കുന്നു)

കേശ—കുട്ടപ്പാ! നീ എൻെറ അവസാനകാലത്തു വന്നെ ത്തി. (ആലിംഗനംചെയ്യുന്നു. രണ്ടുപേരും കരയുന്നു)

സൂപ്ര—(വാസവനോടു്) അവർ പൂക്കാപ്പിൽ കുടുംബക്കാർ കരയട്ടെ, നിലവിളിക്കട്ടെ. നാം രണ്ടും പോലീസ്

സ്റ്റേഷൻകുടുംബക്കാർ. നമുക്കു ചിരിച്ചുകളിച്ചു ഉത്സാഹമായിപ്പോകാം, നമ്മുടെ തറവാട്ടിലേക്കു്.

(തിരിഞ്ഞുനിന്നു്)

ഇദ്ദേഹത്തിനു താമസിക്കുവാൻ ഒരു കെട്ടിടം ശട്ടം കെട്ടി കൊടുത്തിട്ടു ഞാൻ വരുന്നു. ഇതിലെ ഒരു പ്രധാനസാക്ഷി ഇങ്ങു വന്നെത്തിയില്ല. വലിയപണിക്കരദ്ദേഹവും പത്രാധിപരും ആയിരിക്കണം ആൾമാറാട്ടത്തേപ്പററി നല്ലതുപോലെ അറിയാവുന്നവർ എന്നു് അറിഞ്ഞ ഉടൻതന്നെ അവരോടു് ഇവൻ എങ്ങിനെ പെരുമാറുന്നുവെന്നു് ഞാൻ സൂക്ഷിച്ചുനടന്നിരുന്നു. അതുകൊണ്ടാണു് കേസു് മാറി ഒന്നു് അന്വേഷിക്കേണ്ടിവന്നതു്. പത്രാധിപരും സുമതിയുമായുള്ള സംഭാഷണം കേട്ടതു വലിയ സഹായമായിത്തീരും.

(സൂപ്രണ്ടു വാസവനേയുംകൊണ്ടു പോകുന്നു)

**കേശ**—കുഞ്ഞേ! നീ എങ്ങിനെ വന്നുചേർന്നു! അയ്യോ! തങ്കക്കുടം!

(സുകുമാരൻ അമ്മാവൻെറ കാൽക്കൽവീഴുന്നു)

(കർട്ടൻ)

---

## ഇരുപത്തിരണ്ടാം രംഗം

(സുമതിയുടെ വസതി. സുമതി പ്രവേശിക്കുന്നു)

**സുമതി**—(ആത്മഗതം) അച്ഛനും നാരായണപിള്ളഅമ്മാവനും ഇപ്പോൾ വരാമെന്നുപറഞ്ഞുപോയിട്ടു കണ്ടില്ലല്ലോ. സൂപ്രണ്ടദ്ദേഹത്തിൻെറ കാറിലാണു പോയതു്.

അദ്ദേഹം വലിയ ഒരാൾതന്നെ. എത്ര കണിശമായി കേസ് അന്വേഷണം നടത്തി കുററക്കാരനെ കണ്ടു പിടിച്ചിരിക്കുന്നു! അയ്യോ! നാരായണപിള്ളഅമ്മാവനോടുള്ള ഞങ്ങളുടെ കടപ്പാട് എങ്ങിനെ തീക്കും! അദ്ദേഹം ഇല്ലായിരുന്നെങ്കിൽ ആ ഇൻസ്പെക്ടർ തീച്ചയായും കള്ളക്കേസുണ്ടാക്കുമായിരുന്നു സുബ്രണ്ട ദ്ദേഹത്തിനെ അമ്മാവനാണു വിവരം അറിയിച്ചതു്. (ദൂരെനോക്കി ആനന്ദലജ്ജാപാരവശ്യത്തോടെ) ഇതാ വരുന്നു, പൂക്കാപ്പിലെ പുതിയ യുവപ്രഭു. രണ്ടാമത്തേതല്ല മൂന്നാമത്തെജന്മം എടുത്തുവരികയാണു്. എന്നെ തീരെ വിശ്വസിക്കാതിരുന്ന ആൾഅല്ലേ? ഞാനും ഒരു വേഷം എടുക്കാം.

(സുകുമാരൻ പ്രവേശിക്കുന്നു)

സുകുമാരൻ—(സുമതിയുടെ കരങ്ങൾ ഗ്രഹിക്കുന്നതിനു മുതിന്നു്) സുമതീ! എന്റെ കൊച്ചുസുമതിക്കുട്ടീ! എന്നോടു ക്ഷമിക്കണം. ദൂരെയിരുന്നപ്പോഴും അടുത്തു വന്നപ്പോഴും ഞാൻ എന്റെ ഓമനയെ ദുഃഖിപ്പിച്ചു.

സുമ—(ദൂരെമാറി) നിങ്ങൾ ആരാണു്? എന്റെ പേർ നിങ്ങൾക്കെങ്ങിനെ മനസ്സിലായി? അച്ഛൻ ഇവിടെ ഇല്ല.

സുകു—(ചിരിച്ചുകൊണ്ടു്) അതേ, വേണ്ടതുപോലെ ആക്ഷേപിച്ചുകൊള്ളു.

സുമ—അന്യന്മാർ ആരാണെന്നു ചോദിക്കുന്നതു് ആക്ഷേപമോ?

സുകു—അതേ, അന്യസ്ത്രീകളെക്കാണുമ്പോൾ (സുമതിയുടെ കൈക്കുപിടിച്ചു്) ഞാൻ ഇങ്ങനെ ചില സ്വാതന്ത്ര്യങ്ങൾ എടുക്കാറുണ്ടു്.

സുമ—മയ്യാദ മറക്കരുതു്. നിങ്ങളുടെ സ്വഭാവത്തെപ്പററി എന്നിൽ സംശയം ഉദിപ്പിക്കരുതു്.

സുക—(സുമതിയുടെ തോളിൽ കയ്യിട്ടു്) എങ്കിലും എത്ര വിഡ്ഢിയാണു സുമതി! എന്നെ രക്ഷിക്കുവാൻ ആ പത്രാധിപരുടെകൂടെ രജിസ്റ്റർകച്ചേരിയിലേക്കു പോകാമെന്നു സമ്മതിച്ചല്ലോ.

സമ—പാവം അയാൾ മരിച്ചതിൽ എനിക്കു വ്യസനം ഉണ്ടു്.

സുക—ആശാന്റെ കാവ്യം തീയിലിട്ടു ചുട്ട രാക്ഷസനല്ലേ? ആകട്ടെ (ഗൗരവമായി) ആ നഷ്ടം എങ്ങിനെ തീക്കും?

സുമ—അച്ഛന്റെ കയ്യിലിരിക്കുന്ന അസൽ വെട്ടതിരുത്തു മാററി ഞാൻ രണ്ടാമതൊരു പകപ്പെഴുതിത്തീക്കും.

സുക—(സന്തോഷത്തോടെ) അപ്പോൾ അസൽ അദ്ദേഹം വച്ചിരുന്നു; ഇല്ലേ?

സുമ—നമ്മേപ്പോലെ സാഹസം കാണിക്കുന്നവരല്ല പ്രായം ചെന്നവർ.

സുക—അതു പത്തുപതിനാറുവയസ്സിലെ കഥയല്ലേ? കൊച്ചപ്പൻപിള്ള എന്നേത്തിരക്കി ഓടിനടക്കുകയാണെന്നുകേട്ടു. അയാളുടെ മകൾക്കു് ഒരു വിചിത്രകാമുകൻ ഉണ്ടത്രേ.

സുമ—അതേ. ഒരു സംസ്കൃതക്കാരൻ വാദ്ധ്യാർ.

സുക—അയാൾ ഈയിടെ ലോകബന്ധം ഉപേക്ഷിച്ചു സന്യസിച്ചുപോലും! പൂക്കാട്ടിലെ കള്ളൻ ഭാഗ്യവിക്കുട്ടിയെ വിവാഹംചെയ്യുമെന്നു് ആശിച്ചു് പാവത്തിനെ കൊച്ചപ്പൻപിള്ള വെളിയിൽത്തള്ളി. ഇപ്പോൾ അയാൾ മതിയെന്നാണു പറയുന്നതു്.

സുമ—എന്നാൽ അവിടുന്നു് അതു സാധിച്ചുകൊടുക്കണം.

(കൊച്ചപ്പൻപിള്ള പ്രവേശിക്കുന്നു)

കൊച്ചപ്പൻപിള്ള—(താണു തൊഴുതു്) അങ്ങേത്തേക്കാണുവാൻ ഞാൻ പലസ്ഥലത്തുംപോയി. എനിക്കു് അക്കാര്യം സാധിച്ചതന്നേ മതിയാവൂ. ഗോപാലൻ

നായരെ ഞാൻ ഇവിടെവച്ചു കണ്ടു. എന്നെ അറിയുന്ന ഭാവമേ കാണിച്ചില്ല. കൊച്ചുപണിക്കരദ്ദേഹം ഇവിടെയുണ്ടെന്നും അദ്ദേഹം അയാളെ അന്വേഷിക്കുന്നെന്നും ഞാൻ ഒരാൾ മുഖാന്തിരം പറയിച്ചിട്ടുണ്ടു്. ഇപ്പോൾ ഇങ്ങോട്ടുവന്നേക്കും. ഏതായാലും പെണ്ണിന്റെപേർ അയാൾ നാററി. ഉള്ള വള്ളപ്പാട്ടും തുള്ളപ്പാട്ടുമൊക്കെ എഴുതി അക്കാര്യങ്ങൾ എല്ലാം ലോകം മുഴുവൻ പരത്തി. ഇനി അയാൾ സംബന്ധം ചെയ്തില്ലെങ്കിൽ പെണ്ണു് ഇരുന്നുപോകും. അങ്ങുന്നു രക്ഷിക്കണം.

(സന്യാസിവേഷത്തിൽ ഗോപാലൻനായർ പ്രവേശിക്കുന്നു)

ഗോപാലൻനായർ—ഹരേ! വിശ്വംഭര! ലോകം എത്ര തുച്ഛം! സകലതും മായ. എല്ലാം നിരർത്ഥം. (സുകുമാരനെ നോക്കി) നിഷ്കളങ്കബുദ്ധിയായ അങ്ങു് സർവ്വദാ വിജയിക്കട്ടെ! അങ്ങു് തരണംചെയ്ത ദുർഘടമാർഗ്ഗങ്ങളെപ്പററി ഈ സാധു ശ്രവിച്ചു. ഇതിഹാസങ്ങൾപോലും ഇത്ര ഹൃദയസ്പൃക്കായ ഒരു ജീവചരിത്രം രേഖപ്പെടുത്തുന്നില്ല. അങ്ങേ സവിധത്തിൽ സ്ഥിതിചെയ്യുന്ന ലക്ഷ്മീദേവി പതിവ്രതാരത്നമാണു്. ആ ദേവിയുടെ ഹൃദയാർപ്പണം അങ്ങേ പരമധന്യനാക്കി.

സുകു—ഗോപാലൻനായരേ!

ഗോപാ—അതു് അസ്ഥിരമായ മായാവിഭ്രമത്തിൽ വലഞ്ഞിരുന്ന ഘട്ടത്തിൽ ആരോ എന്നെ ധരിപ്പിച്ച ഒരു നാമമാണു്. ഞാൻ അതിനുത്തരവാദിയല്ല. ഇപ്പോൾ എന്റെ പേർ പ്രേമാനന്ദൻ എന്നാണു്. അങ്ങനെ മാററണമെന്നു് ഇൻസ്പെക്ടർമേധാവിയേയും ഗ്രഹിപ്പിച്ചിട്ടുണ്ടു്.

സുക—കൊള്ളാം. പ്രേമാനന്ദൻ എന്ന പേർ വളരെ യോജിക്കുന്നു. ഈ നില്ക്കുന്ന കൊച്ചപ്പൻപിള്ളച്ചേട്ടനെ അറിയുമോ?

ഗോപാ—അറിയണമെന്നാഗ്രഹിക്കുന്നില്ല. അറിഞ്ഞിരുന്നെന്നു തോന്നുന്നുമില്ല.

സുക—അദ്ദേഹത്തിൻെറ മകൾ ഭാഗ്യവിക്കുട്ടിയെ അറിയുമല്ലോ.

ഗോപാ—ക്ഷണികസുഖാനുഭവങ്ങൾക്കു ഈ സാധു വശഗനായിരുന്ന ആ ഭൂതകാലാന്ധകാരത്തിൽ അപ്രകാരം ഒരു പ്രേതം അസ്പഷ്ടരൂപിണിയായി കടന്നുപോയി എന്നു് ഓക്കുന്നുണ്ടു്.

കൊച്ച—എടോ! പ്രേതം എന്നും ഭൂതം എന്നും ഒന്നും എൻെറ കുഞ്ഞിനെ താൻ വിളിക്കണ്ടാ. എനിക്കു ഒരു ആവശ്യം വന്നുപോയെന്നു വിചാരിച്ചു് തലയിൽ ക്കേറണ്ടാ.

ഗോപാ—അതാ! ലോകകാര്യനിമഗ്നൻെറ അക്ഷമ പ്രത്യക്ഷപ്പെടുന്നു.

സുക—ചേട്ടൻ വെറുതെ ഇരിക്കണം. ഞാൻ ഗോപാലൻ നായരോടു ചോദിക്കട്ടെ നിങ്ങൾ ആ കുട്ടിയെ വിവാഹം ചെയ്യണം.

ഗോപാ—വിവാഹം എന്ന പദം എനിക്കു ശ്രവിച്ചുകൂടാ. സത്യലോകത്തിൽനിന്നു പാതാളത്തിലേയ്ക്കു വേഗം പോകുവാനുള്ള മാൎഗ്ഗംമാത്രമാണതു്.

സുക—ഞാൻ നിർബന്ധിച്ചാൽ അങ്ങനെ ചെയ്തുകൂടേ?

ഗോപാ—സത്തുക്കളുടെ അഭീഷ്ടങ്ങൾ സാധിക്കുകയാണു് സാധുക്കളുടെ ധൎമ്മം.

സുമ—ശരി അദ്ദേഹം സമ്മതിച്ചു. അങ്ങനെ ചെയ്യണം കേട്ടോ.

ഗോപാ—ദേവീ! അവിടുത്തെ ആജ്ഞ ശിരസാ വഹിക്കുന്നു.

(കേശവപ്പണിക്കരും ആശാനും സൂപ്രണ്ടും
നാരായണപിള്ളയുംകൂടി പ്രവേശിക്കുന്നു)

സൂപ്രണ്ട്—വധൂഗൃഹത്തിലാണല്ലോ വിവാഹത്തിനു വന്നു ചേരേണ്ടതു്. അമ്മാവാ! ആ കമ്മം ഒന്നു നടക്കട്ടെ. എന്റെ സ്നേഹിതൻ സ്റ്റേഷനിൽ പാക്കും പൂക്കാപ്പിൽ കൊച്ചുപണിക്കരെദ്ദേഹം ഇതറിയുവാൻ ഉൽക്കണ്ഠയോടെയിരിക്കുകയാണു്. ഞാൻ താമസിച്ചാൽ അദ്ദേഹം എന്നെ ദ്വേഷ്യപ്പെട്ടും.

കേശവപ്പണിക്കർ—(സുകുമാരന്റേയും സുമതിയുടേയും കരങ്ങൾ ഒന്നുചേത്തു) കുഞ്ഞുങ്ങളേ! നിങ്ങളെ ജഗദീശ്വരൻ അനുഗ്രഹിക്കട്ടെ!

ആശാൻ—കുട്ടികളേ! നിങ്ങൾ പരിപാവനമായ ദാമ്പത്യജീവിതത്തിനു മാതൃകകളായിത്തീരട്ടേ!

നാരായണപിള്ള—എനിക്കുണ്ടാകുന്ന ആനന്ദം എവിടെക്കൊണ്ടൊതുക്കേണ്ടു?

സുകു—അവിടുന്നു് എന്നും എന്റെ യജമാനനായിരിക്കും.

സുമ—അമ്മാവാ! സുമതി അവിട്ടത്തെ കൊച്ചനന്തരവളാണു്.

കേശ—(സൂപ്രണ്ടിനെ ചൂണ്ടി) ഇദ്ദേഹത്തിനു് അചിരേണ ഒരു വലിയ ഉദ്യോഗക്കയററം പൊന്നുതിരുമേനി നൽകുമാറാകട്ടേ!

(സൂപ്രണ്ടു ശിരസ്സു നമിക്കുന്നു)

സുകു—നമ്മേ വാത്സല്യപുരസ്സരം കാത്തുരക്ഷിക്കുന്ന ശ്രീചിത്തിരതിരുനാൾ മഹാരാജാവുതിരുമനസ്സുകൊണ്ടു സവോൽക്കഷേണ വത്തിക്കുമാറാകട്ടേ!

ശുഭം.

# രാമതീർത്ഥസാഹിത്യങ്ങൾ

| | രൂ. | ണ. |
|---|---|---|
| സ്വാമി രാമതീർത്ഥൻ—ഒരു ലഘുജീവചരിത്രം | 0 | 12 |
| സ്വാമി രാമതീർത്ഥൻ—വിവിധവീക്ഷണങ്ങളിൽ | 1 | 4 |
| **രാമതീർത്ഥപ്രതിധ്വനികൾ** (സ്വാമിയുടെ പ്രസംഗങ്ങൾ) | | |
| ഒന്നാം തരംഗം—മാതൃഭൂമി ഭാരതം | 1 | 8 |
| രണ്ടാം തരംഗം—ധ്രുവനക്ഷത്രം അകത്ത് | 1 | 8 |
| മൂന്നാം തരംഗം—ഓജസ്സിന്റെ ഉറവസ്ഥാനം | 1 | 8 |
| നാലാം തരംഗം—സക്ഷാത്ക്കാരസഹായങ്ങൾ | 1 | 8 |
| അഞ്ചാംതരംഗം—പ്രപഞ്ചസമഷ്ടിബോധം | 1 | 8 |

## രാമതീർത്ഥപ്രതിധ്വനികൾ

വേദാന്തം ഒരു യാഥാർത്ഥ്യമായി അവതരിപ്പിച്ച് അതിനെ ജീവിതത്തിൽ പ്രായോഗികമാക്കിക്കാണിക്കുന്ന ഉജ്ജ്വലപ്രസംഗങ്ങളുടെ മലയാളവിവർത്തനം.
ഒന്നാംതരംഗം വില 1 രൂ: 8 ണ:

## അദ്ധ്യാത്മചിന്താമണി

ശ്രീരാമകൃഷ്ണപരമഹംസരുടെ ശിഷ്യാഗ്രഗണ്യനും, പാശ്ചാത്യഖണ്ഡങ്ങളിൽപോലും ഹിന്ദുമതവൈശിഷ്ട്യകാഹളം മുഴക്കി വിജയശ്രീലാളിതനുമായ വിവേകാനന്ദസ്വാമികളുടെ ഉപന്യാസപരമ്പരകളുടെ മലയാളപരിഭാഷ.
വില 1 രൂ: 8 ണ:

## ഹഠയോഗപ്രദീപിക

ആകാശഗമനം, പരകായപ്രവേശനം, വശീകരണം മുതലായി ഒരു ഹഠയോഗിക്ക് അശക്യമായി യാതൊന്നുംതന്നെയില്ലെന്നും ജീവാത്മാവിനെ പരമാത്മാവിൽ ലയിപ്പിക്കുകയാണ് ഹഠയോഗത്തിന്റെ പരിസമാപ്തിയെന്നും ഈ ഗ്രന്ഥത്തിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്.
വില അണ 12.

മാനേജർ,

**ശ്രീരാമവിലാസം പ്രസ്സ് & ബുക്കുഡിപ്പോ, കൊല്ലം.**

ബ്രാഞ്ചുകൾ: തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം.

BRANCH LIBRARY
1077

# ഗീതാപ്രവചനം

പ്രവാചകൻ:-

## ആചാര്യ വിനോബാഭാവെ

ശ്രീമദ് ഭഗവദ്ഗീതയെ ആസ്പദമാക്കി ആചാര്യ വിനോബാജി ചെയ്തിട്ടുള്ള പ്രസംഗങ്ങളാണ് ഈ മഹാഗ്രന്ഥം. വിനോബാജി ആരെന്ന് അറിയിക്കേണ്ടതില്ല. മഹാത്മാഗാന്ധി അദ്ദേഹത്തിന്റെ വിശ്വവിശ്രുതമായ സത്യഗ്രഹസമരപ്രസ്ഥാനത്തിലെ ആദ്യത്തെ സത്യഗ്രഹിയായി അവതരിപ്പിച്ച മഹാത്മാവാണ് വിനോബാജി എന്നറിവുള്ള ഭാരതീയർ അദ്ദേഹത്തിന്റെ മഹത്വം അറിഞ്ഞിട്ടുണ്ട്. തന്റെ ജയിൽജീവിതത്തിലെ പതിനെട്ട് ദിവസങ്ങളിലായി വിനോബാജി ഭഗവദ്ഗീതയിലെ പതിനെട്ട് അദ്ധ്യായങ്ങളിലെ തത്ത്വസംഹിതകളെ പ്രസംഗരൂപേണ വ്യാഖ്യാനിക്കുകയും, വിമർശിക്കുകയും, സാരസംഗ്രഹം പ്രകാശിപ്പിക്കുകയും ചെയ്യുന്നു. ഗീതയെപ്പററി അറിയാനാഗ്രഹമുള്ളവർ ഗീതാപ്രവചനം വായിക്കുക എന്നുമാത്രമേ ഞങ്ങൾക്കു പറയാനുള്ളു.

വില രൂ: 2. ണ: 8.

മാനേജർ,

ശ്രീരാമവിലാസംപ്രസ്സ് & ബുക്കുഡിപ്പോ, കൊല്ലം.

ബ്രാഞ്ചുകൾ:— തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം.

10214